മാർച്ച് 2019

Price ₹ 25

# ജീവനും വെളിച്ചവും




സ്വന്തം കുരിശുമെടുത്ത്
യേശുവിന്റെ പിന്നാലെ പോകുവാനുള്ള
ഒരുക്കമാണ് തപസ്



ഫാത്തിമ മാതാ ഇടവക, കഴക്കൂട്ടം
വിശുദ്ധ ഔസേപ്പിതാവിന്റെ
തിരുനാൾ
മഹോത്സവം
2019 മാർച്ച് 13 ബുധൻ മുതൽ മാർച്ച് 19 ചൊവ്വാഴ്ച വരെ
19– 3 –2019 ചൊവ്വ
രാവിലെ 10 മണിക്ക്
ആഘോഷമായ
തിരുനാൾ സമൂഹ ദിവ്യബലി
തുടർന്ന്
സ്നേഹവിരുന്ന്
ഏവർക്കും സ്വാഗതം

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2019 മാർച്ച്
പുസ്തകം - 43 ലക്കം - 3
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ടോണി ഹാംലെറ്റ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ
**കവർ രൂപകല്പന**
സതീഷ് ജോർജ്ജ്


# ട്രസ്റ്റിൽ നിന്ന് ട്രൈബ്യൂണലിലേക്കുള്ള മാറ്റം ആസൂത്രിതം

ലിഖിതമായ നിയമങ്ങൾക്ക് വിധേയമായി ഇടവകതലം വരെ സാമ്പത്തിക ഇടപാടുകൾ, ഇന്റേണൽ ആഡിറ്റ്, തർക്കപരിഹാരം എന്നിവയ്ക്ക് ജനപങ്കാളിത്ത സംവിധാനങ്ങൾ നിലനിൽക്കവേ, പള്ളികളുടെയും, സഭാ വിഭാഗങ്ങളുടെയും വസ്തുവകകൾ, സമ്പത്ത് എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് 'ദ കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബില്ല്' പൊതുജനാഭിപ്രായത്തിനായി കേരള നിയമ പരിഷ്കരണ സമിതി പ്രസിദ്ധപ്പെടുത്തിയിരിക്കുകയാണ്. കേരള സർക്കാർ 2007 ൽ രൂപീകരിച്ച നിയമപരിഷ്കരണ കമ്മിഷൻ മുന്നോട്ടുവച്ച ട്രസ്റ്റ് ബില്ലിന്റെ ഭേദഗതി ചെയ്ത പതിപ്പാണ് 2019 ഫെബ്രുവരി മാസം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

കേരള ക്രൈസ്തവ സഭകളുടെ വസ്തുവകകളേയും സ്ഥാപനങ്ങളേയും സംബന്ധിച്ച 2017 ലെ ട്രസ്റ്റ് ബില്ല് ഭരണഘടനയുടെ 26-ാം അനുഛേദം നൽകുന്ന അധികാരമുപയോഗിച്ചാണ് പുറപ്പെടുവിക്കുന്നതെന്ന് പറയുമ്പോഴും രാജ്യത്ത് മതവിഭാഗങ്ങൾക്ക് വസ്തുവകകൾ വാങ്ങാനും സ്വന്തമാക്കാനും മാത്രമല്ല, അവ നടത്തിക്കൊണ്ടുപോകാനുമുള്ള അവകാശംകൂടി ഈ ഭരണഘടന ഉറപ്പുനൽകുന്നുണ്ട്. ഭരണഘടന നൽകുന്ന ഈ അവകാശത്തിന്റെ അന്തസത്തയ്ക്ക് നിരക്കാത്ത രീതിയിൽ ട്രസ്റ്റുകൾ രൂപീകരിച്ച് സഭയുടെ പ്രവർത്തനങ്ങളെ അസ്ഥിരപ്പെടുത്താനുള്ള നിഗൂഢ നീക്കമാണിതിന്റെ പിന്നിലെന്ന് വ്യക്തമാക്കിയതിന്റെ വെളിച്ചത്തിൽ 2017-ലെ നടപടികൾ നിർത്തിവച്ചു. എന്നാൽ 2019 ൽ വീണ്ടും ചർച്ച് ട്രൈബ്യൂണൽ എന്ന പേരിൽ നിർദ്ദേശിച്ചിരിക്കുന്ന ബില്ലിലെ പരാമർശങ്ങൾ അപകടകരമാണ്. നൂറ്റാണ്ടുകളായി പൊതുസമൂഹത്തിന്റെ ഉന്നമനത്തിനും സാമൂഹ്യ പുരോഗതിക്കും വേണ്ടി പ്രവർത്തിച്ചുവരുന്ന ക്രൈസ്തവസഭകളുടെ വിദ്യാഭ്യാസ-ആതുരശുശ്രൂഷ, സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് കൂച്ചുവിലങ്ങിടാനുള്ള ആസൂത്രിത നീക്കമായേ ഇതിനെ കാണാനാകൂ. ചർച്ച് ട്രൈബ്യൂണൽ എന്ന ഓമനപ്പേരിൽ മുന്നോട്ടുവച്ചിരിക്കുന്ന ബില്ലിന്റെ ദുരുദ്ദേശ്യം മനസ്സിലാക്കാൻ 10 സെക്ഷനുകളുള്ള നിർദ്ദേശങ്ങളുടെ ഉള്ളടക്കം പരിശോധിച്ചാൽ മാത്രം മതിയാകും. രാജ്യം ഒരു പൊതു തെരഞ്ഞെടുപ്പിനെ നേരിടുന്ന സന്ദർഭത്തിൽ അതിവേഗം തട്ടിക്കൂട്ടാൻ ശ്രമിക്കുന്ന സാമ്പത്തിക സംവരണം, കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്, തീരദേശപരിപാലന നിയമം, ചർച്ച് ബിൽ എന്നിവ വലിയ ആശങ്കകൾക്കും; ഛിദ്രശക്തികളുടെ നുഴഞ്ഞുകയറ്റത്തിനും മാത്രമേ സഹായിക്കൂ.

സഭാ സംവിധാനങ്ങൾക്കുള്ളിൽത്തന്നെ പ്രശ്നപരിഹാരമാർഗങ്ങളുണ്ട്. അതോടൊപ്പം രാജ്യത്ത് നിലവിലുള്ള നിയമവ്യവസ്ഥയിൽ പ്രശ്നപരിഹാരം തേടാനും അവസരമുണ്ട്. ആയതിനാൽ ഈ ബില്ല് പിൻവലിക്കാൻ നിയമ പരിഷ്കരണ കമ്മിഷൻ തയ്യാറാകണം.

\- പത്രാധിപർ




## ലത്തീൻ കത്തോലിക്കർക്ക് അവഗണനയോ

പരിശുദ്ധ പിതാവിന്റെ യുഎഇ സന്ദർശനം ആ രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ സംഭവമാണ്. ലോകത്തിലെ ഏറ്റവും ചെറിയ രാജ്യത്തിന്റെ ഭരണാധികാരി എന്നതിനേക്കാളും ലോകത്തിലെ ഏറ്റവും വലിയ മതമേലധ്യക്ഷനെ സ്വീകരിക്കാൻ ആദ്യമായി ഒരു ഇസ്ലാമിക രാജ്യത്തിന്റെ എല്ലാ ഭരണയന്ത്രങ്ങളും അക്ഷീണം യത്നിച്ചു. പരിശുദ്ധ പിതാവിന്റെ ആദ്യ ഗൾഫ് സന്ദർശനം ഒരു വൻ വിജയമാക്കി.

പരിശുദ്ധ പിതാവിന്റെ ദിവ്യബലിയിൽ പങ്കെടുക്കാൻ എത്തിയതിൽ ഭൂരിഭാഗവും മലയാളികൾ ആണ്. സഹകാർമ്മികരായി ഒപ്പം കൂടിയവരിൽ കേരളത്തിൽ 12 രൂപതകളുള്ള ലത്തീൻ സഭയുടെ പ്രതിനിധികൾ എന്ന നിലയിൽ കേരളത്തിൽ നിന്നുമുള്ള ലത്തീൻ സഭാമേധാവികളുടെ അസാന്നിധ്യം ഏറെ ശ്രദ്ധേയമായി. വത്തിക്കാൻ പോലും ലത്തീൻ കത്തോലിക്കാവിഭാഗത്തെ അവഗണിക്കുകയാണോ?

- നോയൽ പാട്രിക്
ശ്രീകാര്യം

## സംവരണം നോക്കിയിരുന്നാൽ ലത്തീൻ സമുദായം വളരുകയില്ല

ഫെബ്രുവരി ലക്കത്തിൽ പത്രാധിപരുടെ മുഖവിചാരം വായിച്ചു. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടി ഏഴ് പതിറ്റാണ്ടുകഴിഞ്ഞിട്ടും ഭരണഘടനാ ശില്പികൾ വിഭാവനം ചെയ്ത സാമൂഹ്യ നീതിയെന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നൂറ്റാണ്ടുകൾ കഴിഞ്ഞാലും അതൊരു സ്വപ്നമായി തന്നെ അവശേഷിക്കാനാണ് സാധ്യത. സംവരണം കൊണ്ടുള്ള ഗുണഗണങ്ങൾ പിന്നോക്ക സമുദായങ്ങൾ ഏറെയൊക്കെ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

മുന്നോക്ക-പിന്നോക്ക വ്യത്യാസമില്ലാതെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അർഹതപ്പെട്ടവർക്കെല്ലാം സംവരണം നൽകുകയാണ് വേണ്ടത്. പൊതുതിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഉയർന്ന ജാതിയുടെ വോട്ട് നേടാനുള്ള തന്ത്രമാണ് നരേന്ദ്രമോദി കാണിച്ചത്.

അട്ടപ്പാടിയിലെ ആദിവാസികൾക്ക് കോടികളാണ് സർക്കാർ ചിലവഴിക്കുന്നത്. എന്നിട്ടുമെന്തേ അവർ ദുരിതക്കൂമ്പാരത്തിൽ കഴിയുന്നുവെന്നത് ഗൗരവമായി പഠനവിഷയമാക്കേണ്ടതാണ്. പണവും പാരിതോഷികങ്ങളും സൗജന്യങ്ങളും ആനുകൂല്യങ്ങളും വാരി വിതറി വോട്ടു നേടാൻ കഴിഞ്ഞേക്കും. എന്നാൽ അതുവഴി ഒരു സമുദായത്തെയും ആത്യന്തികമായി ഉയർത്താനോ വളർത്താനോ കഴിയുകയില്ല. സ്വന്തം കാലിൽ ആത്മാഭിമാനത്തോടെ നിൽക്കാനും സ്വയം പര്യാപ്ത കൈവരിക്കുന്ന തലങ്ങളിലേക്ക് ക്രിയാത്മകമായി അവരെ വളർത്തുകയുമാണാവശ്യം.

വോട്ട് ബാങ്ക് രാഷ്ട്രീയം കളിക്കുന്നതിൽ ഇടതുവലതു വ്യത്യാസമില്ലാതെ എല്ലാ മുന്നണികളും സഹോദരീ-സഹോദരന്മാരാണെന്ന തിരിച്ചറിവ് ക്രൈസ്തവർക്കുണ്ടാണം.

- ജെറാൾഡ് ബി.മിരാൻഡ
തോന്നയ്ക്കൽ

## പുരോഹിതർ ലോകത്തിന്റെ പ്രകാശമാകണം

പുരോഹിതർ: കറുത്ത ലോകത്തിലെ വെള്ളപ്പുള്ളികൾ വായിച്ചു. ദൈവം മനോഹരമായി സൃഷ്ടിച്ച ഈ ലോകം എന്നാണ് കറുത്തുപോയത്. പാപത്തിന്റെ സ്വാധീനം ലോകത്തിലുണ്ടെങ്കിൽപോലും ആ പാപികൾക്കും കൂടി വേണ്ടയല്ലേ ദൈവം ഇത്ര മനോഹരമായി സൃഷ്ടപ്രപഞ്ചത്തെ മെനഞ്ഞെടുത്തത്? കോടിക്കണക്കിനു വിശ്വാസികളും ലക്ഷക്കണക്കിന് വൈദികരും സന്യാസിനികളും ആയിരക്കണക്കിന് മെത്രാൻമാരുടെയും സേവനം കൊണ്ട് എത്ര ധന്യമാണീഭൂതലം.

കാൽവരിയിലെ യാഗപീഠത്തിൽ എന്നേയ്ക്കുമായി യേശുവെന്ന മഹാപുരോഹിതൻ രണ്ടായിരം വർഷം മുൻപ് യാഗമായിക്കഴിഞ്ഞു. ഇന്ന് ഏറെ സുരക്ഷിതമല്ലേ നമ്മുടെ നാട്ടിൽ വൈദികരുടെ ജീവിതം? ദൈവജനത്തിനുവേണ്ടി സക്രാരിക്ക് മുന്നിൽ മെഴുകുതിരി പോലെ ഉരുകുന്ന, കരങ്ങൾ വിരിച്ച് പ്രാർഥിക്കുന്ന കണ്ണീരൊഴുക്കുന്ന എത്ര വൈദിക ശ്രേഷ്ഠരുണ്ട് നമുക്ക്. യേശുവിനെപ്പോലെയാകാനാണ് പുരോഹിതന്റെ വിളിയും.

- വിജയമ്മ
ജൂബിലി ആശുപത്രി



# താളുകളിൽ








**6** ഒരുക്കം
സെബാസ്റ്റ്യൻ തോബിയാസ്

**10** അസഹിഷ്ണുതയിൽ ഊന്നിയ വിദ്യാഭ്യാസനയം
ഇഗ്നേഷ്യസ് തോമസ്

**14** കമ്മ്യൂണിയോ ഇന്ത്യ ഞായർ പ്രേഷിത കൂട്ടായ്മയ്ക്ക്
ഡോ. സ്റ്റീഫൻ ആലത്തറ

**17** അജപാലനം: വീണ്ടും ഒരു നോമ്പുകാലം

**18** ഭയമില്ലാതെ പരീക്ഷയ്ക്ക് ഒരുങ്ങാം
ഡോ. എ.ആർ.ജോൺ

**20** തപസുകാലം: മാറ്റത്തിനുള്ള ആഹ്വാനം
ഫാ. ലോറൻസ് കുലാസ്

**22** തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

**24** വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

**26** വാർത്തകൾ

**31** കാനോൻ ലോ
ഫാ. ജോസ് ജി

**32** നീർച്ചാലുകൾ

**38** വചനജ്വാല

**40** ഇളംതൂവൽ

**42** നേർക്കാഴ്ച

ലേഖനം

സെബാസ്റ്റ്യൻ തോബിയാസ്



# ഒരുക്കം

**ദൈവത്തിന്റെ തിരുമുമ്പിൽ പ്രത്യക്ഷപ്പെടാനുള്ള കരുത്താണ് ഒരുക്കം. അതൊരു ജാഗ്രതയും ഉണർവുമാണ്.**

ജീവിതം പ്രാചീനമായ ഒരു താളിയോലക്കെട്ടു പോലെ നിഗൂഢമാണ്. വായിച്ച്, വായിച്ച് അർത്ഥം മനസ്സിലാക്കിയെന്ന് നിനയ്ക്കുമ്പോൾ അതാ ഒരു ദുർഘടപദം. മുന്നോട്ടുനീങ്ങാനാവാതെ കുഴങ്ങുകയായ്. മാത്രമല്ല, അതുവരെ നിനച്ചവ മുഴുവനും തെറ്റാണെന്ന് ആരോ ഉള്ളിലിരുന്ന് കൊഞ്ഞനം കുത്തുന്നു. പക്ഷേ, പെട്ടെന്ന് ഒരു പ്രകാശം പിന്നിട്ട നിരർത്ഥതകൾക്ക് മുഴുവൻ സാധുത നൽകുന്നു. ആ നിഗൂഢതയുടെ ചുരുളഴിയുകയാണ്. ആ നേരിയ വെട്ടത്തിൽ നമ്മൾ കാണുന്നു ജീവിതം ഒരുക്കം മാത്രമാണെന്ന്. ഒരുക്കം ജീവിക്കാൻ കൊള്ളാവുന്ന ഒന്നായ് ജീവിതത്തെ മാറ്റുന്നു. എന്തിനുവേണ്ടിയാണ് ഒരുങ്ങുന്നതെന്ന ചോദ്യം അപ്പോഴും അവശേഷിക്കുന്നല്ലോ.

ആ കാലഘട്ടത്തിൽ എല്ലാവരും വിവേകാനന്ദന്റെ പിന്നാലെ ആയിരുന്നു. അയാളെ അന്വേഷിച്ച് എല്ലാവരും. പക്ഷേ, കണ്ടുകിട്ടിയില്ല. പത്രക്കാരും റിപ്പോർട്ടർമാരും നെഞ്ചിൽ തൂക്കിയ ക്യാമറയുമായി അന്വേഷണത്തിലായിരുന്നു. അപ്രത്യക്ഷനായിപ്പോയി അയാൾ എന്ന് അവർ കരുതി. അവസാനം ഭാരതത്തിൽ ഒരു കുടിലിൽ ധ്യാനനിമഗ്നനായിരുന്ന വിവേകാനന്ദനെ അവർ കണ്ടെത്തി. അവർക്കാശ്ചര്യമായി, ലോകത്തിന്റെ കണ്ണ് ഇയാൾക്കുവേണ്ടി ആഗ്രഹിക്കുമ്പോൾ എന്തിനാണിയാൾ ഈ കുടിലിൽ...? പത്രക്കാർ അയാളോട് ചോദിച്ചു. സ്വാമീ, താങ്കളെന്തിനാണ് ഈ കുടിലിൽ ഏകനായിരിക്കുന്നത് ലോകം മുഴുവൻ അങ്ങയെ തേടുമ്പോൾ? ചുണ്ടിൽ ഗൂഢമായ ഒരു പുഞ്ചിരിയോടെ അദ്ദേഹം മറുപടി നൽകി. ഞാൻ ഒരുങ്ങുകയാണ്, എന്റെ മരണത്തിനുവേണ്ടി.

എല്ലാവരും ഈ ഒരു നിമിഷത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പാണ്. ജീവിതം അങ്ങനെ ജീവിക്കാൻ കൊള്ളാവുന്ന ഒന്നായ് മാറുന്നത് ഒരുക്കമുള്ളവർക്കാണ്. നിഗൂഢതകൾ ഇടയ്ക്ക് തലപൊക്കുമ്പോഴും ഒരുക്കം സ്നേഹിക്കാൻ കൊള്ളാവുന്ന ഒന്നായ് ജീവിതത്തെ പരിണാമപ്പെടുത്തുന്നു. മരണമാണ് ഒരുക്കത്തെ അനിവാര്യമാക്കിയത്. അല്ലെങ്കിൽ ജീവിതം എത്ര വിരസവും മടുപ്പും ഉള്ളതാകുമായിരുന്നു. ലക്ഷ്യമില്ലാതെ അസ്ത്രം തൊടുക്കുന്നതുപോലെ. അപ്പോൾ ഒരു മരണത്തിന് നമ്മൾ ദൈവത്തോട് കടപ്പെട്ടിരിക്കുന്നു.

ഒരുക്കത്തെക്കുറിച്ച് ക്രിസ്തു വാചാലനാകുന്നുണ്ട് സുവിശേഷത്തിലുടനീളം. നിങ്ങൾ തയ്യാറായിരിക്കുവിൻ. നിങ്ങളും ഒരുങ്ങിയിരിക്കുവിൻ. പ്രതീക്ഷിക്കാത്ത മണിക്കൂറിലാണ് മനുഷ്യപുത്രൻ വരുന്നത്. രാത്രിയുടെ രണ്ടാം യാമത്തിലോ മൂന്നാം യാമത്തിലോ വന്നാലും അവരെ ഒരുക്കമുള്ളവരായി കണ്ടാൽ ആ ഭൃത്യന്മാർ ഭാഗ്യവാന്മാർ. ഒരുക്കമുള്ളതുകൊണ്ടാണ് ജീവിതത്തിന് ശ്വാസമുള്ളത്. അല്ലായിരുന്നുവെങ്കിൽ അത് മൃതമാകുമായിരുന്നു. ജീവിതം ശവപ്പറമ്പുപോലെ ജീർണതയേറ്റതാകും. ഇറങ്ങിപ്പോയ ഏകമകനെയും കാത്തുകാത്താണ് അവർ ജീവിച്ചത്. എന്നും അവനിഷ്ടമുള്ള ഭക്ഷണം പാകംചെയ്ത് അവന്റെ മുറി ഒരുക്കി പുസ്തകങ്ങൾ അടുക്കിവച്ച് ഓരോ ദിനവും അവർ തള്ളിവിട്ടു. ഒരു രാത്രിയിൽ നനഞ്ഞൊലിച്ച് അവൻ വീടിന് മുൻപിലെത്തി. ആ പാതിരാവിലും അകത്ത് പ്രകാശം കണ്ട് അയാൾ അമ്പരന്നു. മുട്ടിയപ്പോൾ വിളക്കുമായി അമ്മ വാതിൽ തുറന്നു. ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ അവർ അവനെ തീന്മേശയിലേക്ക് കൊണ്ടുപോയി. ആരെയോ പ്രതീക്ഷിച്ചിരുന്നതുപോലെ തീന്മേശ കാണപ്പെട്ടു. വിളമ്പിയപ്പോൾ അവനിഷ്ട




പ്പെട്ട ഭക്ഷണങ്ങൾ. മുറിയിൽ കയറിയപ്പോൾ ഇന്നലെയും അവൻ അവിടെയുണ്ടായിരുന്നതുപോലെ. ഉള്ളിൽ ഒരു വിങ്ങൽ അവൻ തിരിച്ചറിഞ്ഞു. തന്റെ പുസ്തകങ്ങളുടെ അലമാര, മേശ, വസ്ത്രങ്ങൾ, വായിച്ചുകൊണ്ടിരുന്ന പുസ്തകം എല്ലാം അതേപടി തന്നെ. അവൻ അമ്മയെ പുണർന്നു. ഒഴുകുന്ന കണ്ണീരിലൂടെ അവൻ ചോദിച്ചു: ഇത്രയും കാലം അമ്മയെങ്ങനെ... മുഴുമിക്കാനായില്ല. അവന്റെ മുടിയിഴകളിൽ വിരലോടിച്ചുകൊണ്ട് അവൾ പറഞ്ഞു. നിനക്കുവേണ്ടിയെന്നും ഞാൻ ഭക്ഷണമൊരുക്കി, മുറിയൊരുക്കി, കിടക്കയൊരുക്കി. ഒന്നു നിർത്തിയിട്ടവർ തുടർന്നു. ഈ ഒരുക്കമാണ് കുഞ്ഞേ എന്നെ ജീവിപ്പിച്ചത്. നീ എങ്ങും പോയിട്ടില്ലെന്ന് എന്നെ ഓർമ്മിപ്പിച്ചത്. ഒരുക്കം ഒരാളിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ഈ സംഭവം നിദർശിക്കുന്നു.

മനുഷ്യപുത്രന്റെ മുൻപിൽ പ്രത്യക്ഷപ്പെടാൻ വേണ്ട കരുത്തു ലഭിക്കാൻ പ്രാർത്ഥിക്കുവിൻ (ലൂക്ക. 21:36) എന്നാണ് ക്രിസ്തുവിന്റെ സ്വരം. കരുത്ത് ഒരാൾ ആർജ്ജിക്കുന്നത് ഒരുക്കത്തിലൂടെയാണ്. കുറച്ചുകൂടി തെളിമയാർന്ന് ചിന്തിച്ചാൽ ദൈവത്തിന്റെ തിരുമുമ്പിൽ പ്രത്യക്ഷപ്പെടാനുള്ള കരുത്താണ് ഒരുക്കം. അതൊരു ജാഗ്രതയും ഉണർവുമാണ്, ഏത് നിമിഷവും യുദ്ധമുണ്ടാകുമെന്ന് കരുതുന്ന യോദ്ധാവിന്റെ നിതാന്തജാഗ്രതയാണ്.

ക്രിസ്തുവിന്റെ പീഡാസഹനപ്രവചനങ്ങളൊക്കെ നമുക്ക് സൂചനകളാണ്. അവന്റെ ഒരുക്കത്തെക്കുറിച്ച് ക്രിസ്തുവിന്റെ പ്രായം നോക്കൂ. ജീവിതത്തെ ഇറുക്കെ പുണരുന്ന പ്രായം. എന്നിട്ടും എന്തിനാണവൻ അങ്ങനെ എടുത്തുചാടിയത്. നിർധരിക്കാനാവാത്ത ഗോചരമായ ഒരു പുണരൽ മണ്ണിനെ പുണരുന്ന ഗോതമ്പുമണിയെപ്പോൽ അവന് ജീവിതത്തോടുണ്ടായിരുന്നുവല്ലോ. ഈ പ്രായത്തിൽ ഇങ്ങനെ ഒരു കുതിപ്പുനടത്തിയവർ ധാരാളമുണ്ട്, ക്രിസ്തുവിനെ പിൻചെന്ന്. ഫ്രാൻസീസ്, സ്റ്റീഫൻ, തെരേസ, ഡാമിയൻ അവിരാമം നീളുകയാണല്ലോ ഇവരുടെ നിര. മുപ്പതുകഴിയുമ്പോൾ ഒരാൾ തന്റെ സ്വത്വം വെളിവാക്കുമെന്നൊരു നിരീക്ഷണം കൺഫ്യൂഷ്യസ് നടത്തുന്നുണ്ട്. സ്വത്വം വ്യക്തമായാൽ അപകടകരമായി ജീവിക്കുമവർ. ഒരുക്കമുള്ളവരുടെ ലക്ഷണമാണല്ലോ ഇത്. എല്ലാം ഇറിഞ്ഞുകൊണ്ടും സ്ഥൈര്യമായി അവർ കയറിച്ചെല്ലും. അതിശയകരമായ ഒരുക്കത്തോടെ.

ഇങ്ങനെ അപകടകരമായ ഒരുക്കവും ജാഗ്രതയും ജറുസലേം പ്രവേശനത്തിനൊരുങ്ങുന്ന ക്രിസ്തുവിൽ കാണാം. അവൻ ശിഷ്യരോട് പറഞ്ഞു, എതിരേ കാണുന്ന ഗ്രാമത്തിലേക്ക് ചെല്ലുവിൻ. അതിൽ പ്രവേശിക്കുമ്പോൾ തന്നെ ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നത് കാണും. അതിനെ അഴിച്ചുകൊണ്ടുവരിവിൻ. ആരെങ്കിലും ചോദിച്ചാൽ കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ടെന്ന് പറയുവിൻ. നോക്കൂ, എത്ര വ്യക്തമായും ദീർഘവീക്ഷണത്തോടുമാണ് ക്രിസ്തു ഒരുക്കം നടത്തുന്നത്. ദിനങ്ങൾക്കു മുൻപേ കഴുതക്കുട്ടിയുടെ ഉടമയുമായി ഈശോ ആശയവിനിമയം നടത്തി എല്ലാം ഉറപ്പിച്ചിരുന്നു. അയാൾ ഈശോയുമായി ഒരു രഹസ്യസൗഹൃദം പങ്കിട്ടിരുന്നു. 'കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ടെ'ന്നത് അവർ തമ്മിലുള്ള ഒരു രഹസ്യകോഡാവണം. ജറുസലേമിലേക്ക് പോകുന്നത് അപകടകരമാണെന്ന് അറിഞ്ഞിട്ടും ക്രിസ്തു അതിനായി ശരീരത്തെയും ആത്മാവിനെയും ഒരുക്കുന്നു, അപകടകരമായി തന്നെ.

ക്രിസ്തു മൂന്നു രീതിയിലാണ് ഒരുക്കത്തെ അഭിദർശിക്കുന്നത്.

## അരമുറുക്കുക

നിങ്ങൾ അരമുറുക്കിയും വിളക്കു കത്തിച്ചും ഇരിക്കുവിൻ (ലൂക്കാ. 12.35) എന്നാണ് ക്രിസ്തുവിന്റെ ഭാഷ്യം. പെസഹാ എവിടെ ഒരുക്കണമെന്ന ശിഷ്യരുടെ ചോദ്യത്തിനുള്ള ക്രിസ്തുവിന്റെ ഉത്തരം ശ്രദ്ധിക്കുക. പട്ടണത്തിൽ പ്രവേശിക്കുമ്പോൾ ഒരു കുടം വെള്ളവും ചുമന്ന് ഒരുവൻ നിങ്ങൾക്കെതിരെ വരും. അവൻ പ്രവേശിക്കുന്ന വീട്ടിലേക്ക് അവനെ പിൻതുടരുക. ആ വീടിന്റെ ഉടമസ്ഥനോട് പറയൂ, ഗുരു നിന്നോട് ചോദിക്കുന്നു. എന്റെ ശിഷ്യന്മാരുടെ കൂടെ പെസഹാ ഭക്ഷിക്കുന്നതിനുള്ള വിരുന്നുശാല എവിടെയാണ്? സജ്ജീകൃതമായ ഒരു വലിയ മാളിക മുറി അവൻ നിങ്ങൾക്ക് കാണിച്ചുതരും. 'സജ്ജീകൃതമായ മാളിക' രണ്ടു വ്യക്തികളിലേക്ക് വിരൽ ചൂണ്ടുന്നു. ഒന്നാമതായി എല്ലാ ഒരുക്കങ്ങളും മുൻകൂട്ടി പൂർത്തിയാക്കിയ ക്രിസ്തുവിലേക്ക്. ഇതൊരത്ഭുതമല്ല, മറിച്ച് തന്റെ രഹസ്യസുഹൃത്തായ അയാളുമായി ഈശോ എല്ലാം പറഞ്ഞുറപ്പിച്ചിരുന്നു. ഈശോ നന്നായി ഒരുങ്ങിയിരുന്നുവെന്നതിന്റെ വ്യക്തമായ അടയാളമാണിത്. അരമുറുക്കി നിൽക്കുന്ന ക്രിസ്തുവിൽ സേവനത്തിന്റെ ആ വലിയ പാഠത്തേക്കാൾ എല്ലാ രീതിയിലും ഒരുങ്ങിയ ഒരാളുടെ ചലനങ്ങളാണ് നിഴലിക്കുന്നത്. രണ്ടാമതായി ഇത് വിരൽചൂണ്ടുന്നത് മണി

മാളികയുടെ ഉടമയിലേക്കാണ്. ക്രിസ്തുവിന്റെ ഹിതമനുസരിച്ച് അയാൾ എല്ലാം ഒരുക്കിയിരുന്നു. അതുകൊണ്ടാണല്ലോ ഈശോ സജ്ജീകൃതമായ മാളികമുറിയെന്ന് പറഞ്ഞത്. അയാൾ ഒരുങ്ങി കാത്തിരിക്കുന്നുവെന്ന് അർത്ഥം. ഇയാളെ ദീർഘദൃഷ്ടികൊണ്ട് ദർശിച്ചുകൊണ്ടാവുമോ ഈശോ നിർവചിച്ചത്; യജമാനനെ സേവിക്കുവാൻ എല്ലാം സജ്ജമാക്കി അരമുറുക്കി കാത്തുനിൽക്കുന്നവനാണ് ഒരുക്കമുള്ളവൻ. ഒരുക്കമില്ലാത്തവരെക്കുറിച്ചും ഈശോ പറയുന്നുണ്ട്, കഠിനമായ ഭാഷയിൽ. യജമാനന്റെ ഹിതമറിഞ്ഞിട്ടും അതനുസരിച്ച് പ്രവർത്തിക്കുകയോ, അതിന് ഒരുങ്ങുകയോ ചെയ്യാത്ത ഭൃത്യൻ കഠിനമായി പ്രഹരിക്കപ്പെടും (ലൂക്ക 12.47).

അപ്പോൾ ഒരുക്ക അരമുറുക്കലാണ്. പത്രോസിനോടുള്ള ക്രിസ്തുമൊഴികൾക്ക് അഗാധമായ തെളിമ നൽകാനാവും. ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അരമുറുക്കുകയും ഇഷ്ടമുള്ളിടത്തേക്ക് പോവുകയും ചെയ്തു. എന്നാൽ, പ്രായമാകുമ്പോൾ നീ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അരമുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്ക് നിന്നെ കൊണ്ടുപോവുകയും ചെയ്യും. ശരീരത്തിനും അതിന്റെ അഭിലാഷങ്ങൾക്കും വേണ്ടിയായിരുന്നു, അയാൾ ഒരുങ്ങിയത്. ഇനി ഒരുക്കം മറ്റൊരാൾക്കും മറ്റൊരു ലോകത്തിനും വേണ്ടിയായിരിക്കും. അന്ന് നീയായിരിക്കില്ല. ആണിപ്പാടുള്ള ക്രിസ്തുവിന്റെ കരം നിന്നെക്കൊണ്ട് അങ്ങനെ ചെയ്യിക്കും. അങ്ങനെ അരമുറുക്കിയപ്പോൾ റോമിലേക്ക് സുധീരം തിരികെ കയറുന്ന പത്രോസിനെ കാണാം. അത് മരണത്തിലേക്കുള്ള ഒരാളുടെ ഒരുക്കമുള്ള യാത്രയായിരുന്നു. അന്ന് ആ വലിയ മാളികയിൽ അത്താഴമേശയിലായിരിക്കുമ്പോൾ അരക്കച്ച കെട്ടാൻ വിസമ്മതിച്ച അവർ ഒരുക്കമില്ലാത്തവരായിരുന്നല്ലോ. ക്രിസ്തു ആ കുറവ് നികത്തുകയാണ്. ഒരുക്കം അരമുറുക്കി യജമാനനെ സേവിക്കലാണെന്ന ക്രിസ്തുഭാഷ്യത്തിന് അവർതന്നെ മാംസവും ശ്വാസവും നൽകുന്നു.

## വിളക്കുതെളിക്കുക

രണ്ടാമതായി ഒരുക്കം വിളക്കുതെളിക്കലാണ് (ലൂക്കാ 12:35) എണ്ണവറ്റാത്ത വിളക്കുള്ളവരാണിവർ. ഒരുക്കമില്ലാത്തവർ വിളക്കിലെ എണ്ണ അണഞ്ഞു തീർന്നവരെപ്പോലെയും. പുറത്തുകൊളുത്തി കാണുന്നതല്ല ഈ വിളക്ക്. ഈ വിളക്ക് ഉള്ളിലാണ് പ്രകാശിക്കുന്നത്. കണ്ണിലെ കാന്തി



പോലെ ഇത് എല്ലാവരുടെയും ഉള്ളിലുണ്ട്. നമ്മൾ ഇതിനെ മറച്ചുപിടിക്കാൻ ശ്രമിച്ച് വിളക്കുകൊളുത്തി പറയുടെ കീഴിൽ വയ്ക്കുന്നവരാകുന്നു. ഇത് ഉള്ളിൽ നിറഞ്ഞ് ജീവിതം മുഴുവൻ വ്യാപിക്കണം. ഈ ഉള്ളിലെ പ്രകാശം കൊണ്ടുവേണം പുറത്തെ ഇരുട്ടിനെ നേരിടാൻ. അതുകൊണ്ട് ഇത് കൈമാറാനോ പങ്കുവയ്ക്കാനോ ആവില്ല. ഇതിന്റെ പരിധിയും സാധ്യതയും പ്രകാശത്തിലാകൃഷ്ടമാകല്ല, മറിച്ച്, പ്രകാശമാകലാണ്. ഇങ്ങനെയാണ് നമ്മൾ പീഠത്തിന്മേലെ നാളമാകുന്നത്.

മനുഷ്യരുടെ ഉള്ളിലെ പ്രഭയെ ജ്വലിപ്പിക്കാനാണ് ക്രിസ്തു ആഗതനായത്. ഓരോ മനുഷ്യനും ഒരു വിളക്കാണ്. പരിശുദ്ധാത്മാവാകുന്ന എണ്ണയൊഴിച്ച് ക്രിസ്തുബോധമെന്ന തിരിയിട്ട് ദൈവമാകുന്ന നാളം ആളിക്കത്തിക്കണം. തീയിടാനാണ് ഞാൻ വന്നത്. അത് ആളിക്കത്തണമെന്നല്ലാതെ മറ്റൊന്നും ക്രിസ്തുവിന് ആഗ്രഹിക്കാനാവില്ല. മണവാളൻ വരുമ്പോൾ പ്രകാശിക്കുന്നവരായി കാണുന്നവർ സ്വീകാര്യരും പ്രകാശമില്ലാത്തവർ തിരസ്കൃതരുമാകും. പത്തുകന്യകമാരിലൂടെ ക്രിസ്തു ഇതാണ് തെര്യപ്പെടുത്തുന്നത്. വിളക്കിൽ നാളം ഉള്ളവർ സ്വീകരിക്കപ്പെടുമെന്ന് ക്രസ്തു പറയുന്നതിങ്ങനെയാണ്: ഒരുങ്ങിയിരുന്നവർ അവനോടൊത്ത് വിവാഹവിരുന്നിൽ പ്രവേശിച്ചു (മത്താ. 25:10).

## ഉണർവ്

മൂന്നാമതായി ഒരുക്കം ഉണർവാണ്. ഞാനുറങ്ങി; പക്ഷേ എന്റെ ഹൃദയമുണർന്നിരുന്നു. അതാ എന്റെ പ്രിയൻ വാതിലിൽ മുട്ടുന്നു. (ഉത്തമ 5:2). ഉത്തമഗീതം ആരംഭിക്കുന്നത് ഇങ്ങനെയാണ്. തന്റെ ഭവനം ഭേദിക്കാതിരിക്കാൻ ഉണർന്നിരിക്കുന്ന ഗൃഹനാഥനോടാണ് ക്രിസ്തു ഇത്തരക്കാരെ ഉപമിക്കുക (മത്താ. 24:43). ഒരുക്കമില്ലായ്മയെ ഉറക്കമെന്നും ക്രിസ്തു നാമകരണം നടത്തുന്നു. ഒരുക്കമില്ലാത്തവർ ഉറക്കത്തിൽ കവർച്ച ചെയ്യപ്പെട്ട ഭവനം പോലെയാണ്. ഉണർവിന്റെ ആൽഫയും ഒമേഗയുമാണ്, ക്രിസ്തു ഗദ്‌സേനിയിൽ. രക്തം വിയർത്തു പ്രാർത്ഥിക്കുന്ന അവൻ ഉണർച്ചയുടെ പാരമ്യത്തിലാണ്. ശിഷ്യന്മാർ ഉറക്കത്തിലും. നമ്മളെ നിദ്രാധീനരായി കാണരുതെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണിത്. 'ശ്രദ്ധാപൂർവം ഉണർന്നിരിക്കുവിൻ' (മാർക്ക് 13:33).

ഫറവോ ഉറങ്ങുന്നവനായതുകൊണ്ട് അവൻ സ്വപ്നം കണ്ടു. ജോസഫ് ഉണർന്നവനായിരുന്നു. അവന് വെളിപാടുകൾ കിട്ടി. എല്ലാവരും ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് ഉറക്കത്തിലായിപ്പോകുന്നുണ്ട്. ഉറങ്ങുന്നവർക്ക് സ്വപ്നമു

ണ്ട്, നിസംശയം. പക്ഷേ, ഉണർന്നെണീക്കുന്നവർക്കാണ് സാക്ഷാൽക്കാരം. ഫറവോ സ്വപ്നം കാണുകയും ജോസഫ് സ്വപ്നങ്ങളെ വ്യാഖ്യാനിക്കുകയും സാക്ഷാൽക്കരിക്കുകയും ചെയ്തു. ഉറങ്ങുന്നവർ സ്വപ്നത്തിലായിരിക്കുമെപ്പോഴും. യാഥാർത്ഥ്യങ്ങളിലേക്ക് കണ്ണുതുറക്കാനോ അവയെ സാക്ഷാൽക്കരിക്കാനോ അവർക്കാവില്ല. ജീവിതം സാക്ഷാൽക്കാരമാകുന്നത് ഒരുക്കമുള്ളവർക്കാണ്, ഉണർന്നവർക്കാണ്. അതുകൊണ്ടാണ് എല്ലാവരും ഉറങ്ങുമ്പോഴും ക്രിസ്തു ഉണർന്നിരിക്കാനാഗ്രഹിച്ചത്. ഉണർന്നിരുന്ന് അവൻ ഒരുങ്ങി, രക്തം വിയർക്കുവോളം. ഒരു തവണയാവില്ല അവൻ ഇങ്ങനെ വിയർക്കുവോളം ഉണർന്നിരിക്കുന്നത്. എല്ലാം പൂർത്തിയാകും വരെ അവൻ രക്തം ചിന്തുവോളം ഉണർന്നിരുന്നു. അവന്റെ വെളിപാടുകളെ, വ്യാഖ്യാനങ്ങളെ സാക്ഷാൽക്കാരങ്ങളെ ഭേതനം ചെയ്യാൻ ഒന്നിനും കഴിഞ്ഞില്ല. കാരണം മരണത്തോളം അവൻ ഉണർന്നിരുന്നു. നമ്മുടെ ജീവിതത്തെയും സ്വപ്നങ്ങളെയും സാക്ഷാൽക്കാരങ്ങളെയും ഒന്നിനും ഭേതനം ചെയ്യാനാവില്ല നമ്മൾ ഉണർന്നിരിക്കുമെങ്കിൽ മരണത്തോളം.

പത്രോസ് ഉറങ്ങുകയായിരുന്നു. അതുകൊണ്ടാണല്ലോ അയാൾ മൂന്നുരു തള്ളിപ്പറഞ്ഞത്. കോഴികൂവൽ ഒരു പുലരിയെ ഓർമ്മപ്പെടുത്തുന്നു. പത്രോസ് രാത്രിയിലും ഉറക്കത്തിലുമായിരുന്നുവെന്ന് സൂചനയുണ്ടതിൽ. കോഴി കൂവിയപ്പോൾ അയാൾ ഉറക്കത്തിൽ നിന്നും ഉണർവിലേക്ക് കൺതുറന്നു. പിന്നീട് ഉണർന്നവനിണങ്ങയ രീതിയിലാണ് പത്രോസിന്റെ ചലനങ്ങൾ. യൂദാസ് അത്താഴമേശയിൽ നിന്ന് പുറത്തേക്ക് പോയി. അപ്പോൾ രാത്രിയായിരുന്നു (യോഹ. 13:30). അവനും ഉറക്കത്തിലേക്കാണ് സഞ്ചരിച്ചത്. ഇതൊക്കെയാണ് ഉറങ്ങിപ്പോകുന്നവർക്ക് സംഭവിക്കുന്ന കെടുതികൾ.

ഉണർവ് കണ്ണടയ്ക്കലല്ല, മറിച്ച് എല്ലാത്തിനും നേരെ മിഴി തുറന്നിരിക്കലാണ്. ആകാശത്തിലേക്കും ദൈവത്തിലേക്കും മിഴി തുറന്നു പിടിക്കലാണ്. സംഭവിച്ച, സംഭവിക്കാനിരുന്ന എല്ലാത്തിലേക്കും അവൻ കണ്ണുതുറന്നുവച്ചു. അവന്റെ കണ്ണിൽ പതിയാത്ത ഒന്നും ഉണ്ടായില്ല. ജറുസലേം പ്രവേശനത്തിന്റെ ഒടുവിൽ അവൻ ദൈവാലയത്തിനുള്ളിലേക്ക് പോയി. ചുറ്റും നോക്കി എല്ലാം കണ്ടശേഷം ബഥാനിയായിലേക്കു പോയി. ഇത്ര സൂക്ഷ്മമായി ഒരുങ്ങുന്ന ക്രിസ്തു തന്നെയാണ് നമുക്ക് മാതൃക. അവസാനം എല്ലാം പൂർത്തിയായെന്ന് ഘോഷിക്കുംവരെ അവൻ മിഴിതുറന്നുവച്ചു. അതുകൊണ്ട് അവന്റെ ജീവിതമാകുന്ന ഭവനം കവർച്ചചെയ്യപ്പെടാൻ ദൈവം അനുവദിച്ചില്ല. ഏറ്റവും ഉന്നതവും അഗാധവുമായ ഉണർവിലേക്ക് ദൈവം അവനെ ഉണർത്തി.

ജീവിതം ഏറ്റവും വലിയ ഒരുക്കമായി പരിണാമപ്പെടുത്തിയ ആൾക്ക്



ഇണങ്ങുന്ന രീതിയിൽ തന്നെയാണ് ക്രിസ്തു അവസാന നിമിഷത്തിലും. അരയിൽ കച്ചയും കൂജയിൽ ജലവും അധരത്തിൽ ചുംബനവുമായി തന്റെ ബലിക്കായി ഒരുങ്ങുകയാണ് ക്രിസ്തു. ചുറ്റിലുമിരിക്കുന്നവർക്ക് തന്നോട് പിണക്കമുണ്ട്, മനസ്സിൽ. ഉമ്മ നൽകി ഒറ്റുകൊടുക്കാനും തള്ളിപ്പറയാനും ചിതറിയോടാനും നിൽക്കുകയാണവർ. ബലിയർപ്പിക്കുമ്പോൾ സഹോദരന് പിണക്കമുണ്ടെങ്കിൽ രമ്യതപ്പെട്ടിട്ട് ബലിയർപ്പിക്കണമെന്ന തന്റെ വചനങ്ങൾക്ക് ക്രിസ്തു ശ്വാസം നൽകാൻ ശ്രമിക്കുകയാണ്. തന്റെ ബലി സ്വീകാര്യമായി തീരുന്നതിന് അവരുടെ പാദങ്ങൾ കഴുകി ചുംബിച്ച് ഒരുങ്ങുകയാണ്.

ആ മണിക്കൂറിനുവേണ്ടിയാണ് താൻ ജീവിച്ചതെന്നും ഈ ഭൂവിലേക്ക് വന്നതെന്നും ക്രസ്തുതന്നെ മൊഴിയുന്നുണ്ടല്ലോ. ക്രിസ്തു വളരെ സൂക്ഷ്മതയോടെ ഒരുങ്ങുകയാണ്. അവസാന ഒരുക്കവും പൂർത്തിയാക്കുന്ന യോദ്ധാവിന്റെ തയ്യാറെടുപ്പുകളാണവനിൽ. ശരീരത്തിന്റെയും ആത്മാവിന്റെയും ഓരോ അണുവിലും തയ്യാറെടുപ്പുകൾ വ്യക്തം. ഓട്ടം പൂർത്തിയാക്കാനുള്ള ഓട്ടക്കാരന്റെ കുതിപ്പുണ്ടായിരുന്നു അവന്റെ ശരീരത്തിന്. നേരിയ പാളിച്ചകൾക്കുപോലും ഇടം കൊടുക്കുന്നില്ലവൻ. എല്ലാവരോടും ക്ഷമിച്ചുകൊണ്ട്, ദ്രോഹിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് തന്റെ ഒരുക്കം പൂർത്തിയാക്കുന്നു.

അതെ, ജീവിതം അഗാധമായ ഒരുക്കമല്ലാതെ മറ്റൊന്നുമല്ലെന്ന നിദർശനം നൽകിക്കൊണ്ടാണ് അവൻ കടന്നുപോയത്. അവന്റെ അതിസൂക്ഷ്മമായ ഒരുക്കങ്ങൾ ഇപ്പോഴും നമ്മുടെ ഒരുക്കമില്ലായ്മയെ പരിഹസിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു. ■



ലേഖനം

ഇഗ്നേഷ്യസ് തോമസ്

**കലുഷിതമായ ഇന്നിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിന് ഒരു പൊളിച്ചെഴുത്ത് സാധ്യമാണോ എന്ന് അന്വേഷിക്കുകയാണിവിടെ.**

# അസഹിഷ്ണുതയിൽ ഊന്നിയ വിദ്യാഭ്യാസ നയപരിപാടികൾ

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ടു ഏഴു ദശകങ്ങൾ പിന്നിടുമ്പോഴും അടിസ്ഥാന വിദ്യാഭ്യാസ പുരോഗതിയിൽ അപര്യാപ്തതകളുടെ അധ്യായങ്ങൾ എഴുതിചേർത്ത് കൊണ്ടേയിരിക്കുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ 6 മുതൽ 14 വയസുവരെയുള്ള മുഴുവൻ കുട്ടികളെയും വിദ്യാലയങ്ങളിലേക്ക് എത്തിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. ആശങ്കാജനകമായി തന്നെ കൊഴിഞ്ഞുപോക്ക് തുടരുന്നു. വിദ്യാലയങ്ങൾക്ക് അത്യാവശ്യമായ ശുചിമുറികൾ, കുടിവെള്ളം, ലാബ് സൗകര്യങ്ങൾ, ലൈബ്രറി, പാചകപ്പുര എന്നിവ ഒരുക്കാൻ ആയിട്ടില്ല. നിശ്ചിത യോഗ്യതയില്ലാത്ത അധ്യാപകർ പഠിപ്പിക്കുന്ന വിദ്യാലയങ്ങളിലെ നിലവാരത്തകർച്ച ആശങ്കാജനകമാണ്. അധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ കേരളം ഒഴികെ മറ്റു സംസ്ഥാനങ്ങളൊന്നും കാര്യമായ ശ്രമങ്ങൾ നടത്തിയിട്ടില്ല. സ്കൂളുകളുടെ നടത്തിപ്പിന് കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഇല്ലാതെ മുന്നോട്ടു പോയതും വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാര തകർച്ചക്ക് വഴിവച്ചു.

ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ ഇക്കാലയളവിൽ വെട്ടിച്ചുരുക്കി. പാവപ്പെട്ട വിദ്യാർഥികൾക്ക് ധനസഹായം എത്തിക്കാൻ കഴിയാത്തതുമൂലം നിരക്ഷരതയും കൊഴിഞ്ഞുപോക്കും വ്യാപിക്കാനുള്ള അവസരമൊരുക്കി.

വിദ്യാഭ്യാസം പാവപ്പെട്ടവന് കൈയ്യെത്താദൂരത്തായി. ദേശീയ വരുമാനത്തിലെ 6% വിദ്യാഭ്യാസത്തിന് നീക്കിവെക്കണമെന്ന ആവശ്യം ഇതേവരെ നടപ്പിലാക്കിയിട്ടില്ല. ഇപ്രകാരം പരിഹരിക്കപ്പെടേണ്ട നിരവധി അടിസ്ഥാനപ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ അവയ്ക്കൊന്നും പ്രാധാന്യം നൽകാതെ മോദി സർക്കാർ അധികാരമേറ്റയുടൻ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ വിദ്യാഭ്യാസ വ്യവസ്ഥിതിയെ പുനസംഘടിപ്പിക്കും എന്ന് അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീമതി സ്മൃതി ഇറാനി പ്രസ്താവിക്കുകയുണ്ടായി. ആർഎസ്എസിന്റെ സഹയാത്രികനും ശിക്ഷാ സംസ്കൃതി ഉപന്യാസ് ദേശീയ അധ്യക്ഷനുമായ

ദീനനാഥ് ബത്ര വിദ്യാഭ്യാസ വ്യവസ്ഥയെ ഉടച്ചുവാർക്കണം എന്നും രാജ്യത്തിന്റെ സാമൂഹ്യസാംസ്കാരികചരിത്രം അടിമുടി മാറ്റി എഴുതുന്നതിനു വേണ്ടിയുള്ള പരിഷ്കാരങ്ങൾ വേണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ചില നിർദ്ദേശങ്ങൾ മാനവവിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചു.

താമസിയാതെ ഈ നിർദ്ദേശങ്ങൾ നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷൻ ആൻഡ് റിസർച്ച് ട്രെയിനിങ് (എൻസിഇആർടി) കൈമാറി. ഈ രേഖ പുതിയ ദേശീയ വിദ്യാഭ്യാസത്തിന്റെ കരട് രൂപമാക്കി ചർച്ചകൾക്ക് തുടക്കം കുറിച്ചു. 2015 നവംബറിൽ പുതിയ ദേശീയ വിദ്യാഭ്യാസ നയം ക്രോഡീകരിക്കാൻ മുൻ ക്യാബിനറ്റ് സെക്രട്ടറി ടിഎസ്.ആർ.സുബ്രഹ്മണ്യം ചെയർമാനായ ഒരു സമിതിയെ നിയോഗിക്കുകയുണ്ടായി. സ്വതന്ത്രഭാരതത്തിൽ വിദ്യാഭ്യാസ നയരൂപീകരണത്തിന് ആദ്യമായി രൂപീകൃതമായ സമിതി ഡോ. ഡി.എസ്.കോത്താരിയുടെ നേതൃത്വത്തിലുള്ളതായിരുന്നു. അക്കാദമികരംഗത്തെ പ്രഗൽഭരുടെ കൂട്ടായ്മയായിരുന്നു ആ സമിതി. രാജ്യവ്യാപകമായ ചർച്ചകൾ നടത്തിയും വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായങ്ങൾ തേടിയും ജനാധിപത്യമാർഗ്ഗങ്ങളിലൂടെയും തയ്യാറാക്കിയ ദേശീയ വിദ്യാഭ്യാസനയത്തിന് 'വിദ്യാഭ്യാസവും ദേശീയ വികസനവും' എന്നായിരുന്നു പേര് നൽകിയത്. 1968 ലായിരുന്നു ദേശീയ വിദ്യാഭ്യാസനയം അംഗീകരിക്കപ്പെട്ടത്.

1985 ൽ രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ 'മനുഷ്യവിഭവശേഷി വികസനത്തിന് ഉപയോഗിക്കുക' എന്ന ആശയത്തിനു പ്രാമുഖ്യം നൽകി. 'വിദ്യാഭ്യാസത്തിന്റെ വെല്ലുവിളികൾ നയപരമായ ഒരു പരിപ്രേക്ഷ്യം' എന്ന രേഖ അവതരിപ്പിച്ചു. രാജ്യവ്യാപകമായ ചർച്ചകൾക്ക് ശേഷം 1986 - ൽ പാർലമെൻറിൽ അവതരിപ്പിച്ച് അംഗീകാരം നേടി. ഈ രേഖ രണ്ടാമത്തെ വിദ്യാഭ്യാസ നയരേഖയായിരുന്നു.

## പുതിയ വിദ്യാഭ്യാസ നയരേഖ, നയസമീപനങ്ങൾ

ഒമ്പത് അധ്യായങ്ങൾ അടങ്ങിയ ടി.എസ്.ആർ.സുബ്രഹ്മണ്യം കമ്മിറ്റി റിപ്പോർട്ട് ഏറെക്കാലം ഗവർമെന്റ് രഹസ്യമാക്കിവെച്ചു. റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ താമസിച്ചപ്പോൾ ടി.എസ്.ആർ.സുബ്രഹ്മണ്യം തന്നെ റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങൾ പുറത്തുവിട്ടു. വിദ്യാഭ്യാസത്തെ വ്യവസായമായി കാണുന്ന, ലാഭം നേടാനുള്ള മാർഗമായി ഉപയോഗപ്പെടുത്തണമെന്ന ആശയം റിപ്പോർട്ടിൽനിന്ന് ഒറ്റ നോട്ടത്തിൽ വ്യക്തമാകുന്നു. മതനിരപേക്ഷതയും സാമുദായിക സൗഹാർദ്ദവും വളർത്തുക, വിവരസാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ നിലവാരം ഉയർത്തുക, സ്വയംപഠനം, വിമർശന ചിന്തയുടെ പ്രോത്സാഹനം, അറിവ് പങ്കുവയ്ക്കൽ ഇവയ്ക്ക് പ്രാധാന്യം നൽകണമെന്ന് രേഖയിൽ നിർദ്ദേശിക്കുന്നു.




വ്യത്യസ്ത തലത്തിലുള്ള പരീക്ഷാ സമ്പ്രദായം വഴി പരാജയ നിരക്ക് കുറയ്ക്കാനുള്ള പദ്ധതിയാണ് റിപ്പോർട്ട് വിഭാവന ചെയ്യുന്നത്. പത്താം ക്ലാസ് പരീക്ഷ പാർട്ട് A (ഉയർന്ന തലം) പാർട്ട് B (താഴ്ന്നതരം) എന്നീ നിലകളിൽ ക്രമീകരിക്കുക, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ പഠിക്കാൻ താല്പര്യമില്ലാത്തവർക്കും ഉന്നതപഠനത്തിന് പോകാൻ ഉദ്ദേശമില്ലാത്തവർക്കും പാർട്ട് B തിരഞ്ഞെടുക്കാം. ഈ സാഹചര്യത്തിൽ സാമൂഹ്യകമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക്, ഉയർന്ന നിലയിൽ എത്തിച്ചേരുന്നതിന് മാർഗ്ഗതടസ്സം ഉണ്ടാക്കാനുള്ള ഗൂഢതന്ത്രം ആയി ഈ പരീക്ഷ സമ്പ്രദായത്തെ വിലയിരുത്താം. അസഹിഷ്ണുത പൂജ്യത്തിൽ എത്തിക്കണമെന്നും മതനിരപേക്ഷതയും സാമുദായിക സൗഹാർദവും വളർത്തണമെന്നും രേഖയിൽ നിർദ്ദേശിക്കുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം നയരേഖയിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. ഭാരതീയ സംസ്കാരത്തിന്റെ അടിത്തറ ധാർമികമൂല്യങ്ങളിൽ അടിയുറച്ചിട്ടുള്ളതിനാൽ ഈ മൂല്യങ്ങൾ സ്വായത്തമാക്കാൻ ഉപയുക്തമായ പാഠഭാഗങ്ങൾ ക്ലാസ് മുറികളിൽ പഠിപ്പിക്കണമെന്ന് രേഖ വ്യക്തമാക്കുന്നു. ഈ ആശയം സ്വാഗതാർഹമാണെങ്കിലും വിവിധ മതങ്ങളും ചിന്താധാരകളും ഭാഷാ സാംസ്കാരിക വൈവിധ്യങ്ങളും നിലനിൽക്കുന്ന ഭാരതത്തിൽ ഒരു പ്രത്യേക മത സംസ്കൃതിയുടെ മൂല്യങ്ങൾക്ക്, നയരേഖ പിൻബലം നൽകുന്നില്ലേ എന്ന് ന്യായമായും സംശയിക്കേണ്ടിവരുന്നു. വിദ്യാഭ്യാസ നയരേഖ തയ്യാറാക്കുന്ന അവസരത്തിൽ മത ന്യൂനപക്ഷ വിഭാഗങ്ങളുടെ അഭിപ്രായങ്ങൾ സ്വീകരിക്കാൻ കമ്മീഷൻ തയ്യാറായില്ല എന്ന വസ്തുത ഗൗരവതരമാണ്. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് ഗുണപരമായവിദ്യാഭ്യാസം നൽകുകയും ഏതാണ്ട് 35000 ൽപരം വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുകയും ചെയ്യുന്ന ക്രിസ്തീയ സമൂഹങ്ങളുമായി പ്രത്യേകിച്ച്, വിദ്യാഭ്യാസ മേഖലയിലെ സ്ഥാപന മേധാവികളുമായി യാതൊരുവിധ ചർച്ച നടത്താനോ നിർദ്ദേശങ്ങൾ സ്വീ

കരിക്കുവാനോ സമിതി തയ്യാറായിട്ടി ല്ല. 15000 വിദ്യാർത്ഥികളുമായും 2400 ലധികം അധ്യാപകരുമായും ആശയ വനിമയം നടത്തുകയും വിവിധ സം സ്ഥാനങ്ങൾ സന്ദർശിച്ച് വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായം തേടിയുമാ ണ് നയരൂപീകരണം നടത്തിയതെന്ന് കമ്മറ്റി അവകാശപ്പെടുന്നെങ്കിലും ക മ്മീഷൻ നടപടി ക്രമങ്ങൾ ഒട്ടും സു താര്യത പുലർത്തിയിരുന്നില്ലെന്ന ആക്ഷേപം പരക്കെയുണ്ട്.

## കാവിവൽക്കരണം ആസൂത്രിത നീക്കങ്ങളിലൂടെ...

പുരാണങ്ങളിലെ കഥാപാത്രങ്ങളെ വീ രനായകരായി അവതരിപ്പിക്കാനുള്ള പ രിശ്രമങ്ങളെ നമുക്ക് അവഗണിക്കാവു ന്നതേയുള്ളു, എന്നാൽ ഈ നായകരെ അപഗ്രഥിക്കുകയും നവീന ശാസ്ത്രവു മായി ബന്ധിപ്പിച്ചു പുതിയ മുഖം നൽ കാനുള്ള സംഘപരിവാർ ബുദ്ധിജീവി കളുടെ പരിശ്രമം ഏറെ പരിഹാസ്യ മാണ്. വിദ്യാഭാരതിയിലൂടെയും സരസ്വ തി ശിശുമന്ദിരങ്ങളിലൂടെയും ആർഎ സ്എസ് നടപ്പിലാക്കുന്ന കാവിവൽക്ക രണം പൊതുവിദ്യാഭ്യാസ മണ്ഡലത്തി ലേക്ക് വ്യാപിപ്പിക്കാനുള്ള തന്ത്രങ്ങൾ ആശങ്കയുണർത്തുന്നു.

വിദ്യാഭ്യാസ നയരൂപീകരണവും അധ്യാപക പരിശീലനവും, ഗവേഷണ പ്രവർത്തനങ്ങളും നടത്തുന്ന എൻസി ഇആർടി, യുജിസി, ഐസിഎസ്എസ് ആർ, ഐസിഎച്ച്ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ തലപ്പത്ത് ഹിന്ദുത്വ ആശയങ്ങളുടെ പ്രചാരകരേയും ആർ എസ്എസ് ആഭിമുഖ്യമുള്ള വൈസ് ചാൻസലർമാരേയും ഡയറക്ടർ മാർമാരെയും നിയമിച്ചുകൊണ്ട് തങ്ങ ളുടെ അജണ്ടകൾ ആസൂത്രിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

മധ്യപ്രദേശ് മുൻ ബിജെപി സർ ക്കാർ, സ്കൂളുകളിലും മദ്രസകളിലും ഭഗവദ്ഗീത പഠിപ്പിക്കണമെന്ന് ഉത്ത രവായി. രാജസ്ഥാനിലെ മുൻ ബിജെ പി സർക്കാരാകട്ടെ സരസ്വതി വന്ദന വും സൂര്യനമസ്കാരവും സ്കൂളു കളിൽ നിർബന്ധമാക്കി. പാഠപുസ്ത കങ്ങളിൽ മഹാറാണാ പ്രതാപ് പോ ലെയുള്ള ഹിന്ദു രാജാക്കന്മാരെ പ്ര കീർത്തിക്കുകയും മുഗൾ ഭരണാധി കാരിയായ അക്ബറെ ആക്രമണകാ രിയായി അവതരിപ്പിക്കുകയും ചെയ് തു. നൂറ്റിആറാമത് ദേശീയ സയൻസ് കോൺഗ്രസിൽ ഇന്ത്യൻ ശാസ്ത്ര പു രോഗതിയെ പിന്നോട്ടടിക്കുന്ന വികല ങ്ങളായ ആശയങ്ങൾ അവതരിപ്പിക്ക പ്പെട്ടു. കർണന്റെ ജനനവും ഗണപ തിയുടെ തുമ്പിക്കൈയും പുരാണങ്ങ ളിലെ കഥകളും ശാസ്ത്രീയ സത്യ ങ്ങളുമായി ബന്ധപ്പെടുത്തിവ്യാഖ്യാ നിക്കുന്നത് ഏറെ പരിഹാസ്യമാണ്. സരസ്വതിദേവിയെ നഗ്നയായി ചി ത്രീകരിച്ചു എന്നതിന്റെ പേരിൽ വി ഖ്യാത ചിത്രകാരനായ എം എഫ് ഹു സൈന്റെ പേര് എൻസിഇആർടി പാഠ പുസ്തകങ്ങളിൽ നിന്ന് നീക്കം ചെ യ്യണമെന്ന ആവശ്യവും ഉയർന്നു.



ബിജെപി ഭരിക്കുന്ന സംസ്ഥാന ങ്ങൾ പാഠപുസ്തകങ്ങളിൽ വർഗീ യ വിഷം നിറച്ച് വിദ്യാർത്ഥികളിൽ അ ന്യ മതങ്ങളോടുള്ള വിദ്വേഷം വളർ ത്താൻ ബോധപൂർവം ശ്രമങ്ങൾ നട ത്തി. ഇന്ത്യൻ ഭരണഘടനയുടെ ആർ ട്ടിക്കിൾ 29,30 എന്നിവയിൽ ന്യൂനപ ക്ഷങ്ങൾക്കുള്ള വിദ്യാഭ്യാസ അവകാ ശങ്ങൾ വ്യക്തമായി എടുത്തുപറയു ന്നു. ആർട്ടിക്കിൾ 30(1) അനുസരിച്ചു മതഭാഷാ ന്യൂനപക്ഷങ്ങൾക്ക് വിദ്യാ ഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനുമുള്ള അ വകാശം സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

ആർട്ടിക്കിൾ 30 (2) പ്രകാരം ന്യൂ നപക്ഷ സ്ഥാപനങ്ങൾ എന്ന നില യിൽ സ്റ്റേറ്റ്, വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്ക് നൽകുന്ന ധന സഹായ ങ്ങൾ യാതൊരുവിധത്തിലുള്ള വിവേ ചനവും പാടില്ലെന്ന് വ്യക്തമാക്കുന്നു. മതന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാ ഭ്യാസ സ്ഥാപനങ്ങളോട് വ്യക്തമായ വിവേചനം മോദി സർക്കാർ വെച്ചുപു ലർത്തുന്നു. ഒറീസ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പിന്നോക്ക ദളിത് മേഖലകളിൽ പ്രവർത്തിക്കുന്ന ക്രിസ് ത്യൻ മാനേജ്മെൻറ് സ്കൂളുകൾക്ക് ഉച്ചഭക്ഷണ പരിപാടിക്ക് ഫണ്ട് അനു വദിക്കാതെ കുരുന്നുകൾക്ക് ആഹാരം നിഷേധിക്കുന്നു. സർവശിക്ഷാ അഭി യാൻ പദ്ധതി പ്രകാരം ഒന്നുമുതൽ എ ട്ടുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ ക്ക് സൗജന്യമായി പാഠപുസ്തകവും, യൂണിഫോമും നൽകുമ്പോൾ പിന്നോ ക്ക പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ക്രിസ്ത്യൻ സ്കൂളുകളിലെ പാവപ്പെ ട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂ ല്യം നിഷേധിക്കപ്പെടുന്നു. ഒരുപക്ഷെ ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനമേ ധാവികൾ ആർട്ടിക്കിൾ 21(A) യുടെ ലം ഘനം കോടതിയിൽ ചൂണ്ടിക്കാട്ടി അ വകാശം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കാ ത്തതും ഈ ആനുകൂല്യനിഷേധത്തിനു കാരണമാകാം. വിദ്യാഭ്യാസ നയരൂപീ കരണം ആർഎസ്എസ് ബൗദ്ധിക പ്ര മുഖരുടെ ചിന്തയിൽ നിന്ന്, രൂപപ്പെടു മ്പോൾ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാ സ സ്ഥാപനങ്ങളെ ബോധപൂർവം ഇല്ലാതാക്കാൻ ശ്രമിക്കുമെന്ന കാര്യ ത്തിൽ സംശയമില്ല. വർഗീയതയും അ സഹിഷ്ണുതയും വെച്ചുപുലർത്തുന്ന ഒരു സർക്കാരിൽ നിന്ന് ഇതിൽ കൂടു തൽ പ്രതീക്ഷിക്കുന്നതിൽ അർത്ഥമി ല്ല. മോദി ഗവർമെന്റിന്റെ നാലരവർഷ ഭരണകാലയളവിൽ ന്യൂനപക്ഷ സ്ഥാ പനങ്ങൾക്ക്നേരെ ആർഎസ്എസ്, ബ ജരംഗ്ദൾ തുടങ്ങിയ സംഘപരിവാർ ശക്തികളുടെ കടന്നാക്രമണങ്ങളിൽ നിരവധി സ്ഥാപനങ്ങൾക്ക് സാരമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.




## വാഗ്ദാനങ്ങളുടെ പെരുമഴ, പാഴായ വാഗ്ദാനങ്ങൾ

വിദ്യാഭ്യാസ രംഗത്തെ സമഗ്ര മാറ്റങ്ങൾക്കായി നടത്തിയ പ്രഖ്യാപനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ സമ്പൂർണ പരാജയമായിരുന്നു മോദി സർക്കാർ. 2014 ൽ ഭാരതീയ ജനതാ പാർട്ടിയുടെ തിരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പുതിയ വിദ്യാഭ്യാസ നയരേഖ അവതരിപ്പിക്കും എന്ന് പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഭരണത്തിലേറി ഒന്നരവർഷത്തിനുശേഷം 2016 മേയിൽ 230 പേജുകളുള്ള കരട് വിദ്യാഭ്യാസനയരേഖ പ്രസിദ്ധീകരിച്ചു. ക്യാമ്പസ് രാഷ്ട്രീയം അവസാനിപ്പിക്കാനും പത്താംക്ലാസ് പരീക്ഷ പുനഃസ്ഥാപിക്കാനും വിദ്യാർത്ഥികളുടെ അംഗസംഖ്യ കുറഞ്ഞ സ്കൂളുകളെ പരസ്പരം ലയിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ വിവാദങ്ങൾക്ക് തിരികൊളുത്തി. ജൂൺ 26 2017 ന് ശ്രീ കെ കസ്തൂരിരംഗൻന്റെ നേതൃത്വത്തിൽ പുതിയ സമിതിയെ നയരേഖ രൂപീകരിക്കാൻ നിയമിച്ചു. മൂന്നുതവണ കാലാവധി നീട്ടി നൽകിയെങ്കിലും റിപ്പോർട്ട് ഇതുവരെ സമർപ്പിക്കാനായില്ല. റിപ്പോർട്ടുകൾക്കായി കാത്തിരിക്കാതെ ഏകപക്ഷീയമായ നടപടികളുമായി മോദി സർക്കാർ മുന്നോട്ടുപോയി. രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തർപ്രദേശ്, തുടങ്ങിയ സംസ്ഥാനങ്ങളിൽ കുട്ടികൾ കുറഞ്ഞ വിദ്യാലയങ്ങൾ പരസ്പരം ലയിപ്പിച്ചും 2009 ലെ വിദ്യാഭ്യാസ അവകാശ നിയമങ്ങളിൽ വെള്ളംചേർത്തും ഗവർമെൻറ് മുന്നോട്ടുനീങ്ങി.

ഗുണമേന്മ സ്കൂൾ വിദ്യാഭ്യാസത്തിന് എല്ലാ തലങ്ങളിലും ഉറപ്പാക്കുക എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ 2018 ൽ മോദി സർക്കാർ സർവ്വശിക്ഷാ അഭിയാനും (എസ്എസ്എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാനും (ആർഎംഎസ്എ) ഏകീകരിച്ച് സമഗ്ര ശിക്ഷ അഭിയാൻ എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചു. എസ്എസ്എ, ആർഎംഎസ്എ പദ്ധതികൾക്ക് ഉണ്ടായിരുന്ന പ്രത്യേക ഫണ്ട് ഒരുമിച്ചു ചേർത്തു ഒറ്റഫണ്ടാക്കി. കേന്ദ്രവിഹിതം കുറക്കുകയും വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വെട്ടികുറക്കുകയും ചെയ്തു.

മോദി ഗവൺമെന്റിന്റെ വിദ്യാഭ്യാസത്തിനായുള്ള ബഡ്ജറ്റ് വിഹിതം പരിശോധിച്ചാൽതന്നെ വിദ്യാഭ്യാസ വികസനത്തിന് മോദി സർക്കാർ നൽകുന്ന പ്രാധാന്യം വ്യക്തമാകും.

| വർഷം | സർക്കാർ | ബഡ്ജറ്റ് വിഹിതം | ജിഡിപി വിഹിതം |
|---|---|---|---|
| 2013-14 | (UPA) | 4.77 | 0.71 |
| 2014-15 | (NDA) | 4.61 | 0.67 |
| 2015-16 | (NDA) | 3.89 | 0.50 |
| 2016-17 | (NDA) | 3.66 | 0.48 |
| 2017-18 | (NDA) | 3.17 | 0.47 |
| 2018-19 | (NDA) | 3.48 | 0.45 |

രാജ്യം പൊതുതെരഞ്ഞെടുപ്പിലേക്ക് നീങ്ങുമ്പോൾ നിലവിലിരിക്കുന്ന ഗവൺമെൻറിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സമഗ്രമായി വിലയിരുത്തുകയും നേട്ടങ്ങളെ അംഗീകരിക്കുകയും,കോട്ടങ്ങളെ തുറന്നുകാട്ടുകയും ചെയ്യേണ്ടതുണ്ട്. പ്രതിലോമകരമായ ആശയങ്ങൾ രൂപീകരിക്കുകയും ആസൂത്രിതമായി നടപ്പിലാക്കുകയും ചെയ്തു കൊണ്ട് രാജ്യ പുരോഗതിയെ പിന്നാക്കം പായിക്കുന്ന സർക്കാരിനെ വീണ്ടും അധികാരത്തിലേറ്റാൻ അവസരം നല്കണമോയെന്നു വോട്ടർമാർ ഗൗരവമായി ചിന്തിക്കാനുള്ള സമയമാണിത്.

പൗരന്മാർക്ക് ഭരണഘടന ഉറപ്പുനൽകുന്ന അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കുകയും മതേതര ജനാധിപത്യമൂല്യങ്ങൾ കാറ്റിൽ പറത്തുകയും, വിദ്യാഭ്യാസത്തെ തങ്ങളുടെ ഗൂഢലക്ഷ്യങ്ങൾ നടപ്പിലാക്കാനുള്ള മാർഗ്ഗമായി കരുതുകയും ചെയ്യുന്ന സംഘപരിവാർ ശക്തികളുടെ ശ്രമങ്ങളെ നാം തിരിച്ചറിയണം. ■

ലേഖനം

ഡോ. സ്റ്റീഫൻ ആലത്തറ
ഡപ്യൂട്ടി സെക്രട്ടറി ജനറൽ, സിസിബിഐ



# കമ്മ്യൂണിയോ ഇന്ത്യ ഞായർ പ്രേഷിത കൂട്ടായ്മയ്ക്ക്

കേരളത്തിലെ ലത്തീൻ കത്തോലിക്കാസഭ ഭാരതത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ നിർദേശമനുസരിച്ച് തപസ്സുകാലത്തെ ആദ്യത്തെ ഞായർ, മാർച്ച് പത്താം തീയതി, കമ്മ്യൂണിയോ ഇന്ത്യ ഞായർ ആയി ആചരിക്കുകയാണ്. 'കമ്മ്യൂണിയോ' (communio) എന്ന ലത്തീൻ പദത്തിന്റെ അർത്ഥം കൂട്ടായ്മ എന്നാണ്. ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ അജപാലന പ്രേഷിത പ്രവർത്തനങ്ങൾക്ക് കൂട്ടായ്മയുടെ ഒരുമിച്ചുള്ള പ്രവർത്തനം ആവശ്യമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാന്മാർ "കമ്മ്യൂണിയോ ഇന്ത്യ ഞായർ" (കൂട്ടായ്മ ഞായർ) വർഷത്തിൽ ഒരിക്കൽ ആചരിക്കുവാൻ തീരുമാനിച്ചത്.

ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ തനതായ രൂപീകരണവും വളർച്ചയുമാണ് കമ്മ്യൂണിയോ ഇന്ത്യയുടെ അടിസ്ഥാനപരമായ ലക്ഷ്യം. ഭാരതത്തിലെ ലത്തീൻ സഭയ്ക്ക് ആഗോള കത്തോലിക്കാ സഭയിൽ സുപ്രധാനമായ ദൗത്യവും പരമപ്രധാനമായ പങ്കും കടമയുമുണ്ട്. വിശ്വാസത്തിലും അംഗബലത്തിലും വളർന്നുകൊണ്ടിരിക്കുന്ന ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയെ പ്രതീക്ഷയോടെയാണ് ആഗോള കത്തോലിക്കാ സഭയും സഹോദര സഭകളും വീക്ഷിക്കുന്നത്.

## എന്താണ് കമ്മ്യൂണിയോ ഇന്ത്യ?

കമ്മ്യൂണിയോ ഇന്ത്യ എന്ന ആശയം നമ്മിൽ ഏവർക്കും പുതുമയുള്ളതാണ്. ഓരോ വർഷവും ഒക്ടോബർ മാസത്തിൽ അത്യോൽസാഹത്തോടുകൂടി മിഷൻ ഞായർ നാം ആചരിക്കാറുണ്ട്. മിഷൻ ഞായറിന്റെ പ്രവർത്തനങ്ങൾ സാർവത്രിക സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാൻ വേണ്ടിയുള്ളതാണെങ്കിൽ കമ്മ്യൂണിയോ ഇന്ത്യ ഞായറിന്റെ ആചരണം ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് സഹായകമാകാൻ വേണ്ടിയാണ്.

ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭ വൈവിധ്യമാർന്ന മേഖലകളിൽ സമ്പന്നമാണ്. വിശ്വാസത്തിന്റെ തലത്തിലും ഭദ്രതയുള്ള കുടുംബ ബന്ധങ്ങളുടെ മേഖലയിലും ധാർമ്മിക

മൂല്യങ്ങളുടെ പരിപാലനത്തിലും പുരോഹിതരുടെയും സന്ന്യസ്തരുടെയും മിഷനറിമാരുടെയും എണ്ണത്തിലും, സാമ്പത്തിക ഉറവിടങ്ങളുടെ തലത്തിലും ഏറെക്കുറെ സമ്പന്നമാണെങ്കിലും പല സ്ഥലങ്ങളിലും ഇതിന് ഏറ്റക്കുറച്ചിലുകളുണ്ട്. ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയെ ഒരു കുടുംബമായി കണ്ട് നമുക്ക് ഉള്ളത് ഇല്ലാത്തവരുമായി പങ്കുവെച്ച് ഏവരും ഒരുപോലെ ഐക്യത്തോടെ വിശ്വാസത്തിന്റെയും അജപാലനത്തിന്റെയും പ്രേഷിത പ്രവർത്തനത്തിന്റെയും മേഖലകളിൽ ഒരുപോലെ വളർച്ച പ്രാപിക്കുന്ന മനോഹര കൂട്ടായ്മയുടെ ആശയമാണ് കമ്മ്യൂണിയോ ഇന്ത്യ എന്ന ബൃഹത്തായ പദ്ധതിക്കു പിന്നിലുള്ളത്.

നമ്മിൽ പലർക്കും പ്രാർത്ഥിക്കുവാനും ദിവ്യബലി അർപ്പിക്കുവാനും ദൈവാരാധനയ്ക്കുമായി മനോഹരങ്ങളായ ദൈവാലയങ്ങളും അനുബന്ധ സംവിധാനങ്ങളുമുണ്ട്. എന്നാൽ ഭാരതത്തിലെ കത്തോലിക്കരിൽ ചിലർക്കെങ്കിലും ദൈവാരാധനയ്ക്കും വിശുദ്ധ കുർബാനയുടെ ആഘോഷത്തിനും ഒരുമിച്ച് കൂടാൻ യോജിച്ച ഒരിടമില്ല എന്നുള്ളത് യാഥാർഥ്യമാണ്. വൃക്ഷതണലിലും ചോർന്നൊലിക്കുന്ന പുല്ലു പാകിയ ദൈവാലയ മേൽക്കൂരയ്ക്കു കീഴിലിരുന്നുകൊണ്ടും സന്തോഷത്തോടെ ദൈവത്തെ ആരാധിക്കുന്ന വിശ്വാസി സമൂഹം ഭാരതത്തിന്റെ ചില മേഖലകളിലെങ്കിലും ഉണ്ടെന്നുള്ളത് നാം വിസ്മരിക്കരുത്. പ്രാഥമിക അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കാൻ പോലും സാധിക്കാതെ പരിമിതമായ സൗകര്യങ്ങളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നിരവധിയായ മിഷണറിമാർ ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ കരുത്താണ്. വിശ്വാസത്തിന്റെ തീക്ഷ്ണതയോടെ യേശുവിനും സഭയ്ക്കും വേണ്ടി പാവപ്പെട്ടവരോടും അടിച്ചമർത്തപ്പെട്ടവരോടും നീതി നിഷേധിക്കപ്പെട്ടവരോടും പക്ഷം ചേർന്ന് ഭാരതത്തിന്റെ വിദൂര ഗ്രാമങ്ങളിൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന നമ്മുടെ സഹോദരീ സഹോദരന്മാരായ മിഷണറിമാരെ സഹായിക്കുവാൻ നമുക്കോരോരുത്തർക്കും കടമയും ഉത്തരവാദിത്വവുമുണ്ട്. ഈ ഉത്തരവാദിത്ത ബോധത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയമാണ് "കമ്മ്യൂണിയോ ഇന്ത്യ."

## കമ്മ്യൂണിയോ ഇന്ത്യയുടെ ലക്ഷ്യങ്ങൾ

തിരുസഭ സ്വഭാവത്താലേ മിഷണറിയാണ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിത പ്രവർത്തനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കുന്നതാണ് പ്രേഷിത പ്രവർത്തനത്തിന്റെ അന്തഃസത്ത. സുവിശേഷത്തിന്റെ സന്തോഷം അനുഭവിക്കുന്ന വിശ്വാസികളെ രൂപപ്പെടുത്തിയാൽ മാത്രമേ പ്രേഷിത പ്രവർത്തനം തീക്ഷ്ണതയോടെ നിർവഹിക്കുന്ന മിഷണറിമാരെ രൂപീകരിക്കാൻ നമ്മുക്കു സാധിക്കുകയുള്ളൂ. ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ അജപാലന പ്രേഷിത പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതാണ്. ഇതിനായി ഭാരതത്തിലെ 132 ലത്തീൻ കത്തോലിക്കാ രൂപതകളെയും 564 സന്ന്യാസ സമൂഹങ്ങളെയും സഹായിക്കുക എന്നതാണ് കമ്മ്യൂണിയോ ഇന്ത്യയുടെ പ്രഥമ ലക്ഷ്യം.

ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയെ ഒരു വിശാല കുടുംബമായി കണ്ട് നമ്മുടെ ഇടയിലെ ആവശ്യക്കാരായ സഹോദരീ സഹോദരന്മാരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന പങ്കുവയ്ക്കലിന്റെ നവ്യമായ സംസ്കാരം രൂപപ്പെടുത്തുക എന്നതും കമ്മ്യൂണിയോ ഇന്ത്യയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. പ്രേക്ഷിത പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനും മിഷണറിമാരെ സഹായിക്കുവാനും പ്രേഷിത പ്രവർത്തനം നിർവഹിക്കാൻ നമ്മുടെ അൽമായ സമൂഹത്തെ പ്രോത്സാഹിപ്പിക്കാനും "കമ്മ്യൂണിയോ ഇന്ത്യ" ലക്ഷ്യം വയ്ക്കുന്നു. മിഷണറിമാർക്കു വേണ്ടി പ്രാർത്ഥിക്കാനും പ്രാർത്ഥനയിലൂടെ മിഷണറിയാകാനും നമ്മുടെ ചെറിയ സാമ്പത്തിക സഹായത്തിലൂടെ ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനത്തെ പണിതുയർത്താനും പരിപോഷിപ്പിക്കുവാനും കമ്മ്യൂണിയോ ഇന്ത്യ ലക്ഷ്യം വയ്ക്കുന്നുണ്ട്.



## കമ്മ്യൂണിയോ ഇന്ത്യയുടെ തുടക്കം

ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കായി ഒരു സാമ്പത്തിക സഹായ ഏജൻസിയെക്കുറിച്ച് ഭാരതത്തിലെ മെത്രാന്മാർ 1960കൾ മുതൽ സ്വപ്നം കാണുകയും ചർച്ച ചെയ്യുകയും ചെയ്തിരുന്നു.



വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് ജർമ്മനിയിൽ സ്ഥാപിതമായ "മിസിയോ ജർമ്മനി" എന്ന സാമ്പത്തിക ഏജൻസി അത്ഭുതാവഹമായ രീതിയിൽ സാർവത്രിക സഭയുടെ പ്രേഷിത പ്രവർത്തനത്തെ സഹായിക്കുന്നത് ഭാരതത്തിലെ മെത്രാന്മാർക്ക് പ്രചോദനമായിരുന്നു. ഇത്തരത്തിൽ ഒരു സാമ്പത്തിക സഹായ ഏജൻസി ഭാരതസഭയ്ക്കും വേണമെന്നുള്ള ആശയം പല തലത്തിലും ചർച്ച ചെയ്തെങ്കിലും അതിനു തുടക്കമിടാൻ കഴിഞ്ഞിരുന്നില്ല. 2000ത്തിലെ മഹാജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ കത്തോലിക്കാ സഭ യേശുക്രിസ്തു ജയന്തി ആചരിച്ചതിനെ തുടർന്ന് ഭാരതസഭയുടെ അജപാലന പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടത് അനിവാര്യമാണെന്ന ചർച്ചകളെ തുടർന്ന് ഇവയ്ക്കു പ്രോത്സാഹനവും സഹകരണവും നൽകാൻ സാമ്പത്തിക സഹായ ഏജൻസി ആരംഭിക്കാനുള്ള നീക്കങ്ങൾ സജീവമായി.

2015 ഫെബ്രുവരിയിൽ ബംഗളൂരുവിൽ ചേർന്ന ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയുടെ (സിസിബിഐ) 27-ാം പ്ലീനറി സമ്മേളനത്തിൽ മെത്രാന്മാർ ഈ ആശയം ശക്തമായി ഉന്നയിച്ചു. ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭ ഒരു കുടുംബമാണെന്നും ആ കുടുംബത്തിലെ അംഗങ്ങളെ പരസ്പരം സഹായിച്ച് വളർത്തുവാൻ ഓരോരുത്തർക്കും കടമയുണ്ടെന്നും മെത്രാന്മാർ ഓർമ്മിപ്പിച്ചു. ഇതെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ സിസിബിഐയുടെ നിർവാഹക സമിതിയെ ചുമതലപ്പെടുത്തി. 2016 ഏപ്രിലിൽ ഡൽഹിയിൽ ചേർന്ന സിസിബിഐയുടെ 74-ാമത് നിർവാഹക സമിതി യോഗം സാമ്പത്തിക സഹായ ഏജൻസിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ വെളിച്ചത്തിൽ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ ഡെപ്യൂട്ടി സെക്രട്ടറി ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

2016 സെപ്തംബറിൽ ബംഗളൂരുവിൽ ചേർന്ന മെത്രാൻ സമിതിയുടെ 75-ാമത് നിർവാഹക സമിതിയിൽ പദ്ധതിയുടെ രൂപരേഖ സമർപ്പിക്കുകയും ഭേദഗതികളോടെയും നിർദേശങ്ങളോടെയും നിർവാഹകസമിതി അത് അംഗീകരിക്കുകയും ചെയ്തു. 2017 ജനുവരിയിൽ ഭോപ്പാലിൽ നടന്ന 76-ാമത് നിർവാഹക സമിതി പദ്ധതിക്ക് അന്തിമരൂപം നൽകി. "മിസിയോ ഇന്ത്യ" എന്ന പേരാണ് നിർദേശിച്ചതെങ്കിലും പിന്നീട് "കമ്മ്യൂണിയോ ഇന്ത്യ" എന്ന പേരാണ് തിരഞ്ഞെടുത്തത്. 2017ൽ ഭോപ്പാലിൽ ചേർന്ന സിസിബിഐയുടെ 29-ാം പ്ലീനറി സമ്മേളനത്തിൽ പങ്കെടുത്ത 136 മെത്രാന്മാർ ഐകകണ്ഠ്യേന വോട്ടു രേഖപ്പെടുത്തി "കമ്മ്യൂണിയോ ഇന്ത്യ" എന്ന സാമ്പത്തിക സഹായ ഏജൻസിക്ക് ഔദ്യോഗിക അംഗീകാരം നൽകുകയും തുടക്കം കുറിക്കുകയും ചെയ്തു.

2018 ഫെബ്രുവരിയിൽ ബംഗളൂരുവിൽ ചേർന്ന് സിബിഐയുടെ 30-ാം പ്ലീനറി സമ്മേളനം ഭാരതത്തിന്റെ അപ്പോസ്തോലനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളിനോട് അടുത്തുവരുന്ന ആഗമനകാലത്തിലെ ആദ്യ ഞായർ കമ്മ്യൂണിയോ ഇന്ത്യ ഞായറായി ആചരിക്കാൻ തീരുമാനിച്ചെങ്കിലും പ്രാദേശിക മെത്രാൻ സമിതികൾക്കോ രൂപതകൾക്കോ ഉചിതമായ ഞായർ കമ്മ്യൂണിയോ ഇന്ത്യ ഞായറായി ആചരിക്കുവാനുള്ള സ്വാതന്ത്ര്യം നൽകി. കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭ തപസ്സുകാലത്തെ ആദ്യ ഞായറാണ് കമ്മ്യൂണിയോ ഇന്ത്യ ഞായറായി ആചരിക്കുവാൻ ഈ വർഷം തീരുമാനിച്ചിരിക്കുന്നത്.

നമ്മുടെ ഒരോരുത്തരുടെയും പ്രേഷിത പ്രവർത്തനത്തിലുള്ള പങ്കാളിത്തമാണ് കമ്മ്യൂണിയോ ഇന്ത്യ ഞായറിന്റെ സമുചിതമായ ആചരണത്തിലൂടെ നാം പ്രകടമാക്കേണ്ടത്. അന്നേ ദിവസം ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ അജപാലന മിഷൻ പ്രവർത്തനങ്ങൾക്കായി പരിമിതമായ സാഹചര്യങ്ങളിൽ ജീവൻ പോലും പണയം വച്ച് ത്യാഗത്തോടെ ശുശ്രൂഷ ചെയ്യുന്ന നമ്മുടെ നിരവധിയായ മിഷണറിമാർക്കായി പ്രാർത്ഥിക്കുവാനും നമുക്ക് സാധിക്കണം. നമ്മുടെ കഷ്ടപ്പാടുകളുടെയും വേദനകളുടെയും നടുവിൽ ദൈവം നമുക്ക് നൽകുന്ന ചെറിയ വരുമാനത്തിൽ നിന്ന് നമ്മുടേതായ ത്യാഗത്തിന്റെ ഒരു പങ്ക് ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി നൽകാനും നമുക്ക് കഴിയേണ്ടിയിരിക്കുന്നു. നമ്മുടെ ചെറുതും വലുതുമായ സംഭാവനകൾ ഭാരതത്തിലെ ലത്തീൻ സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വലിയ സഹായമായിരിക്കും.

നമ്മുടെ എളിയ പ്രാർത്ഥനയിലൂടെയും ത്യാഗപൂർണമായ പങ്കുവയ്ക്കലിലൂടെയും കമ്മ്യൂണിയോ ഇന്ത്യ ഞായറിന്റെ സമുചിതമായ ആചരണത്തിലൂടെയും സഭയുടെ പ്രേഷിത പ്രവർത്തനത്തിൽ പങ്കുകാരാകാൻ നമുക്ക് സാധിക്കട്ടെ. ■




# വീണ്ടും ഒരു നോമ്പുകാലം

**ക്ഷാ**രബുധൻ മുതൽ ഈസ്റ്റർ വരെയുള്ള 40 ദിവസത്തെ നോമ്പുകാലം (തപസുകാലം) പ്രാർത്ഥനയുടേയും അനുതാപത്തിന്റയും പരിത്യാഗത്തന്റെയും സത്പ്രവൃത്തികളുടേയും കാലമാണ്. 40 എന്ന അക്കത്തിനു ആത്മീയമായ അർത്ഥം ഉണ്ട്. സീനായ് മലയിൽ പത്തു കല്പനകൾ സ്വീകരിക്കാനായി യാതൊന്നും കഴിക്കാതെയും പാനം ചെയ്യാതെയും (പുറ 34:28) മോശ കാത്തു നിന്നത് 40 രാവും പകലുമായിരുന്നു. ഏലിയ പ്രവാചകനും 40 പകലും രാവും കർത്താവിന്റെ മലയിലേയ്ക്കു (Mount Horeb – സീനായ് മലയ്ക്കുള്ള മറ്റൊരു നാമം) നടന്നു (1 രാജ 19:8). കൂടാതെ യേശു 40 പകലും രാവും മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞതിനു ശേഷമാണ് പരസ്യ ജീവിതം തുടങ്ങിയത് (മത്താ 4:2).

## എന്താണ് നോമ്പിന്റ അന്തരാർത്ഥം?

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പീഢാനുഭവവും മരണവും ഉത്ഥാനവും ഉൾക്കൊള്ളുന്നതിലൂടെയാണ് നോമ്പിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാൻ കഴിയുന്നത്. മനസ്സിന്റെ ദ്രവീകരണവും നവീകരണവും സംഭവിക്കുന്നതിലൂടെയാണ് ഒരു വിശ്വാസിക്ക് സത്യസന്ധമായി നോമ്പാചരിക്കാൻ കഴിയുന്നത്. ഇത് സാധ്യമാകുന്നത് തന്നെയാണ് നോമ്പാചരണത്തിന്റെ ലക്ഷ്യവും. പാപ സാഹചര്യങ്ങളിൽ നിന്നും ജഢികാസക്തികളിൽ നിന്നും സ്വാർത്ഥതയിൽ നിന്നും മുക്തി നേടികൊണ്ട്, പ്രാർഥനയുടെയും ഉപവാസത്തിന്റെയും വഴികളിലൂടെ സഞ്ചരിച്ച്, ഹൃദയത്തിൽ ദൈവരാജ്യം സ്ഥാപിച്ചുകൊണ്ട്, വിശ്വാസസമൂഹത്തിൽ ദൈവരാജ്യം സംജാതമാക്കുവാൻ നോമ്പുകാലം സഭാമക്കളെ ക്ഷണിക്കുന്നു.




വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും പ്രത്യേക പ്രാർഥനയുടെയും ഈ കാലഘട്ടം അവരെ ദൈവവുമായി കൂടുതൽ ചേർന്നു നില്ക്കുവാൻ സഹായിക്കുന്നു. ഓരോ വർഷവും ഈ വഴികളിലൂടെ സഞ്ചരിച്ച് ആത്മവിശുദ്ധീകരണം നേടാൻ വിശ്വാസികൾക്ക് കഴിയുന്നു. നോമ്പുകാലം കേവലം ദുഃഖാചരണത്തിന്റെ ഒരു കാലം മാത്രമായി വീക്ഷിച്ചാൽ ഈ ആചരണം തീർത്തും നിരർത്ഥകമായി മാറും. ഇത് സ്നേഹത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുവാനുള്ള കാലഘട്ടമാണ്. പ്രതീക്ഷയിലേക്കും പ്രത്യാശയിലേക്കും മനുഷ്യന്റെ മനസ്സിനെ മുന്നോട്ടു നയിക്കുന്ന ഉയിർപ്പാണ് നോമ്പാചരണത്തിന്റെയും അന്തിമലക്ഷ്യം. ദുഃഖത്തിന്റെ ബാഹ്യാവരണം എടുത്തുമാറ്റി സ്നേഹത്തിന്റെയും ആത്മഹർഷത്തിന്റെയും ദർപ്പണത്തിലൂടെ വേണം നോമ്പുകാലാചരണത്തെ വിശ്വാസികൾ സമീപിക്കേണ്ടത്. കാരണം, മരണത്തിന്റെ തണുപ്പിൽ നിന്നും പുതുജീവന്റെ ഊഷ്മളതയിലേക്കാണ് ഉയിർപ്പ് തിരുനാൾ മാനവരാശിയെ നയിക്കുന്നത്.

നോമ്പുകാലത്തു കർത്താവിനു വേണ്ടി ഇഷ്ടപ്പെട്ടതെന്തെങ്കിലും വർജ്ജിക്കുന്നുവെങ്കിൽ ഒരു ഫരിസിയനെ പോലെ പഴുതുകൾ പരിശോധിക്കാതിരിക്കാം. കൂടാതെ, കുരിശിന്റെ വഴിയിൽ പങ്കുചേർന്നും ദിവ്യബലിയിൽ പങ്കെടുത്തും ദിവ്യകാരുണ്യ ആരാധന, സ്വകാര്യ പ്രാർത്ഥന, വേദപുസ്തക വായന, നല്ല കുമ്പസാരം, എന്നി ആത്മീയ കാര്യങ്ങൾ ചെയ്തും വേദനിക്കുന്നവർക്കും പരിത്യക്തർക്കും ഓരങ്ങളിൽ വസിക്കുന്നവർക്കും നമ്മേ തന്നെ സമീപസ്ഥമാക്കി നോമ്പുകാലം ഉചിതമായി ആചരിക്കാം. ■

ലേഖനം

ഡോ. എ.ആർ.ജോൺ




# ഭയമില്ലാതെ പരീക്ഷയ്ക്ക് ഒരുങ്ങാം

‘അസാധ്യമെന്ന വാക്ക് വിഡ്ഢിയുടെ നിഘണ്ടുവിലേ കാണുകയുള്ളൂ.’ ഇത് പ്രസിദ്ധനായ നെപ്പോളിയന്റെ വാക്കുകളാണ്.

നേടാൻ ഒരു ലക്ഷ്യം മുന്നിലുണ്ടെങ്കിൽ, അതിനായി കഠിനാദ്ധ്വാനം ചെയ്യാനുള്ള മനസ്സുണ്ടെങ്കിൽ, നിർഭയം പോവുക. വിജയം നിങ്ങളുടേതാവും, ഉറപ്പ്.

വൃദ്ധനായ ഗലീലിയോ നേരം പാതിര കഴിഞ്ഞിട്ടും വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. തന്റെ, വൃദ്ധനും രോഗിയുമായ അച്ഛൻ കൂനിക്കുറുകി, മണ്ണെണ്ണവിളക്കിനരികിൽ കഷ്ടപ്പെട്ട് പഠിക്കുന്നത് കണ്ട് വിഷമവും നീരസവും തോന്നിയ മകൾ തന്റെ പിതാവിനോട് പറഞ്ഞു: ‘‘പപ്പ!, അങ്ങേയ്ക്ക് പോയിക്കിടന്ന് ഉറങ്ങിക്കൂടേ, ഈ അർധരാത്രിയിലും എന്തിനാ കഷ്ടപ്പെട്ട് വായിക്കുന്നത്.” അപ്പോൾ ഗലീലിയോ തന്റെ മകളോട് രണ്ടുകാര്യങ്ങൾ പറഞ്ഞു:

‘മകളെ, എനിക്ക് ഒരു ജീവതമേ ഉള്ളൂ. അത് ഞാൻ പൂർണ്ണമായി ജീവിച്ചു തീർക്കും’ രണ്ടാമതായി പറഞ്ഞു, ‘മണ്ടന്മാർ സുഖമായി ഉറങ്ങുമ്പോൾ ബുദ്ധിജീവികൾ രാത്രി പകലാക്കി കഠിനാദ്ധ്വാനം ചെയ്യും.’

അതിനാൽ പരീക്ഷയ്ക്ക് ഒരുങ്ങുന്ന നിങ്ങൾ തിരിച്ചറിയണം, ജീവിതം ഒന്നേയുള്ളൂ എന്ന്, അതിനെ കഠിനാദ്ധ്വാനം കൊണ്ട് വിജയകരമാക്കുക.

## ആത്മബലം നിങ്ങൾക്കുണ്ടോ?

നിങ്ങൾക്ക് ലക്ഷ്യം നേടാൻ സാധിക്കും എന്ന ദൃഢനിശ്ചയം നിങ്ങൾക്കുണ്ടോ? പ്രതിസന്ധികളും ബുദ്ധിമുട്ടുകളും വന്നാലും ആത്മബലത്തോടെ മുന്നോട്ട് കുതിക്കുവാൻ നിങ്ങൾക്ക് കഴിയുമോ? അതിന് ആദ്യം നിങ്ങൾ നിങ്ങളെതന്നെ വിശ്വാസിക്കണം. നിങ്ങളുടെ കഴിവുകളെ നിങ്ങളുടെ വാസനകളെ, നിങ്ങളുടെ ഉൾബലത്തെ... അതിനുശേഷം നിങ്ങൾ മുന്നിൽ കാണുന്ന ലക്ഷ്യത്തെ നോക്കിക്കൊണ്ട് ‘എനിക്ക് സാധിക്കും’ എന്ന് ഉറച്ച തീരുമാനത്തോടെ പറയണം. ഈ ആത്മബലം നിലയ്ക്കാത്ത ഉത്സാഹത്തോടെ നിങ്ങളെ മുന്നോട്ട് നയിക്കും, തീർച്ച.

## ലക്ഷ്യം വ്യക്തമാണോ?

ലക്ഷ്യം കൃത്യവും വ്യക്തവുമായിരിക്കണം. നിങ്ങൾക്ക് ആരായിത്തീരണം? അതിന് എത്ര മാർക്ക് ഓരോ വിഷയത്തിനും ഞാൻ നേടണം? ഈ ലക്ഷ്യം നേടാൻ ഞാൻ എങ്ങനെ ജീവിക്കണം? ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം ഉണ്ടാകണം. വലിയ ലക്ഷ്യങ്ങൾ മുന്നിൽ വച്ചുകൊണ്ടാവണം പഠിക്കാൻ. ഇത് ആരെയെങ്കിലും ബോധ്യപ്പെടുത്താനോ, പ്രീതിപ്പെടുത്താനോ, ഞാൻ വലിയ ബുദ്ധിജീവിയെന്ന് തെളിയിക്കാനോ, നല്ല പേര് കിട്ടാനോ, നാലാളെ അറിയിക്കാനോ വേണ്ടിയല്ല, മറിച്ച് നിങ്ങളുടെ സ്വപ്നലക്ഷ്യങ്ങളെ സാക്ഷാൽക്കരിക്കാൻ വേണ്ടിയാണ്. സാക്ഷാൽക്കരിച്ചാലോ നാം ഈ പറഞ്ഞതെല്ലാം വഴിയെ വന്നുകൊള്ളും.

## ലക്ഷ്യത്തിന് കൃത്യതയുണ്ടോ?

നന്നായ് പഠിക്കാം, നല്ല മാർക്കു നേടാൻ ശ്രമിക്കാം.... എന്ന തരം ചിന്തകൾക്ക് ബലമില്ല, ഇച്ഛാശക്തിയില്ല, ഉറച്ച തീരുമാനമില്ല. മറിച്ച് ഞാൻ എത്രമാർക്കു നേടും എന്ന് ഇപ്പോൾ തന്നെ കൃത്യതയോടെ പറയാനാവണം. 90 %, 95 % എത്ര? എല്ലാ വിഷയത്തിന് ‘എ+’? അത് സാധിച്ചെടുക്കാൻ ഇപ്പോൾ ഞാൻ എന്തു ചെയ്യണം? ഇവ എനിക്ക് നേടാൻ സാധിക്കുന്നതാണോ? അതോ ഇത് എന്റെ ഒരു ആഗ്രഹം മാത്രമായി ഒതുങ്ങുമോ? ഒതുങ്ങാൻ പാടില്ല. കൃത്യവും വ്യക്തവുമായിരിക്കണം ലക്ഷ്യം. അതിനായി ജീവിക്കണം.

## മനസ്സിനെ നിയന്ത്രിക്കാൻ സാധിക്കുമോ?

മനസ്സ് പലപ്പോഴും വിനോദത്തിന്റെയും അമിതാസക്തികളുടെയും അത്യാഹ്ലാദങ്ങളുടെയും പുറകേ പോകും. ടി.വി.കാണണോ, പഠിക്കണോ എന്ന് ചോദിച്ചാൽ മനസ്സിനിഷ്ടം ടി.വി.കാണുന്നതാണ്. എന്നാൽ

ചിലരാകട്ടെ ടി.വി.കാണണ്ട, ഞാൻ പഠിക്കാൻ പോകുന്നു എന്ന് തീരുമാനമെടുക്കും. കാരണം അവരുടെ മനസ്സ് പക്വതയുള്ളതാണ്. ലക്ഷ്യം മനസ്സിൽ പതിഞ്ഞാൽ പിന്നെ ചെറിയ സന്തോഷങ്ങളിൽ അവർ മതിമറക്കാതെ, മനസ്സിന് പരിശീലനം നൽകി ലക്ഷ്യപ്രാപ്തിയ്ക്ക് സഹായിക്കുന്ന കാര്യങ്ങളിൽ ഏർപ്പെടും. മനസ്സിനെ നിയന്ത്രിക്കാൻ തക്ക ആർജ്ജവമുള്ളവർക്കറിയാം, കഠിനാദ്ധ്വാനം നെല്ലിക്കാപോലെയെന്ന്. ആദ്യം കയ്ക്കും പിന്നെയാണ് മധുരിക്കുക.

## സമയത്തിന്റെ വില നിങ്ങൾക്കറിയാമോ?

ലക്ഷ്യത്തെ സ്നേഹിക്കുന്നവന് സമയം പാഴാക്കാൻ കഴിയില്ല. ലക്ഷ്യം സാധിക്കാൻ ഓരോ മിനിറ്റും ഓരോ സെക്കന്റും ക്രിയാത്മകമായി പ്രയോജനപ്പെടുത്തണം. മിനിറ്റുകളെ മണിക്കൂറുകൾ പോലെ ഉപയോഗിക്കണം.

## ഓ! പരീക്ഷയ്ക്ക് ഇനിയും നാളുണ്ടല്ലോ?

'അടുത്ത മാസമല്ലേ പരീക്ഷ' എന്ന് ചിന്തിക്കുന്നവർക്ക് അവകാശപ്പെട്ടതല്ല, സുരക്ഷിതമായ ഭാവി, വിജയവും സമയവുമായിട്ടാണ് ബന്ധം. എത്രകണ്ട് സമയത്തെ നന്നായി ഉപയോഗിക്കുന്നുവോ അത്രകണ്ടായിരിക്കും നിങ്ങളുടെ വിജയം

## സ്ഥിരോത്സാഹം നിങ്ങൾക്കുണ്ടോ?

ഉത്സാഹവും സ്ഥിരോത്സാഹവും തമ്മിലുള്ള അന്തരം വലുതാണ്. അധ്യയനവർഷം ആരംഭിക്കുമ്പോൾ, പരീക്ഷയ്ക്ക് തോല്ക്കുമ്പോൾ, ആരെങ്കിലും പ്രോത്സാഹനം നൽകുമ്പോൾ... നമുക്ക് ഉടനെ തോന്നും, 'ഇനി ഞാൻ നന്നായി പഠിക്കും.' പക്ഷേ അതിന് അധിക ആയുസ് ഉണ്ടാകില്ല. പല കുട്ടികളുടെയും പരാജയകാരണം ഇതുതന്നെ. ഉത്സാഹം സ്ഥിരമല്ല. സ്ഥിരോത്സാഹം അല്ലെങ്കിൽ അണയാത്ത അഗ്നി മനസ്സിലുണ്ടെങ്കിലേ വിജയം കരസ്ഥമാക്കാൻ കഴിയൂ. അതിന് പർവതങ്ങൾക്കുള്ളിലുള്ള ലാവയെ മനസ്സിൽ ഒളിപ്പിച്ചുവയ്ക്കണം. അത് കത്തിജ്ജ്വലിച്ചുകൊണ്ടിരിക്കണം, വിജയത്തിനായി. ഈ ലാവ വൻവിജയമായി ഒരിക്കൽ പുറത്തുവരും.

അന്ന് ജനം അത്ഭുതപ്പെടും. 'ഇത്രവലിയ ശക്തി ഇവന്റെ ഉള്ളിലുണ്ടായിരുന്നല്ലോ' എന്ന്.

## ഇച്ഛാശക്തി നിങ്ങൾക്കുണ്ടോ?

ചില വികലചിന്തകൾ നിങ്ങളെ അലട്ടിയേക്കാം. ഞാൻ കഴിവില്ലാത്തവനാണ്, മണ്ടനാണ്, ബുദ്ധിക്കുറവുള്ളവനാണ്, കണക്ക് എന്റെ തലയിൽ കയറില്ല... (കണക്ക് എനിക്ക് പറ്റില്ല), അതോടൊപ്പം എന്നെ ആർക്കും ഇഷ്ടമില്ല, ആരും എന്നെ സ്നേഹിക്കുന്നില്ല, അംഗീകരിക്കുന്നില്ല. ഈ ചിന്തകൾ മാരകവിഷത്തിന് തുല്യമാണ്. ഇത് നിങ്ങളുടെ ശക്തിയെ ചോർത്തിക്കളയും. അതിനാൽ നിങ്ങളുടെ ഇച്ഛാശക്തിയെ ഉണർത്തുക. തോൽക്കാൻ മനസ്സില്ല എന്ന് മനസ്സിലുറപ്പിക്കുക. ഞാൻ ഉദ്ദേശിക്കുന്ന ലക്ഷ്യം ഞാൻ നേടിയെടുക്കും എന്ന് ഉറപ്പാക്കുക.



1. നോട്ടുകളെല്ലാം പൂർണമാക്കണം.
2. കവിത, ഉപന്യാസം, ചെറിയ ചോദ്യോത്തരങ്ങൾ, ഫോർമുല, പ്രശ്നങ്ങൾ എന്നിവ ഹൃദ്യസ്ഥമാക്കണം.
3. അധ്യാപകൻ പ്രധാനമെന്ന് പറഞ്ഞ ഭാഗങ്ങൾ പ്രത്യേക നിറം കൊണ്ട് അടയാളപ്പെടുത്തി പൂർണമായി പഠിച്ചു എന്ന് ഉറപ്പുവരുത്തുക.
4. മനസ്സിലാകാത്ത പാഠഭാഗങ്ങൾ അധ്യാപകരുടെയും മാതാപിതാക്കളുടെയും നന്നായി പഠിക്കുന്നവരുടെയും സഹായത്തോടെ പഠിച്ച് മനസ്സിലാക്കണം.
5. ഈ നാളുകളിൽ ആഘോഷങ്ങൾ, സിനിമ, വിരുന്നുകൾ, തീർത്ഥാടന വിനോദയാത്രകൾ, കൂട്ടുകാരുമായുള്ള ഒത്തുചേരലുകൾ എന്നിവ ഒഴിവാക്കണം.
6. പഠനേതര പ്രവൃത്തികൾ (കോ-കരിക്കുലർ ആന്റ് എക്സ്ട്രാ ആക്ടിവിറ്റീസ്) വളരെ കുറയ്ക്കണം.
7. എനിക്ക് നല്ല മാർക്കും ഗ്രേഡും ലഭിക്കുമെന്ന ആത്മവിശ്വാസത്തോടെ പ്രതീക്ഷാപൂർവ്വം, പരീക്ഷ എന്റെ കഴിവുകളെ പുറത്തെടുക്കാനുള്ള അവസരമായി കണ്ട് പ്രത്യാശയോടെ കാത്തിരിക്കുക.
8. ഓരോ ആഴ്ചയുടെ അവസാനവും ഓരോ വിഷയത്തിനും പ്രത്യേകിച്ച് പ്രയാസമുള്ള വിഷയത്തിന് ട്രയൽ എക്സാം എഴുതണം. പഴയ ചോദ്യപേപ്പർ കണ്ടെത്തി പരീക്ഷ എഴുതി നോക്കണം. പരീക്ഷ പേപ്പർ കഴിവതും ആ വിഷയം പഠിപ്പിക്കുന്ന അധ്യാപകനെകൊണ്ട് ഒന്ന് തിരുത്തിവാങ്ങി അതിനെ വിലയിരുത്തണം. അങ്ങനെ ചെയ്താൽ, അക്ഷരതെറ്റ്, വ്യാകരണം, കൈയക്ഷരം എന്നിവ മാറ്റിയെടുക്കാൻ കഴിയും.

ആശയങ്ങൾ വ്യക്തതയും തുടർച്ചയുമുണ്ടായിരുന്നോ?
മാർക്കിന് ആനുപാതികമായാണോ എഴുതിയത്?
എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതിയോ?
സമയം നിയന്ത്രണവിധേയമായിരുന്നോ? ശരിയായി വിനിയോഗിച്ചോ?
എന്നീ പരീക്ഷ വിജയത്തിനാവശ്യമായ കാര്യങ്ങൾ ഉറപ്പുവരുത്താൻ കഴിയും.
ഓർക്കുക, വലിപ്പം മറ്റുള്ളവരുടെ മുമ്പിൽ തെളിയിക്കുന്ന ഒരവസരമാണ്. ഈ അവസരത്തെ ശാസ്ത്രീയമായി സമീപിച്ച് ഉന്നതവിജയം നേടുക. ■



ലേഖനം

ഫാ. ലോറൻസ് കുലാസ്

# തപസുകാലം: മാറ്റത്തിനുള്ള ആഹ്വാനം

വസന്തകാലം സൗരഭ്യത്തിന്റെയും പുത്തൻ ഉണർവിന്റെയും ശ്രേഷ്ഠകാലമാണ്. അതുപോലെ തപസുകാലം മനുഷ്യജീവിതത്തിൽ മാറ്റങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കുവാൻ പര്യാപ്തവുമാണ്. ഈസ്റ്ററിലേക്കുള്ള നമ്മുടെ യാത്ര ഏറ്റവും അർത്ഥപൂർണമാകുന്നത് തപസുകാലത്തിന്റെ തീവ്ര അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴാണ്. അതുവഴി ആന്തരികമായ പരിണാമത്തിലൂടെ ഉയിർപ്പിന്റെ പുത്തൻ അനുഭവത്തിലേക്ക് നാം പ്രവേശിക്കുന്നു. യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് കടന്നുപോയ നാല്പത് ദിവസത്തെ കഠിനമായ മരുഭൂമിഅനുഭവമാണ് തപസുകാലം നമ്മേ ഓർമ്മപ്പെടുത്തുന്നത്. ആദ്ധ്യാത്മിക ജീവിതത്തിലേക്കുള്ള സമൂലമാറ്റമാണ് തപസ്ചര്യകളുടെ (മരുഭൂമിഅനുഭവങ്ങളുടെ) ആത്മാർത്ഥമായ ആചാരങ്ങളിലൂടെ സാധ്യമാകുന്നത്.

മരുഭൂമി അനുഭവങ്ങളുടെ പശ്ചാത്തലം ഒരുക്കുന്ന ഒരു രൂപകം വിശുദ്ധഗ്രന്ഥത്തിൽ നിന്ന് സ്വീകരിച്ചകൊണ്ട് തപസുകാല ചിന്തകൾ പങ്കുവയ്ക്കാം. പരസ്യജീവിതകാലഘട്ടത്തിൽ തനിക്ക് ചുറ്റും കൂടിയിരുന്ന ജനങ്ങളോട് വിത്തുകളുടെയും അവയിൽ നിന്നുളവാകുന്ന ചില്ലകൾ, മൊട്ടുകൾ, കായ്കനികൾ എന്നിവയിലൂടെയും ശ്രോതാക്കൾക്ക് മനസ്സിലാക്കുവാൻ കഴിയുന്ന വിധത്തിൽ ദൈവരാജ്യത്തിന്റെ സന്ദേശങ്ങൾ യേശു പകർന്ന് നല്കിയിരുന്നു. വിതക്കാരൻ വിതയ്ക്കാൻ പോകുന്ന ഉപമയിലെ വിത്ത് എന്ന ഏറ്റവും ചെറിയ വസ്തുവിന് സംഭവിക്കുന്ന വലിയ വ്യതിയാനങ്ങളെ ഉയിർപ്പിന് മുമ്പുള്ള മരുഭൂമി അനുഭവവുമായി ബന്ധിപ്പിക്കാനാകും. കേവലം ഒരു വിത്തിന് അതിലടങ്ങിയിരിക്കുന്ന വലിയ ചലനശേഷിയിലേയ്ക്ക് എത്തുവാൻ ആറ് ഘട്ടങ്ങളിലൂടെ കടന്നു പോകേണ്ടിയിരിക്കുന്നു. ഉയിർപ്പ് നല്കുന്ന നവ്യാനുഭത്തിലേയ്ക്ക് കടന്നുവരുവാൻ വിത്തിൽ സംഭവിക്കുന്ന മാറ്റത്തിന്റെ ആറ് ഘട്ടങ്ങൾ തപസനുഷ്ഠാനത്തിന്റെ ആറ് ആഴ്ചകളിൽ നമ്മിലും സംഭവിക്കേണ്ടിയിരിക്കുന്നു.

## അനുകൂല ചുറ്റുപാട്

ഒരു വിത്ത് ഏറ്റവും ഉചിതമായ രീതിയിൽ ഫലദായകമായ ഒരു വൃക്ഷമായി വളർന്ന് പന്തലിക്കണമെങ്കിൽ തികച്ചും അനുയോജ്യമായ ഒരു പരിസ്ഥിതി അതിന് ലഭിക്കേണ്ടതായിട്ടുണ്ട്. എത്ര നല്ല വളക്കൂറുള്ള മണ്ണാണെങ്കിലും നിരന്തരമായി സൂര്യപ്രകാശവും മഴയും മഞ്ഞും ലഭിച്ചെങ്കിൽ മാത്രമേ ഭൂമിയുടെ ഗർഭപാത്രത്തിൽ ഒളിഞ്ഞിരിക്കുന്ന വിത്തിന് മുളയെടുക്കുവാൻ കഴിയുകയുള്ളൂ. ഇതുപോലെ, തപസനുഷ്ഠാന ത്തിന്റെ പ്രാരംഭ ദിശയിൽ പ്രാർത്ഥനയിലൂടെയും ആരാധനയിലൂടെയും പഠനത്തിലൂടെയും ഉപവി പ്രവർത്തനങ്ങളിലൂടെയും ആത്മീയജീവിതത്തിൽ വളരുവാനുള്ള അനുകൂലമായ ഒരു ചുറ്റുപാട് നാമും നേടിയെടുക്കേണ്ടിയിരിക്കുന്നു. തപസനുഷ്ഠാനത്തിന്റെ മരുഭൂമിഅനുഭവത്തിന് ഉതകുന്ന അനുകൂല ചുറ്റുപാട് ജീവിതത്തിൽ നിന്ന് അടർത്തിയാൽ ആത്മീയ ജീവിതത്തിലുള്ള വളർച്ച മുരടിച്ച് പോകും.

## കാത്തിരിപ്പ്

ആധുനികകാലഘട്ടം ഒന്നിനുവേണ്ടിയും കാത്ത് നില്ക്കുവാൻ ക്ഷമയില്ലാത്തവിധം തിരക്കേറിയതാണ്. മൺതിട്ടയുടെ പിന്നാമ്പുറത്ത് അടിഞ്ഞ് കിടക്കുന്ന വിത്ത് സുദീർഘമായ ഒരു കാത്തിരിപ്പിന് ശേഷമാണ് ഭൂമിയുടെ മേൽത്തട്ടിലേക്ക് എത്തിനോക്കുന്നത്. നിദാന്തജാഗ്രതയാണ് വിത്തിനെ മുളപ്പിക്കുവാൻ സഹായമാകുന്ന ഏറ്റവും പ്രധാനഘടകം. ഓരോന്നും അതാതിന്റെ സമയത്ത് മുളയെടുക്കുവാൻ പ്രകൃതിയ്ക്ക് ഒരു സംവിധാനമുണ്ട്. തിടുക്കം കൊണ്ട് പ്രകൃതി ഒരുക്കുന്ന സംവിധാനങ്ങളെ മനുഷ്യന് തടുക്കുവാൻ കഴിയുന്നില്ല. മനുഷ്യജീവിതത്തിലും മരുഭൂമിഅനുഭവങ്ങളിലൂടെ കടന്നുപോകുവാൻ ദൈവം ഒരുക്കുന്ന ഒരു സമയമുണ്ട്. നോമ്പുകാലം ഈ ഒരുക്കത്തിനായി ദൈവം നീക്കിവച്ചിട്ടുള്ള സമയമായി സ്വീകരിക്കാം. ഇവിടെ ക്ഷമയുടെയും സഹനത്തിന്റെയും കാത്തിരിപ്പിന്റെയും ഒക്കെ അനുഭവങ്ങളിലൂടെ വിത്ത് എന്നപോലെ നമ്മിൽ ആത്മീയ ജീവിതത്തിന്റെ മുളയെടുക്കുവാൻ നാമും കടന്നുപോകേണ്ടിയിരിക്കുന്നു. മരുഭൂമിഅനുഭവത്തിന്റെ രണ്ടാംഘട്ടം ഇതുപോലൊരു കാത്തിരിപ്പാണ്.

## മൂന്ന്, വളർച്ചയിലെ വൈവിധ്യം

ഭൂമിക്കുമേൽ നാമ്പെടുത്ത വിത്തുകൾക്ക് അവയുടെതായ ഒരു ചില സവിശേഷതകളുണ്ട്. ചില നാമ്പുകൾ വളരെ വേഗം വളർന്ന് വരുന്നതായി കാണാം. എന്നാൽ വേറെ ചിലത് അത്രയ്ക്ക് തഴച്ച് വളരുന്നതായി കാണപ്പെടുന്നില്ല. ഏകീകൃതമായ ഒരു വളർച്ച ഉയിരെടുത്ത എല്ലാ നാമ്പുകളിലും അനുഭവപ്പെടുന്നില്ല. വളർച്ചയുടെ എല്ലാഘട്ടങ്ങളിലും ഏറ്റക്കുറച്ചിലുകൾ നമുക്ക് കാണുവാൻ കഴിയും. തപസനുഷ്ഠാനത്തിന്റെ മരഭൂമി അനുഭവത്തിലൂടെ കടന്നുപോകുമ്പോൾ ആത്മീയതയുടെ വളർച്ചാനിരക്കിലും ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടാം. വളർച്ചയുടെ തോത് കുറയുന്നെങ്കിൽപോലും അവ പരോക്ഷമായി വളരുന്നുണ്ട്. പ്രത്യക്ഷത്തിൽ വളർച്ചാനിരക്ക് കുറയുന്നെങ്കിലും വളർച്ച ഉറപ്പാണ്. പ്രസ്തുത മാറ്റമാണ് മരുഭൂമിഅനുഭവത്തിന്റെ ത്രിതീയഘട്ടം.

## ഘട്ടം ഘട്ടമായിട്ടുള്ള വളർച്ച

വളർന്ന് തുടങ്ങുന്ന ചെടികളും വൃക്ഷങ്ങളും ഫലം നല്കാൻ തക്കവിധം പൂർണ്ണ വളർച്ചയിലേയ്ക്ക് എത്തുന്നതിന് മുമ്പ് വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടിയിരിക്കുന്നു. നമ്മുടെ കണ്ണുകൾക്ക് അവിശ്വസിനീയാമാം വിധം അവയിൽ മാറ്റങ്ങൾ വരുന്നതായി കാണാം. ഇതുപോലുള്ള മാറ്റങ്ങൾ മരുഭൂമിഅനുഭവങ്ങളിലൂടെ കടന്നുപോകുന്ന മനുഷ്യരിലും ഉണ്ടാകുന്നു. പ്രായശ്ചിത്തത്തിന്റെയും പരിഹാരപ്രവർത്തനങ്ങളുടെയും ഫലങ്ങൾ അനുഭവിക്കാൻ തക്കവിധം വൈവിധ്യമാർന്ന സാഹചര്യങ്ങളിലൂടെ നോമ്പാചരണത്തിന്റെ നാലാം ഘട്ടത്തിലേയ്ക്ക് നാം പ്രവേശിക്കുന്നു. ഈ ഘട്ടത്തിൽ ദൃശ്യമായ മാറ്റങ്ങൾ വൃക്ഷങ്ങളിലേതെന്നപോലെ നമ്മിലും പ്രത്യക്ഷപ്പെടുന്നു. ജീവിതത്തിന്റെ തിരക്കിൽ നിന്ന് അല്പം മാറി നിന്ന് ചിന്തിക്കുവാനും ധ്യാനിക്കുവാനും പഠനത്തിനും പരോപകാര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സമയം കണ്ടെത്തുവാൻ ഈ ഘട്ടം സഹായകരമാകുന്നു.

## വിത്തിലെ ത്രികാല ചൈതന്യം

ഭൂമിയിൽ പാകപ്പെടുന്ന ഓരോ വിത്തും കാലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുവാൻ കഴിവുറ്റ ചൈതന്യം ഉൾക്കൊ

*(ശേഷം 30- ാം പേജിൽ)*



ഫാ. ലെനിൻ ഫെർണാണ്ടസ്

# യവനദേശത്തെ വിശ്വാസപുഷ്പം

മത്താ. 15:21–28 'കാനാൻകാരിയുടെ വിശ്വാസം' എന്ന സുവിശേഷ ഭാഗം ആധാരമായ കഥ.



ജോർദ്ദാൻ നദിയിലെ കുളിർ ജലാശയംപോലെ ശാന്തമായിരുന്നു ആ കൊച്ചുപെൺകുട്ടിയുടെ കിടപ്പ്. വിട്ടകന്ന പിശാചിന്റെ ക്രൂരഭാവങ്ങൾ ആ അമ്മയുടെ മനസ്സിൽ നൊമ്പരമായി തന്നെ നില കൊണ്ടു. വറ്റിവരണ്ടിരുന്ന കണ്ണുകളിൽ നിന്ന് ആനന്ദാശ്രുക്കൾ പൊഴിഞ്ഞുതുടങ്ങി. ഗ്രീക്കുകാര നായ അവളുടെ ഭർത്താവ്, പോംപെസ് അവളുടെ തോളിൽ കരങ്ങളമർത്തി മുഖം താഴ്ത്തി അവളെ ചുംബിച്ചു. ആ ചുംബനത്തിൽ അവളോടുള്ള ആദ രവും സ്നേഹവും എല്ലാം പ്രകടമായിരുന്നു. കണ്ണു കണ്ണോടുനോക്കിയിരുന്നപ്പോൾ അവരുടെ വികാ രങ്ങളേക്കാൾ അഗാധമായി നിശബ്ദത അവിടെ മാറ്റൊലികൊണ്ടു. അവൻ അവളോടുചോദിച്ചു, "നിനക്ക് എന്നോട് പറയാമോ പ്രിയേ ജറുസ ലേമിന്റെ അതിരുകടന്ന് ഈ യവനദേശത്തുവന്ന ആ നസ്രായന്റെ വാക്കുകൾ എന്റെ കുഞ്ഞിൽ എങ്ങനെ സൗഖ്യമായി രൂപപ്പെട്ടുവെന്ന്?" അവൾ പറഞ്ഞുതുടങ്ങി. ഒരു കവയ ത്രിയെപ്പോലെ അവൾ പാടിത്തുടങ്ങി, ഒരുന്മാ ദിയെ കണക്ക് അവൾ മന്ത്രിച്ചുതുടങ്ങി.

അവൾ : അവൻ വളരെ ക്ഷീണിതനായി രുന്നു. അവന്റെ വസ്ത്രങ്ങൾ പൊടിപിടിച്ചിരു ന്നു. അവന്റെ മുടികൾ തെക്കൻകാറ്റിന്റെ ഉഷ്ണ ത്തിൽ പാറിപ്പറന്നു. അവൻ ഏറെ സംസാരിച്ചില്ല എങ്കിലും അവൻ മിണ്ടിത്തുടങ്ങിയാൽ അവന്റെ ശിഷ്യഗണം ശബ്ദമടക്കി ശ്രദ്ധിച്ചു. സംസാരിക്കു മ്പോൾ അവന്റെ ഇടം കൈയുടെ ചലനം എന്നെ വല്ലാ താകർഷിച്ചു. അവന്റെ പാദങ്ങൾ വ്രണിതമായിരുന്നു. അവന്റെ മാത്രമല്ല, അവന്റെ ശിഷ്യരുടെയും പാദങ്ങൾ അമ്മാതിരി വ്രണിതങ്ങളായിരുന്നു. ഒറ്റനോട്ടത്തിൽ തന്നെ അറിയാം അവൻ ആരെയും ഭയപ്പെടുന്ന പ്രകൃതമേ അല്ല. നല്ല വിശ്രമം അവനും കൂട്ടർക്കും ആവശ്യമുള്ളതുപോലെ തോന്നി എനിക്ക്.

പോംപെസ്:- ഗ്രീക്ക് പണ്ഡിതന്മാരുടെ ഇടയിലും ജൂതനായ ഈ നസ്രേത്തുകാരനെക്കുറിച്ച് സംഭാഷണ ങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവന്റെ മലയിലെ പ്രസംഗത്തിന്റെ കാമ്പിനെക്കുറിച്ചും നൂതനവും വിപ്രവാത്മകവുമായ ചിന്താധാരകളെക്കുറിച്ചും ഒരു ഗ്രീക്കു പുരോഹിതൻ പറ ഞ്ഞുവെന്ന് ഞാനറിഞ്ഞു. അവന്റെ കര സ്പർശത്താൽ കുഷ്ടം ബാധിച്ചവർ ശുദ്ധരായതും തളർവാതരോഗികൾ തുള്ളിച്ചാടിയതും ഈ വിജാതീയ ദേശവും ഇന്നറിയുന്നു. അവന്റെ വാക്കുകൾ കേൾക്കുമ്പോളറിയാം, ബന്ധനങ്ങ ളുടെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ച് സ്വന്തം ഇന്നലെകളിൽ നിന്ന് സ്വതന്ത്രരാകാനാണ് അദ്ദേഹം നമ്മോട് പറയുന്ന തെന്ന്.

അവൾ:- അവൻ ദാവീദിന്റെ വംശത്തിൽ പിറന്നവനാ

ണെന്നും അവൻ കർത്താവായ മിശിഹായാണെന്നും എന്നോട് രഹസ്യമായി മൊഴിഞ്ഞത് അവനൊപ്പം ഉണ്ടായിരുന്ന സൂസന എന്ന സ്ത്രീയായിരുന്നു. സ്ത്രീകളും പുരുഷന്മാരുമടങ്ങിയ വലിയൊരു ജനക്കൂട്ടം അവനോടൊപ്പം ഉണ്ടായിരുന്നു. ചിലരൊക്കെ പറയുന്നുണ്ട്, റോമിന്റെ ഭരണകൂടത്തെ അവൻ അട്ടിമറിക്കും, അത്ഭുതങ്ങൾ കാട്ടി ഇവിടം സ്വർഗമാക്കും. എന്തൊക്കെയാണെങ്കിലും പാവപ്പെട്ടവരോടും ക്ലേശിതരോടും അവന് സ്നേഹമുണ്ടെന്ന് എനിക്കുമനസ്സിലായി.

പോംപെസ്:- ആ വലിയ ജനക്കൂട്ടം നിനക്കു തടസ്സമായില്ലേ? അവന്റെ പക്കലെത്തുന്നതിൽ നിന്ന് അവന്റെ ശിഷ്യർ നിന്നെ തടഞ്ഞില്ലേ.

അവൾ: അവരൊക്കെ എന്നെ സഹായിച്ചു. എന്റെ



നിലവിളി അവരെ കണ്ണീരണിയിച്ചു. എന്റെ കുഞ്ഞിന്റെ തീരാവേദന എന്നെ ദൃഢചിത്തയാക്കി. ഞാനുറക്കെ വിളിച്ചു, "ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ" അവൻ എന്നെ നോക്കി വളരെ നിഗൂഢമായി മന്ദഹസിച്ചു. എന്നിട്ടുപറഞ്ഞു, "ഇസ്രായേൽ ദേശത്തെ നഷ്ടപ്പെട്ട ആടുകളുടെ പക്കലേക്കാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്. നോക്കുകുഞ്ഞേ, മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കിട്ടുകൊടുക്കുന്ന രീതി നിങ്ങളുടെ കൂട്ടർ ചെയ്യുമോ?" അതു പറയുമ്പോഴും ആ നിഗൂഢമായ ചെറുമന്ദഹാസം അവന്റെ മുഖത്തുനിന്നുമാറിയിരുന്നില്ല. എനിക്ക് ഒരു നീരസവും അനുഭവപ്പെട്ടില്ല. കാരണം ആ ചിരിയിൽ നിന്നെനിക്കറിയാമായിരുന്നു അതൊരു പരീക്ഷണമാണെന്ന്. എന്നിൽ നിന്ന് എന്തോ ഒന്ന് നിർഗമിച്ചതുപോലെ തോന്നി, അത് അവനിലുള്ള വിശ്വാസമായിരുന്നു. ഞാൻ പറഞ്ഞു, "ഗുരോ നിന്റെ സ്വന്തം മക്കളുടെ വിശപ്പടങ്ങിയശേഷം ബാക്കിവരുന്ന അനുഗ്രഹത്തിന്റെ അപ്പകഷ്ണം എന്റെ കുഞ്ഞിനായി തന്നുകൂടേ?" പിന്നീട് അവന്റെ അധരത്തിൽ നിന്നും ലോകം കേട്ടത്, വിജാതീയർക്കായുള്ള എക്കാലത്തേയും സുവിശേഷമായിരുന്നു; "സ്ത്രീയെ നിന്റെ വിശ്വാസം എത്രയോ വലുതാണ്."

പോംപെസിന് എല്ലാം വിസ്മയം പോലെ അനുഭവ്പെട്ടു. യവനദേവൻമാരുടെ നഗരമായ ആഥൻസിൽ പലവട്ടം അവൻ പോയിട്ടുണ്ട്. എപ്പിക്യൂറിയൻ ചിന്തകരുമായും സ്റ്റോയിക്ക് തത്വചിന്തകരുമായും പലവട്ടം വാദപ്രതിവാദങ്ങളും സംവാദങ്ങളും നടത്തിയിട്ടുണ്ട്. അറിവിന്റെ ലോകത്ത് മുങ്ങിത്തപ്പിയപ്പോൾ തന്റെ ഭാര്യയെ അറിവില്ലാത്തവളെന്നും ദുർഭാഷിണിയെന്നും അധിക്ഷേപിച്ചിട്ടുണ്ട്. രാത്രികളിൽ ചൂടുപകരാനുള്ള വെറും ഭോഗവസ്തുവായി അവളെ കണ്ടിട്ടുണ്ട്. ഇപ്പോളിതാ അവളുടെ വിശ്വാസവും എളിമയുമാണ് എന്റെ ജീവിതാരാമത്തെ തിരികെ തന്നിരിക്കുന്നത്. ഇനി എന്റെ ആരാധന ഞാൻ ആർക്കാണ് നൽകേണ്ടത്, എന്റെ അറിവിനെ ആരുടെ മുൻപിലാണ് ഞാൻ സമർപ്പിക്കേണ്ടത്? തിന്മയുടെ ശക്തികൾക്ക് വിരാമമിടുന്ന നന്മയുടെ ആ തേജോമയനോ അദൃശ്യദൈവത്തിന്റെ അപദാനങ്ങൾ പാടുന്ന അരിയോപ്പാഗസിലെ വാഗ്മിമാർക്കോ? പോപെസ് അമ്മയേയും മകളേയും തനിച്ചാക്കി വീടിന് വെളിയിലിറങ്ങി വിദൂരതയിലേക്ക് നോക്കിനിന്നു ഒരു സത്യാന്വേഷണത്തിനായി ദൃഢചിന്തതയോടെ.

അവളാകട്ടെ ശാന്തമായി ഉറങ്ങുന്ന തന്റെ പൊന്നോമന മകളെ കൺകുളിർക്കെ കണ്ടുകൊണ്ട് ചിന്താമഗ്നയായി. അവന്റെ നിഗൂഢമായ ആ മന്ദഹാസം അവളെ പിൻതുടരുന്നതായി അവൾക്കനുഭവപ്പെട്ടു. ചടുലമായ ആ പദചലനങ്ങളുടെ പിന്നാലെ അവൾക്ക് പോകാതെ വയ്യ. സുന്ദരമായ ആ കണ്ണുകളെ പ്രണയിക്കാതെ വയ്യ. സമാധാനത്തിന്റെ ആ വസന്തഭൂമിയിലേക്ക് തന്നെ ആനയിച്ച ആ കരാംഗുലികളെ ചുംബിക്കാതെ വയ്യ.

അവളുടെ ഹൃദയം അവന്റെ ഹൃദയത്തെ തഴുകി പടരുന്നതും പ്രണയത്തിന്റെ നൊമ്പരം ഒരു കുളിർകാറ്റായി അവളിൽ പടർന്നതും അവളറിഞ്ഞു. പെട്ടെന്നാണ് അവളുടെ കുഞ്ഞ് കണ്ണുതുറന്നതും അവർ പരസ്പരം ആലിംഗനബദ്ധരായതും. കുഞ്ഞിന്റെ സ്പർശനവും ആലിംഗനവും അവളാസ്വദിച്ചു. ആലിംഗനത്തിലൂടെ വിശുദ്ധിയുടെ മേൽമുണ്ടുപുതപ്പിച്ച് നസ്രായനായ യേശു അവളുടെ നെറുകയിൽ ചുംബിച്ചും അവന്റെ കരവലയത്തിൽ അഭയം കൊടുത്തും അവളെ സ്വന്തമാക്കി. ●

അഗസ്റ്റിൻ കണിപ്പിള്ളി

# ചരിത്രം കുറിച്ച കെആർഎൽസിസി 33-ാമത് ജനറൽ അസംബ്ലി

ഒട്ടേറെ കാര്യങ്ങളിൽ വ്യക്തത വരുത്തിക്കൊണ്ടാണ് കേരള റീജ്യൺ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ (കെആർഎൽസിസി) 33-ാമത് ജനറൽ അസംബ്ലി പുനലൂർ രൂപതയിലെ പത്തനാപുരത്ത് സമാപിച്ചത്. ആസന്നമായ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ജനറൽ അസംബ്ലിയുടെ നിരീക്ഷണങ്ങളെയും പഠനങ്ങളെയും തീരുമാനങ്ങളെയും രാഷ്ട്രീയ-രാഷ്ട്രീയേതര സമൂഹം വർധിത പ്രാധാന്യത്തോടെയാണ് നോക്കിക്കണ്ടത്. പൊതുതെരഞ്ഞെടുപ്പിൽ കെആർഎൽസിസി സ്വീകരിക്കാൻ പോകുന്ന രാഷ്ട്രീയ നിലപാടും സംവരണകാര്യത്തിലുള്ള ആശങ്കയും ചർച്ച് ആക്ടിന്മേലുള്ള വിയോജിപ്പും വിദ്യാഭ്യാസ രംഗത്ത് സ്വീകരിക്കേണ്ട ക്രിയാത്മക മാറ്റവും അൽമായ നേതൃത്വ രംഗത്തെ വളർച്ചാ മുരടിപ്പും ചർച്ചചെയ്തും വിലയിരുത്തിയും ഒരുനിലപാടിലെത്താൻ ജനറൽ അസംബ്ലിക്ക് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്.

സമൂഹത്തിൽ അവശതയനുഭവിക്കുന്നവരോടൊപ്പം ചേർന്ന് സാമൂഹ്യനീതിക്കുവേണ്ടി നിലപാടെടുക്കുന്നത് വിഭാഗീയതയോ, വർഗീയതയോ അല്ലെന്നും ആരെയും അവഗണിക്കാതെ എല്ലാവർക്കും തുല്യതയും സമത്വവും നീതിയും ഉറപ്പുവരുത്തുന്ന, എല്ലാവരും ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയാണ് കെആർഎൽസിസിയുടെ ലക്ഷ്യമെന്നും 33-ാമത് ജനറൽ അസംബ്ലി അസന്നിഗ്ധമായി വ്യക്തമാക്കിയിരിക്കുന്നു.

വിഭാഗീയത സമൂഹത്തിന്റെ മാത്രമല്ല, സഭയുടെ പോലും വികസനത്തിന് തടസമാണെന്നുള്ള കണ്ടെത്തലും ലത്തീൻ കത്തോലിക്കരെ അവഗണിക്കുന്നവരും അവരോട് സഹകരിക്കാൻ വിമുഖത കാണിക്കുന്നവരും പൊതുസമൂഹത്തിൽ മാത്രമല്ല, സ്വന്തം സമുദായത്തിൽ തന്നെയുണ്ടെന്നുള്ള കെആർഎൽസിസി അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ നിരീക്ഷണവും സഭാപ്രവർത്തനങ്ങളിൽ വിശ്വാസികൾ വരുത്തേണ്ട ശൈലിമാറ്റത്തിനുള്ള കെആർഎൽസിസിയുടെ ആഹ്വാനമായിട്ടുവേണം കാണാൻ. അതേസമയം, സഭാപ്രവർത്തനങ്ങളിലും രാഷ്ട്രീയരംഗത്തും പ്രവർത്തിക്കാൻ പ്രാപ്തമായ ഒരല്മായ നേതൃത്വം ഇനിയും വളർന്നുവന്നിട്ടില്ലെന്ന ജനറൽ അസംബ്ലിയുടെ കണ്ടെത്തൽ ഈ രംഗത്തുണ്ടാകേണ്ട ലത്തീൻ സഭയുടെ ഇടപെടലുകളുടെ അനിവാര്യത വ്യക്തമാക്കുന്നതാണ്. ഈ അനിവാര്യതയെ പരോക്ഷമായി അംഗീകരിച്ചുകൊണ്ടാണ് 33-ാം ജനറൽ അസംബ്ലി, സഭയുടെ രാഷ്ട്രീയ നിലപാട് വ്യക്തമാക്കിയിരിക്കുന്നത്.

പൊതുതെരഞ്ഞെടുപ്പിൽ സമദൂര സിദ്ധാന്തം തുടരാൻ തന്നെയാണ് ഇത്തവണയും കേരള ലത്തീൻ സഭ തീരുമാനിച്ചിരിക്കുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ആരെയെങ്കിലും സ്ഥാനാർത്ഥിയാക്കാൻ സഭ ആവശ്യപ്പെട്ടിട്ടില്ലെന്നതും ഏതെങ്കിലും മുന്നണി ലത്തീൻകാരെ സ്ഥാനാർത്ഥിയാക്കിയാൽ പ്രശ്നാധിഷ്ഠിതവും മൂല്യാധിഷ്ഠിതവുമായ തീരുമാനമെടുക്കാൻ ഓരോരുത്തർക്കും സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്നതും സ്വാഗതാർഹമായ കാര്യമാണ്. അതേസമയം ഈ അവസരം ഉപയോഗിച്ച് താഴെതട്ടിൽ നിന്നും രാഷ്ട്രീയത്തിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരെ വളർത്താൻ ശ്രമിക്കുമെന്ന പ്രഖ്യാപനം ഏറെ പ്രതീക്ഷയും നൽകുന്നു.

ജാതിസംവരണം അട്ടിമറിച്ച് സാമ്പത്തിക സംവരണം ഏർപ്പെടുത്താനുള്ള സർക്കാർ തീരുമാനത്തെ ലത്തീൻസഭ ആശങ്കയോടെയാണ് നോക്കികാണുന്നത്. സഭ ഒരിക്കലും ഇത് അംഗീകരിക്കില്ലെന്ന് സമ്മേളനം വ്യക്തമാക്കുന്നുണ്ട്. ലത്തീൻ കത്തോലിക്കർ ഉൾപ്പെടെയുള്ള പിന്നാക്ക ജനവിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന സാമൂഹ്യപരിരക്ഷ ഭരണഘടനാ വിരുദ്ധമായ സാമ്പത്തിക സംവരണത്തിലൂടെ അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും സംവരണാനുകൂല്യം അതിനർഹരായ പിന്നാക്ക ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നത് ഉറപ്പുവരുത്താൻ ആവശ്യമായ വിലയിരുത്തലുകൾ സർക്കാർ തലത്തിൽ ഉണ്ടാകണമെന്നുമുള്ള കെആർഎൽസിസിയുടെ നിർദ്ദേശം ഈ രംഗത്ത് സഭയ്ക്കുള്ള ആങ്കയും പ്രതിബദ്ധതയും വ്യക്തമാക്കുന്നതാണ്.

മഹാപ്രളയകാലത്ത് കാണപ്പെട്ടതും അനുഭവിച്ചതുമായ മാനവിക ഐക്യത്തിനുമേൽ വിഭാഗീയത നിഴൽവീഴ്ത്തിത്തുടങ്ങിയിരിക്കുന്നുവെന്ന ആശങ്കയോടെയാണ് 33-ാമത്



*പുനലൂർ പത്തനാപുരം സെന്റ് സേവ്യേഴ്സ് വിദ്യാനികേതനിൽ നടന്ന കെആർഎൽസിസി 33-ാമത് ജനറൽ അസംബ്ലി മലങ്കര മാർത്തോമ സുറിയാനി സഭ മേലധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യുന്നു. ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ, ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ തുടങ്ങിയവർ സമീപം*

ജനറൽ അസംബ്ലിക്ക് പത്തനാപുരത്ത് തുടക്കമായതുതന്നെ. കെസിബിസി-കെആർഎൽസിസി പ്രസിഡന്റും തിരുവനന്തപുരം അതിരൂപതാ അധ്യക്ഷനുമായ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ അധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം മലങ്കര മാർത്തോമ സുറിയാനി സഭാ മേലധ്യക്ഷൻ ഡോ. ജോസഫ് മാർതോമ മെത്രാപ്പൊലീത്തയാണ് ഉദ്ഘാടനം ചെയ്തത്. പ്രളയത്തിനുശേഷമുള്ള നവകേരള നിർമിതിയിൽ വിഭാഗീയത കടന്നുകയറുന്നതിലെ ഉത്കണ്ഠ അറിയിച്ചുകൊണ്ടാണ് ഉദ്ഘാടനം പ്രസംഗം പൂർത്തീകരിച്ചത്.

സംസ്ഥാന സർക്കാർ പൊതു ചർച്ചയ്ക്കായി അവതരിപ്പിച്ച കേരള ചർച്ച് പ്രോപ്പർട്ടീസ് & ഇൻസ്റ്റിറ്റ്യൂഷൻ ബില്ലിനെ തികഞ്ഞ ആശങ്കയോടെയാണ് കെആർഎൽസിസി ജനറൽ അസംബ്ലി നോക്കിക്കണ്ടത്. സഭയിൽ വിഭാഗീയത സൃഷ്ടിച്ചുകൊണ്ട് സഭാസ്വത്തിൽ കൈകടത്താൻ സർക്കാരിന് അവസരം നൽകുന്നതാണ് പ്രസ്തുത ബില്ലെന്നും ഈ ബില്ല് രാഷ്ട്രീയലക്ഷ്യത്തോടെയുള്ളതാണെന്നും ഇതേക്കുറിച്ച് ലത്തീൻ സമുദായം ആഴത്തിൽ പഠനം നടത്തുമെന്നും സമ്മേളനം വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 26 ഡി മതപരമായ കാര്യങ്ങൾ പാലിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉറപ്പുനൽകുന്നതോടൊപ്പം സ്വത്തവകാശങ്ങൾ ആർജിക്കാനും സ്വന്തമാക്കാനും നിയമവിധേയമായി സംരക്ഷിക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിച്ചുനൽകുന്നുണ്ട്. സഭാനിയമങ്ങൾക്കും രാജ്യത്തെ നിയമങ്ങൾക്കും അനുസൃതമായി തർക്ക പരിഹാര സംവിധാനങ്ങൾ സഭയിൽ നിലവിലുണ്ടെന്നുള്ള സാഹചര്യത്തിൽ ഒരു ബാഹ്യ ഇടപെടൽ ഇനി അനുവദിക്കാനാവില്ലെന്ന സുവ്യക്തമായ നിലപാടാണ് സമ്മേളനം മുന്നോട്ടുവച്ചത്.

അതേസമയം ചർച്ച് ആക്ടിൽ ഒളിപ്പിച്ചുവച്ചിരിക്കുന്ന ഗൂഢലക്ഷ്യങ്ങൾ സർക്കാരിന്റെ ദുരുദ്ദേശത്തെ ന്യായീകരിക്കുന്നതാണ്. ബില്ലിൽ ഒളിപ്പിച്ചുവച്ചിരിക്കുന്നവയിൽ പ്രധാനമായും രണ്ടുകാര്യങ്ങളാണ് ശ്രദ്ധേയമായിട്ടുള്ളത്. അതിൽ പരമപ്രധാനം സഭാ വിശ്വാസികളെക്കുറിച്ചുള്ള നിർവചനത്തിലാണ്. ബൈബിളിലും ദൈവപുത്രനായ യേശുവിലും വിശ്വസിക്കുന്ന ഏതൊരാളും ക്രൈസ്തവ വിശ്വാസിയുടെ നിർവചനത്തിൽ വരുമെന്നാണ് ബിൽ പറയുന്നത്. എന്നാൽ, പരമപ്രധാനമായ ഇവയോടൊപ്പം മാമ്മോദിസ സ്വീകരിച്ച് സഭാ നിയമങ്ങൾക്കും വിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും വിധേയമായി ജീവിക്കുന്ന വ്യക്തിയെയാണ് സഭ വിശ്വാസിയായി കണക്കാക്കുന്നത്. ഇവിടെയാണ് സർക്കാരിന്റെ ദുരുദ്ദേശം തിരിച്ചറിയേണ്ടത്. സഭാ നിയമം അനുസരിക്കാത്തവർക്കും മാമോദിസ സ്വീകരിക്കാത്തവർക്കും ഞാൻ ബൈബിളിലും ക്രിസ്തുവിലും വിശ്വസിക്കുന്നു എന്നുപറഞ്ഞ് സഭാംഗത്തിന്റെ പരിധിയിൽ വരാം. ഇത് സഭയ്ക്കകത്തും പുറത്തും ദൂരവ്യാപകമായ ദുഷ്പ്രവണതകൾ സൃഷ്ടിക്കാനും അത്തരമൊരു വ്യക്തിയുടെ ഇടപെടലിലൂടെ സഭാ ചെയ്തികളെ നിയന്ത്രിക്കാനും സർക്കാരിന് അവസരം നൽകുന്നതുമാണ് 10 വകുപ്പുകളുള്ള പ്രസ്തുത ബില്ലിലെ കാതലായ ഈ വകുപ്പ്. അതോടൊപ്പം രൂപീകരിക്കുമെന്ന് പറയപ്പെടുന്ന ട്രിബ്യൂണലിന്റെ അധികാരവും വിധിയും ഹൈക്കോടതിക്കും സുപ്രീംകോടതിക്കും വിധേയമായിരിക്കില്ലെന്ന നിലപാടും സർക്കാർ ഇടപെടലുകളെ ഒരുതരത്തിലും ചോദ്യം ചെയ്യാൻ കഴിയില്ലെന്ന വസ്തുതയാണ് വ്യക്തമാക്കുന്നത്. സഭാ നടത്തിപ്പിൽ അങ്ങേയറ്റം അരാചകത്വം സൃഷ്ടിച്ച് സഭയിൽ വർഗസമരത്തിന് ഇടം നൽകാനും സഭാവിരുദ്ധ ഗ്രൂപ്പുകളുടെ അവകാശവാദങ്ങൾക്ക് നയാമികമായ അംഗീകാരം നൽകാനും മാത്രം ലക്ഷ്യംവച്ചുകൊണ്ടുള്ള ചർച്ച് ആക്ട് പിൻവലിക്കണമെന്നുതന്നെയാണ് ക്രൈസ്തവ സഭയുടെ സുചിന്തിതമായ അഭിപ്രായമെന്നും 33-ാം ജനറൽ അസംബ്ലിയിൽ ഇതുസംബന്ധിച്ചുയർന്നുവന്ന ചർച്ചകൾ വ്യക്തമാക്കുന്നു. ■

# വാർത്തകൾ

## ഓഖി: ശ്രീകാര്യം ഇടവകയുടെ ധനസഹായം

**ശ്രീകാര്യം:** ഓഖി ദുരിതാശ്വാസ സഹായത്തിന്റെ ഭാഗമായി ശ്രീകാര്യം ഇടവക കെ.എൽ.സിഎ യൂണിറ്റും ഇടവക അജപാലന സമിതിയും ചേർന്ന് അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അഞ്ചുകുടുംബങ്ങൾക്ക് സാമ്പത്തിക സഹായം വിതരണം ചെയ്തു.

25000 രൂപ വീതമുള്ള ധനസഹായം അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസിൽ നിന്ന് സോഫിയ ഗിൽബർട്ട്-അഞ്ചുതെങ്ങ്, റെജി-പരിത്തിയൂർ, ഗീതാ മൈക്കിൾ, വിൽസൺ സെസയ്യ, മെർജിൻ സേസുലാന്റ് - പൂന്തുറ എന്നിവർ ഏറ്റുവാങ്ങി. ശ്രീകാര്യം ഇടവക വള്ളവിള ഇടവകയ്ക്ക് നൽകിയ നാല് തയ്യൽ മെഷീനുകൾ പുറമേയാണീ ധനസഹായം.



*ഉർസുലൈൻ സന്യാസസഭയുടെ സാമൂഹ്യ സേവന വിഭാഗമായ ഉർസുലൈൻ സോഷ്യൽ ആക്ഷന്റെ ആഭിമുഖ്യത്തിൽ പ്രളയ ദുരന്തത്തിൽ രക്ഷരായി പ്രവർത്തിച്ച വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളെ ആദരിക്കുന്ന ചടങ്ങ് എം. വിൻസെന്റ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു*

## മത്സ്യത്തൊഴിലാളികളെ ആദരിച്ചു

**വിഴിഞ്ഞം:** ഉർസുലൈൻ സന്യാസസഭയുടെ സാമൂഹ്യ സേവന വിഭാഗമായ ഉർസുലൈൻ സോഷ്യൽ ആക്ഷന്റെ ആഭിമുഖ്യത്തിൽ പ്രളയ ദുരന്തത്തിൽ രക്ഷകരായി പ്രവർത്തിച്ച വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളെ 5000 രൂപയുടെ വീതം വീട്ടുപകരണങ്ങൾ നൽകി ആദരിച്ചു.

ടിഎംഎഫ് അതിരൂപതാ ഡയറക്ടർ ഫാ. ഷാജിൻ ജോസിന്റെ അധ്യക്ഷതയിൽ നടന്ന അനുമോദന സമ്മേളനം എം.വിൻസെന്റ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ഉർസുലൈൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ വിനയ പുരയിടത്തിൽ രക്ഷാപ്രവർത്തകർക്ക് പാരിതോഷികം നൽകി.

ഫെറോന വികാരി ഫാ. ബെബിൻസൺ വിഴിഞ്ഞം ഇടവക സഹവികാരി ഫാ. പ്രശാന്ത്, വാർഡ് കൗൺസിലർമാരായ ഷൈനി വിൽഫ്രഡ്, റഷീദ്, സിസ്റ്റർ റോമിയ ഇടവക കൗൺസിൽ അംഗങ്ങളായ ഇസാക്ക് ജോണി, ആന്റണികുമാർ, റ്റി.എം.എഫ് സെക്രട്ടറി പനിയടിമ, റ്റി.എസ്.എസ്.എസ്. ആനി മേറ്റർ തങ്കം എന്നിവർ പ്രസംഗിച്ചു. ഉർസുലൈൻ സോഷ്യൽ ആക്ഷൻ കോ-ഓർഡിനേറ്റർ സിസ്റ്റർ ജ്യോത്സ്ന റിപ്പോർട്ട് അവതരിപ്പിച്ചു.



## ക്യാൻസർ രോഗികൾക്കായി മുടിമുറിച്ചുനൽകി

**തിരുവനന്തപുരം:** ക്യാൻസർരോഗ ചികിത്സയിലൂടെ മുടിനഷ്ടപ്പെട്ടവർക്കായി ലോക ക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി യുവതികളും വിദ്യാർത്ഥിനികളുമായ 74 പേർ മുടിമുറിച്ചുനൽകി. തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന മുടിദാനചടങ്ങ് അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്തു. ഡോ. ശോഭ, ഫാ. ജോൺ ഡാൾ, ഹെൽത്ത് കോ-ഓർഡിനേറ്റർ സിസ്റ്റർ അഡോൾഫ എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.

ചികിത്സയിലൂടെ മുടി നഷ്ടപ്പെട്ടിട്ടുള്ള ക്യാൻസർ രോഗികൾക്ക് വിഗ്ഗ് സൗജ്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം റ്റിഎസ്എസ്എസ് ഒരുക്കിയിട്ടുണ്ടെന്ന് ഹെൽത്ത് കോ-ഓർഡിനേറ്റർ സിസ്റ്റർ അഡോൾഫ അറിയിച്ചു.

*ലോക ക്യാൻസർ ദിനാചരണത്തോടനുബന്ധിച്ച് റ്റിഎസ്എസ്എസ് സംഘടിപ്പിച്ച മുടിദാന ചടങ്ങ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘടനം ചെയ്യുന്നു*



സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഭവനം ഒരു സമ്മാനം, കാരുണ്യപൂർവ്വം എന്നീ പദ്ധതികൾക്ക് ധനസഹായം നൽകുന്നവരുടെ സംഗമത്തിൽ പങ്കെടുത്തവർ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. ക്രിസ്തുദാസ്, മോൺ. യൂജിൻ എച്ച്.പെരേര എന്നിവരോടൊപ്പം

## തീരദേശവിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കണം

**പൂവാർ:** തീരദേശവിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള മത്സ്യമേഖല വിദ്യാർത്ഥിസമിതിയുടെ ആഭിമുഖ്യത്തിൽ കെഎസ്ആർടിസി പൂവാർ ഡിപ്പോയിലേക്ക് പ്രതിഷേധമാർച്ച് നടത്തി. മാർച്ച് ഫിഷറീസ് മിനിസ്ട്രി ഡയറക്ടർ ഫാ. ഷാജിൻ ജോസ് ഉദ്ഘാടനം ചെയ്തു.

പൊഴിയൂർ മുതൽ വലിയവേളി വരെയുള്ള തീരദേശ വിദ്യാർത്ഥികളുടെ ഏകആശ്രയമായ കെഎസ്ആർടിസി ബസ് സർവീസ്. രണ്ടുമാസത്തിലേറെയായി നിർത്തലാക്കിയ പശ്ചാത്തലത്തിലാണ് വിദ്യാർത്ഥികൾ പ്രതിഷേധവുമായി രംഗത്തെത്തിയത്. പൊഴിയൂർ-സെന്റ് ആൻഡ്രൂസ് ബസ് സർവീസ് പുനഃരാരംഭിക്കണമെന്നാവശ്യപ്പെട്ട് ഒട്ടേറെ പരാതികൾ ബന്ധപ്പെട്ടവർക്ക് നൽകിയെങ്കിലും പ്രശ്നപരിഹാരത്തിന് നടപടിയുണ്ടായില്ല. അധികൃതരുമായി നടത്തിയ ചർച്ചയിൽ പ്രസ്തുത ബസ് സർവീസ് ഉടൻ പുനഃരാരംഭിക്കുമെന്ന് ഉറപ്പുലഭിച്ചിട്ടുണ്ടെന്നും അല്ലാത്തപക്ഷം പ്രത്യക്ഷ സമരപരിപാടികൾക്ക് തീരദേശജനത നിർബന്ധിതരായിത്തീരുമെന്നും അതിരൂപതാ ഫിഷറീസ് മിനിസ്ട്രി ഡയറക്ടർ ഫാ. ഷാജിൻ ജോസ് മുന്നറിയിപ്പ് നൽകി.

# കാരുണ്യപൂർവ്വം ഒരു സമ്മാനം

**തിരുവനന്തപുരം:** തങ്ങൾക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള സന്മനസ്സാണ് ഏറ്റവും മികച്ച കാരുണ്യപ്രവൃത്തിയെന്നും പാവങ്ങളോടുള്ള കരുതലും സ്നേഹവുമാണ് കാരുണ്യപ്രവർത്തിയുടെ നിദാനമെന്നും ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു.

സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഭവനം ഒരു സമ്മാനം, കാരുണ്യപൂർവ്വം എന്നീ പദ്ധതികൾക്ക് ധനസഹായം നൽകുന്നവരുടെ സംഗമം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം. ചടങ്ങിൽ വച്ച് ഭവനം ഒരു സമ്മാനപദ്ധതിയുടെ സുവനീർ ആർച്ച് ബിഷപ്പും സേവ് എ ഫാമിലി പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച പഠനറിപ്പോർട്ട് അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസും പ്രകാശനം ചെയ്തു. എസ്എഎഫ്പി ഡയറക്ടർ ഫാ. മാർഷൽ, മോൺ. യൂജിൻ എച്ച്.പെരേര, ഫാ. ഷാജിൻ ജോസ്, ഫാ. ജോൺ ഡാൾ, നോഡൽ ഓഫീസർ ജെറാൾഡ് എന്നിവർ പ്രസംഗിച്ചു. റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ് സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡോണി ഡി. പോൾ നന്ദിയും പറഞ്ഞു. ചടങ്ങിൽ പങ്കെടുത്തവരെ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പാരിതോഷികം നൽകി ആദരിച്ചു.



പോസിറ്റീവ് സൈക്കോളജിയിൽ ഡോക്ടറേറ്റ് നേടിയ കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ ഫാ. എ ആർ ജോണിന് കുടുംബ പ്രേഷിത ശുശ്രൂഷാ ആനിമേറ്റഴ്സും വോളന്റിയേഴ്സും ചേർന്ന് നൽകിയ സ്വീകരണം.

# വാർത്തകൾ

## സമർപ്പിതർ അതിരൂപതയുടെ അവിഭാജ്യഘടകം: ആർച്ച് ബിഷപ്പ്

**തിരുവനന്തപുരം:** സമർപ്പിതർ തിരുവനന്തപുരം അതിരൂപയുടെ അവിഭാജ്യഘടകമാണെന്നും അവരുടെ സേവനം രൂപതയ്ക്ക് വലിയ മുതൽക്കൂട്ടാണെന്നും ആർച്ച്ബിഷപ് ഡോ. സൂസപാക്യം. സ്നേഹത്തിലധിഷ്ഠിതമായ സുവിശേഷ ജീവിതത്തിലൂടെ ദൈവത്തിന് സാക്ഷ്യംവഹിക്കാൻ വിളിക്കപ്പെട്ടവരാണ് സർപ്പിതരെന്നും ദരിദ്രരോട് പക്ഷം ചേർന്ന് അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കാൻ സമർപ്പിതർക്ക് കടമയുണ്ടെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു. തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സമർപ്പിത സഭകളുടെ സംഗമത്തോടനുബന്ധിച്ച് പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ പൊന്തിഫിക്കൽ ദിവ്യബലി അർപ്പിച്ച് സംസാരിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്. ഫെബ്രുവരി 2-ാം തീയതി നടന്ന സമർപ്പിതരുടെ സംഗമത്തിൽ ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കാം' എന്ന അപ്പസ്തോലിക പ്രബോധനത്തെ അടിസ്ഥാനമാക്കി ഫാ. ലോറൻസ് കുലാസ് നടത്തിയ ക്ലാസ്സോടെയാണ് ദിനാചരണത്തിന് തുടക്കം കുറിച്ചത്. ദിവ്യബലിക്കുശേഷം മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന് ആശംസകളർപ്പിച്ച് വിവിധ സന്യസ്ത സഭാപ്രതിനിധികൾ സംസാരിച്ചു.



കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യ (CCBI) പ്രോക്ലമേഷൻ കമ്മിഷന്റെ 'നവ സുവിശേഷവത്കരണം 2018' അവാർഡിന് അർഹനായ സി. വി.ഡേവിഡിനെ ബിഷപ്പ് ഡോ. ക്രിസ്തുദാസ് ഉപഹാരം നൽകി ആദരിക്കുന്നു.



*സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പേട്ട സെന്റ് ആൻസ് കോൺഫറൻസ് ഇടവകയിലെ ഒരു നിർധന കുടുംബത്തിന് 2,25,000 രൂപ ചെലവിൽ അറ്റകുറ്റപ്പണി നടത്തി നൽകിയ ഭവനത്തിന്റെ ആശീർവാദം ഇടവക വികാരി ഫാ.പങ്ക്രേഷ്യസ് നിർവഹിക്കുന്നു.*

## പുൽവാമ സൈനിക രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ

**കോവളം:** കോവളം ഫെറോനാ അൽമായ കമ്മിഷന്റെ അഭിമുഖ്യത്തിൽ പുൽവാമ സൈനിക രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. കോവളം ഫെറോനാ സെന്ററിൽ ചേർന്ന അൽമായ കമ്മിഷൻ നേതൃയോഗം പുൽവാമ ഭീകരാക്രമണത്തെ ശക്തിയായി അപലപിച്ചു.

കോവളം ഫെറോനാ വികാരി ഡോ. ബെബിൻസന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ രക്തസാക്ഷികൾക്കായി നടത്തിയ പ്രാർത്ഥനാശുശ്രൂഷയ്ക്ക് സിസ്റ്റർ മിനി, സി. ജസി എന്നിവർ നേതൃത്വം നൽകി. പ്രീസ്റ്റ് കോ-ഓർഡിനേറ്റർ ഫാ. ബീഡ് മനോജ് അമാദോ കെഎൽസിഎ പ്രസിഡന്റ് ഷിമ്മി ജോസ് എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ച് പ്രസംഗിച്ചു.

തുടർന്ന് അതിരൂപത അൽമായ ശുശ്രൂഷ പ്രതിനിധി ജോണിയുടെ നേതൃത്വത്തിൽ നടന്ന ഫെറോനാതല പ്രതിനിധി തെരഞ്ഞെടുപ്പിൽ ചന്ദ്രിക-കൺവീനർ, മാത്യു - ജോയിന്റ് കൺവീനർ എന്നിവർ വിജയികളായി. ആനിമേറ്റർ തങ്കം പ്രസംഗിച്ചു.

## ബോധവൽക്കരെ ക്ലാസ് നടത്തി

പുല്ലുവിള: പുല്ലുവിള ഫൊറോനയിലെ ഇടവകതല അജപാലന ശുശ്രൂഷാ സമിതി അംഗങ്ങൾക്കായി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഫൊറോനാ അജപാലന ശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ കരുംകുളം സൗഹൃദം ആഡിറ്റോറിയത്തിൽ നടന്ന സെമിനാറിൽ അജപാലന ശുശ്രൂഷ അതിരൂപതാ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് ക്ലാസ് നയിച്ചു. തുടർന്ന് അജപാലന ശുശ്രൂഷാ ഫൊറോനതല സമിതിക്ക് രൂപം നൽകി. അജപാലന ശുശ്രൂഷ ഫെറോനാ കോർഡിനേറ്റർ ഡോ. അഗസ്റ്റിൻ ജോൺ സമിതി രൂപീകരണത്തിന് നേതൃത്വം നൽകി.


**20th YEAR IN HEAVENLY BLISS**



**EDWARD GOMEZ**

DIED ON 25/03/1999

*Lovingly*

**Edwin Vincent**

**& Elgin Vincent**

# ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയാൽ മാത്രമേ എൻജിനീയറിംഗ് വൈദഗ്ധ്യം ഉണ്ടാകൂ: മന്ത്രി ഡോ. കെ. ടി. ജലീൽ

**തിരുവനന്തപുരം:** ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയാൽ മാത്രമേ എൻജിനീയറിംഗ് വൈദഗ്ധ്യം ഉണ്ടാകൂവെന്ന് മന്ത്രി ഡോ.കെ.ടി. ജലീൽ.

മസ്ക്കറ്റ് ഹോട്ടലിൽ ടിഎസ്എസ്എസും മര്യൻ എൻജിനീയറിംഗ് കോളജും സ്വിസ് നെക്സും സംയുക്തമായി സംഘടിപ്പിച്ച ദ്വിമുഖ വിദ്യാഭ്യാസ സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ എൻജിനീയറിംഗ് കോളജുകളും പോളിടെക്നിക്കും ഐടിഐകളും ഏറെയുണ്ടെങ്കിലും വൈദഗ്ധ്യമുള്ളവരെ ലഭിക്കാൻ പ്രയാസം നേരിടുന്നത് നൈപുണ്യ വികസനമില്ലാത്തതാണ്. എൻജിനീയറിംഗ് കഴിഞ്ഞവർക്ക് ഇന്റേൺഷിപ്പ് ഏർപ്പെടുത്താനായി വിവിധ കമ്പനികളുമായി ചർച്ച നടത്തിവരികയാണെന്നും, തിരദേശമേഖലയിലെ വിദ്യാർത്ഥികളുടെ അഭിവൃദ്ധി കൂടി ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനവും ഇതോടൊപ്പം ഉണ്ടാവണമെന്നും മന്ത്രി പറഞ്ഞു.



*ടിഎസ്എസ്എസും മര്യൻ എൻജിനീയറിംഗ് കോളജും സ്വിസ് നെക്സും സംയുക്തമായി സംഘടിപ്പിച്ച ദ്വിമുഖ വിദ്യാഭ്യാസ സമ്മേളനം മന്ത്രി കെ.ടി.ജലീൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു*

സ്വിറ്റ്സർലാൻഡ് സർക്കാരിന്റെ സഹകരണത്തോടെ വൈവിധ്യമാർന്ന തൊഴിൽപരിശീലന-വിദ്യാഭ്യാസ കോഴ്സുകൾ ആരംഭിക്കാനുള്ള തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിലുള്ള മരിയൻ എൻജിനീയറിംഗ് കോളേജിന്റെ ഈ പ്രവർത്തനം ശ്ലാഘനീയമാണെന്നും ഇരുരാജ്യങ്ങളും തമ്മിലുള്ള സാംസ്കാരിക വിനിയമത്തിന് ഇത് സഹായകമാകുമെന്നും മന്ത്രി പറഞ്ഞു.

എൻജിനീയറിംഗ് ബിരുദധാരികളിൽ വലിയ ശതമാനം തൊഴിൽ രഹിതരാണെന്നും തൊഴിൽ കിട്ടിയവരിൽ മിക്കവരും എൻജിനീയറിംഗ് മേഖലയ്ക്കു പുറത്ത് ജോലി നോക്കിവരികയാണെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച ബിഷപ് ഡോ.എം. സൂസപാക്യം പറഞ്ഞു. ജോലി നേടിയവർക്ക് വീട്ടുജോലിക്കാർക്കു ലഭിക്കുന്നതിനേക്കാൾ തുച്ഛമായ ശമ്പളം മാത്രമേ ലഭിക്കുന്നുള്ളൂ. എൻജിനീയറിംഗ് ബിരുദധാരികളെ വ്യവസായ മേഖലയിൽ തൊഴിൽ നേടാൻ പരിശീലിപ്പിക്കുന്ന പദ്ധതിയാണ് മരിയൻ കോളേജിൽ ആരംഭിക്കുന്നതെന്നും ആർച്ച് ബിഷപ് പറഞ്ഞു.

സഹായമെത്രാൻ ആർ. ക്രിസ്തുദാസ്, സ്വിസ്നെക്സ് സിഇഒ സെബാസ്റ്റ്യൻ ഹഗ്, മരിയൻ എൻജിനീയറിംഗ് കോളജ് മാനേജർ മോൺ. ഇ.വിൽഫ്രഡ്, മരിയൻ കോളജ് പ്രിൻസിപ്പൽ ഡോ. റൂബി അബ്രഹാം എന്നിവർ പ്രസംഗിച്ചു. ഷെവലിയർ ഡോൺ ഗുയിയോ ഹാൻഗാർട്ട്നർ ആമുഖ പ്രഭാഷണം നടത്തി. മോൺ. യൂജിൻപെരേര സ്വാഗതവും ടിഎസ്എസ്എസ് ലെയ്സൺ ഓഫീസർ ലെവകുമാർ നന്ദിയും പറഞ്ഞു.



*കൊച്ചുതോപ്പ് ഫാത്തിമ മാതാ ഇടവകയിൽ പത്തുവർഷം പൂർത്തിയാക്കിയ ദമ്പതികൾക്കായി നടത്തിയ സെമിനാറിൽ അതിരൂപതാ കുടുംബശുശ്രൂഷാ ആനിമേറ്റർ ആഗ്നസ് ബാബു ക്ലാസ് നയിക്കുന്നു. സെമിനാറിൽ അധ്യക്ഷം വഹിച്ച ഇടവക വികാരി ഫാ.ജോയി സി.മാത്യു സമീപം*

## തപസുകാലം: മാറ്റത്തിനുള്ള ആഹ്വാനം

(പേജ് 21 ന്റെ തുടർച്ച)

ള്ളുന്നവയാണ്. മുന്നേ ജീവിച്ചിരുന്ന ഒരു തലമുറ ഭാവിക്കായി കരുതിയ ശേഖരമാണ് ഓരോ വിത്തും. ഈ ചെറിയ ഒരു കണികയിൽ വരും കാലങ്ങളിൽ അത് എന്താണോ വാഗ്ദാനം ചെയ്യാൻ ആഗ്രഹിക്കുന്നത് എന്നതിന്റെ പൂർണ്ണത ഒളിഞ്ഞ് കിടക്കുന്നുണ്ട്. കാലാനുസൃതമായി മാറ്റങ്ങൾ ഉൾക്കൊണ്ട് ഭാവിയിൽ ഒരു പൂർണ്ണ രൂപം പ്രാപിക്കുന്നു. മരഭൂമിഅനുഭവത്തിന്റെ മറ്റൊരു ഘട്ടം ഇവിടെ തപസ്ചര്യകളിലൂടെ കൈവരിക്കുന്നു. താപസജീവിതത്തിന്റെ പ്രാരംഭദിശയിൽ നാമൊരുത്തരും എന്തായിരുന്നുവോ അതിൽ നിന്നും ഏറെ ദൂരം പിന്നിട്ട് നാം എന്താണോ ആയിത്തീരേണ്ടത് അതിലേയ്ക്കായി നമ്മുടെ യാത്ര തുടരുന്നു. പൂർണ്ണമായ ചൈതന്യത്തിലേയ്ക്ക് വളർന്ന് പന്തലിക്കുന്നതിന് തൊട്ടുമുമ്പുള്ള ഒരു ഘട്ടമായി ഈ അനുഭവത്തെ നമുക്ക് ഉൾക്കൊള്ളാവുന്നതാണ്. ഭൂതകാലത്തെയും ഭാവികാലത്തെയും തമ്മിൽ കോർത്തിണക്കാൻ ശ്രമിക്കുന്ന ഒരു ഘട്ടം ഇവിടെ സംജാതമാകുന്നു. പൂർവ്വികതയുടെ കരുതലും ഭാവിസ്വപ്നങ്ങളും കൈകോർക്കുന്ന ഒരു ഹൃദ്യാനുഭം ഈ തപസുഘട്ടത്തിൽ അനുഭവവേദ്യമാകുന്നു.

### ഫലദായകം

ഏതൊരു വിത്തിന്റെയും അന്തിമ ലക്ഷ്യം വളർച്ചയ്ക്കുമപ്പുറം ഫലം നല്കുകയും പുതിയൊരു തലമുറയ്ക്കായി വിത്തിനെ രൂപാന്തരപ്പെടുന്നതുമാണ്. അപ്രകാരം സംഭവിക്കാത്ത വിത്ത് അതിന്റെ സ്വപ്ന സാക്ഷാത്കാരത്തിലേക്ക് എത്തുന്നില്ല. മരഭൂമിഅനുഭവത്തിന്റെ അന്തിമഘട്ടത്തിൽ തപസനുഷ്ഠാനത്തിലൂടെ നാമെത്തുന്നത് ഈ അവസ്ഥാന്തരത്തിലേയ്ക്കാണ്. മരഭൂമി അനുഭവത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ നാം ഓരോരുത്തരും കടന്നുപോകുമ്പോൾ നമ്മളും ഫലദായകമായിത്തീരുന്നു. എന്നാൽ, അതിൽത്തന്നെ മനുഷ്യജീവിതം പൂർണ്ണത പ്രാപിക്കുന്നില്ല. ഉയിർപ്പ് അനുഭവത്തിന്റെ ഘട്ടത്തിലേ്ക്ക് കടക്കുമ്പോൾ മരഭൂ-അനുഭവത്തിലൂടെ കടന്നുവന്ന ഓരോരുത്തരും പൂർണ്ണത പ്രാപിക്കുന്നത് തങ്ങളുടെ ജീവിതത്തിലൂടെ ഉത്ഥിതനായ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതിലൂടെയാണ്. ആ സാക്ഷ്യമാകട്ടെ അനേകരേ ക്രിസ്തുവിലേയ്ക്ക് അടുപ്പിക്കുവാൻ കാരണമായിതീരുന്നു. ഈ അന്തിമഘട്ടത്തിൽ മരുഭൂമിഅനുഭവം ഈ ലോകജീവിതത്തിന്റെ അവസാന നാഴികയിലായിരിക്കാം. വിത്തിനെപ്പോലെ മറ്റൊരു വിത്തിന് ജന്മം നല്കിക്കൊണ്ട് നാമോരോരുത്തരും നമ്മുടെ മരഭൂമിഅനുഭവം പിന്നിടുന്നു.

### ഗുണപാഠം

വിത്ത് നല്കുന്ന സന്ദേശം ആത്മത്യാഗത്തിന്റേതോ ആത്മനിന്ദയുടെതോ മാത്രമല്ല. ഇത് പ്രത്യാശയുടെയും പ്രതീക്ഷകളുടെയും പുത്തൻ നാമ്പുകൾ ഉയിർകൊള്ളുന്നതിന്റെയും കൂടെയാണ്. അത്തരമൊരു നവ്യാനുഭത്തിന്റെ ചൈതന്യം മരുഭൂമിഅനുഭവത്തിന്റെ ഫലമായി ഉണ്ടാകുവാൻ ഇടയായാൽ വിത്തിനെപ്പോലെ നമ്മുടെ സ്വപ്നവും സാക്ഷാത്ക്കരിക്കപ്പെടും. ഈ നോമ്പുകാലം അതിനുള്ള ഒരുക്കമായി തീരുവാനുള്ള ദൈവത്തിന്റെ ദാനമായി സ്വീകരിക്കുവാൻ ഇടയാകട്ടെ! ■

തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട ഇടവകകളിലെ
കിടപ്പുരോഗികൾക്ക് സഹായഹസ്തവുമായി
ലെന്നി പീറ്റേഴ്സ് ഫൗണ്ടേഷൻ

"A helping hand here at home & around the world."
LENNY PETERS foundation






# ആദ്യകുർബ്ബാന സ്വീകരിക്കേണ്ട പ്രായം

കഴക്കൂട്ടം ഇടവകയിലെ ഒരു കത്തോലിക്കാ കുടുംബമാണ് എന്റേത്. പത്തും എട്ടും വയസ്സ് പ്രായമുള്ള രണ്ടു മക്കളാണ് എനിക്കുള്ളത്. വിദേശത്തായിരുന്ന ഞങ്ങൾ നാട്ടിൽവന്ന് താമസം തുടങ്ങിയിട്ട് 6 മാസം പിന്നിടുന്നു. എന്റെ രണ്ട് മക്കളും ഒരുമിച്ച് ആദ്യകുർബ്ബാന സ്വീകരിക്കണമെന്നാണ് എന്റെ കുടുംബത്തിന്റെ ആഗ്രഹം. ഇടവക വികാരിയെ സമീപിച്ചപ്പോൾ, 9 വയസ്സ് ആകാത്തതിനാൽ രണ്ടാമത്തെ കുട്ടിയ്ക്ക് ഇപ്പോൾ ആദ്യകുർബ്ബാന നല്കാൻ കഴിയില്ലെന്ന് അറിയിച്ചു. ഗൾഫ് നാടുകളിൽ ഏഴു വയസ്സ് തികഞ്ഞവർക്ക് ആദ്യകുർബ്ബാന നല്കാറുണ്ട്. നമ്മുടെ രൂപതയിൽ എട്ടുവയസ്സായിട്ടും ആദ്യകുർബ്ബാന നല്കാത്തത് എന്തുകൊണ്ട്?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 912914 വരെയുള്ള ഭാഗങ്ങൾ കുട്ടികളെ വിശുദ്ധകുർബ്ബാന സ്വീകരണത്തിന് പ്രവേശിപ്പിക്കേണ്ട സാഹചര്യവും നിബന്ധനകളും വിശദീകരിക്കുന്നു. അതേസമയം, പ്രായത്തെ സംബന്ധിച്ച് പ്രത്യക്ഷത്തിൽ കാനോൻ നിയമം മൗനം പാലിക്കുന്നതായി കാണുന്നു. എന്നാൽ, പരോക്ഷമായ സൂചന നല്കുകയും ചെയ്യുന്നു.

C-I-C 913§ 1, വിശുദ്ധ കുർബ്ബാന സ്വീകരണത്തിന് പ്രവശിപ്പിക്കപ്പെടുന്ന കുട്ടികൾക്ക് വേണ്ട നിബന്ധനകൾ വിവരിക്കുന്നു. അതനുസരിച്ച്, ക്രിസ്തുരഹസ്യം മനസ്സിലാക്കാനും, കർത്താവിന്റെ ശരീരം വിശ്വാസത്തോടും ഭക്തിയോടുംകൂടെ സ്വീകരിക്കാൻ വേണ്ട അറിവും ശരിയായ ഒരുക്കവും ഉണ്ടായിരിക്കണം. ആലോചനാശക്തി




കൈവന്ന കുട്ടികൾക്ക് ആവശ്യമായ ഒരുക്കംനല്കി കുമ്പസാരം എന്ന കൂദാശ സ്വീകരിപ്പിച്ച് വിശുദ്ധ കുർബ്ബാന സ്വീകരണത്തിനായി അവരെ സജ്ജമാക്കാനുള്ള മാതാപിതാക്കളുടെയും രക്ഷകർത്താക്കളുടെയും ഇടവകവികാരിയുടെയും കടമ CIC 914 ഓർമ്മിപ്പിക്കുന്നു.

CIC 913§ 1, 914 എന്നിവ സംയുക്തമായി ഓർമ്മിപ്പിക്കുന്നത്; ആവശ്യമായ അറിവും ശരിയായ ഒരുക്കവുമുണ്ടാകണമെങ്കിൽ ആലോചനാശക്തി ആവശ്യമാണ്. C-I-C 97§ 2 പ്രകാരം, ഏഴു വയസ്സ് തികയുന്ന കുട്ടി ആലോചനാശക്തി (Use of reason)കൈവരിക്കുന്നതായി കണക്കാക്കുന്നു. അതനുസരിച്ച് വിശുദ്ധ കുർബ്ബാന സ്വീകരിക്കാനുള്ള കുറഞ്ഞ പ്രായപരിധി 7 വയസ്സാണ്.

പൊതുസമൂഹത്തിലെന്നപോലെ, സഭയിലും നിയമങ്ങൾ വിവിധ സ്വഭാവങ്ങളുള്ളവയാണ്. നിർബന്ധ സ്വഭാവമുള്ള നിയമങ്ങളും (Imperative Laws) ഉപദേശസ്വഭാവമുള്ള നിയമങ്ങളും (Indicative Laws) ഉണ്ട്. വിശുദ്ധ കുർബ്ബാന സ്വീകരണത്തിനുള്ള പ്രായത്തെ സംബന്ധിച്ച നിയമം ഉപദേശ സ്വഭാവമുള്ളതാണ്. അതുകൊണ്ട്, രൂപതാ മെത്രാന്മാർക്ക് വിശുദ്ധ കുർബ്ബാന സ്വീകരിക്കാനുള്ള കുറഞ്ഞപ്രായം 7 വയസ്സിനെക്കാൾ ഉയർന്ന പ്രായം നിശ്ചയിക്കാവുന്നതാണ്. സാർവ്വത്രിക സഭാനിയമത്തിന്റെ പിൻബലത്തിൽ 2012-ൽ നടന്ന തിരുവനന്തപുരം അതിരൂപത സിനഡിനെ തുടർന്നുള്ള അതിരൂപതാദ്ധ്യക്ഷന്റെ ഡിക്രി പ്രകാരം വിശുദ്ധകുർബ്ബാന സ്വീകരണത്തിന് അതിരൂപതയിൽ നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ പ്രായം 9 വയസ്സാണ്.

ഇനി താങ്കളുടെ സംശയത്തിലേയ്ക്ക് വരുന്നു. സാർവ്വത്രിക ലത്തീൻ സഭയിൽ വിശുദ്ധ കുർബ്ബാന സ്വീകരണത്തിനുള്ള കുറഞ്ഞ പ്രായം 7 വയസ്സാണ്. പ്രാദേശികമായി രൂപതാമെത്രാന്മാർക്ക്, വിശുദ്ധകുർബ്ബാന സ്വീകരിക്കാനുള്ള കുറഞ്ഞ പ്രായം 7 വയസ്സിനെക്കാൾ ഉയർന്ന പ്രായം നിശ്ചയിക്കാവുന്നതാണ്. അതനുസരിച്ച്, തിരുവനന്തപുരം അതിരൂപതയിൽ വിശുദ്ധകുർബ്ബാന സ്വീകരിക്കാനുള്ള കുറഞ്ഞ പ്രായം 9 വയസ്സാണ്. ■



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നോമ്പുകാലം ഒന്നാം ഞായർ (മാർച്ച് 10)

# പ്രലോഭനങ്ങൾ പരീക്ഷണങ്ങൾ

നീർച്ചാലുകൾ

ഫാ. മെൽക്കൺ

നിയ. 26:4-10 | റോമ. 10:8-13 | ലൂക്ക. 4: 1-13




മനുഷ്യഹൃദയം നല്ലതല്ലെങ്കിൽ പിന്നെ യാതൊന്നും നന്മയായി പരിണമിക്കുകയില്ല. മനുഷ്യഹൃദയത്തിന്റെ നന്മയാകട്ടെ, നന്മതന്നെയായ ദൈവത്തിൽ നിന്നേ ആത്യന്തികമായി വരാനൊക്കൂ. അവനാണ് യഥാർത്ഥ നന്മ.

സ്നാപകയോഹന്നാനിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിച്ച്; പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായ യേശു മരുഭൂമിയിൽ 40 ദിനരാത്രങ്ങൾ ഉപവസിക്കുന്നു. നാല്പത് എന്ന സംഖ്യ വൈവിധ്യമാർന്ന പ്രതീക സൂചകങ്ങളാൽ സമ്പന്നാണ്. ആദ്യമായി, ഇസ്രായേൽക്കാർ നാല്പതു വർഷം മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞതിനെ അത് പ്രതീകവൽക്കരിക്കുന്നു. പരീക്ഷണങ്ങളുടെ ആ കാലയളവിൽ തന്നെയാണ് ദൈവത്തോടുള്ള അടുപ്പവും അവർ അനുഭവിച്ചറിഞ്ഞത്. രണ്ടാമതായി, ഉടമ്പടിയുടെ വിശുദ്ധ ഫലകങ്ങളായ ദൈവകല്പനകൾ സ്വീകരിക്കുന്നതിനു മുൻപ് മോശ നാല്പതു ദിനരാത്രങ്ങൾ സീനായി മലമുകളിലായിരുന്നു. മൂന്നാമതായി തന്റെ മകനെ ബലികൊടുക്കാനായി അബ്രഹാം ഹൊരബുമലയിലേക്ക് എത്തിപ്പെട്ടത് നാല്പതു ദിനരാത്രങ്ങൾകൊണ്ടാണ് എന്ന് റബ്ബിനിക് സാഹിത്യത്തിൽ കാണുന്നു. ആ ദിവസങ്ങളിൽ അബ്രഹാം യാതൊന്നും കഴിച്ചില്ല. തന്റെ കൂടെ സഞ്ചരിച്ച ദൈവദൂതന്റെ വാക്കുകൾക്കു കാതോർത്തും ദൈവദർശനത്തിന് കാത്തിരുന്നും അതിജീവനം സാധ്യമാക്കി എന്നാണ് റബ്ബിനിക് കഥയിൽ പറയുന്നത്. അങ്ങനെ 40 ദിനരാത്രങ്ങളുടെ ഉപവാസം യേശുവിനെ ഭൂതകാലത്തെ ദൈവാനുഭവ സംഭവങ്ങളുമായി ബന്ധിപ്പിക്കുന്നു.

ഉപവാസത്തിനുശേഷം അവന് വിശന്നു. അപ്പോൾ പിശാച് അവനെ പരീക്ഷിച്ചു. മനുഷ്യനായി അവതരിച്ച യേശുവിന് തന്റെ ദൗത്യത്തെക്കുറിച്ചുണ്ടായ ആത്മസംഘർഷമാണ് ഓരോ പ്രലോഭനവും. എന്നാൽ ഈ പ്രലോഭനങ്ങൾക്ക് മനുഷ്യജീവിതത്തിന്റെ യഥാർത്ഥ അർത്ഥമെന്ത് അഥവാ മനുഷ്യജീവിതത്തിൽ സാരമായതെന്ത് എന്ന ചോദ്യവും ഈ പ്രലോഭനങ്ങളിൽ പ്രതിബിംബിക്കുന്നു. ദൈവത്തെ രണ്ടാം തരമായി കരുതി ഓരത്തേക്ക് മാറ്റിനിർത്തുന്ന മനുഷ്യപ്രവൃത്തിയാണ് ആ പ്രലോഭന-പരീക്ഷണങ്ങളുടെ കേന്ദ്രം. നമ്മുടെ ജീവിതത്തെ നിറയ്ക്കുന്ന മറ്റ് അടിയന്തിര കാര്യങ്ങളുമായി തുലനം ചെയ്യുമ്പോൾ ദൈവത്തെ ഒരു അനാവശ്യമായി, ശല്യവും അധികപ്പറ്റുമായി മനുഷ്യരിൽ പലരും കരുതുന്നു. എന്ന സത്യമാണ് ആ പരീക്ഷണങ്ങളുടെ ഹൃദയാന്തർഭാഗത്തുള്ളത്. ദൈവത്തെ മാറ്റിനിർത്തി, നമ്മുടെ തന്നെ പ്രകാശംകൊണ്ട് ഒരു ലോകത്തെ സൃഷ്ടിക്കുക, നാം തന്നെ അതിന്റെ തറക്കല്ലും മൂലക്കല്ലുമായിരിക്കുക, രാഷ്ട്രീയവും ഭൗതികവുമായ യാഥാർത്ഥ്യത്തിനപ്പുറത്തുള്ള എല്ലാ യാഥാർത്ഥ്യങ്ങളെയും നിരാകരിക്കുക, ദൈവത്തെ മായയായും മിഥ്യയായും സങ്കല്പിക്കുക - ഇതാണ് വിവിധ തരത്തിൽ നമ്മെ ഭീഷണിപ്പെടുത്തുന്ന പ്രലോഭന-പരീക്ഷണങ്ങൾ

“നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലു



കൾ അപ്പങ്ങളാകുവാൻ കല്പിക്കുക" ഇതാണ് ആദ്യത്തെ പ്രലോഭനം.

കുരിശിന് താഴെ നിന്നുകൊണ്ട് യേശുവിനെ ദുഷിച്ചുപറഞ്ഞ വഴിപോക്കരുടെ വായിൽ നിന്നും ഈ വാക്കുകൾ നാം വീണ്ടും കേൾക്കുന്നത് : " നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവരിക....' തെളിവുകൾ ഹാജരാക്കി തന്റെ വിശ്വാസ്യത സ്ഥാപിക്കാൻ യേശുവിനെ വെല്ലുവിളിക്കുകയാണ്. കൂടുതൽ അടയാളങ്ങൾ കാണിക്കണം, കൂടുതൽ അത്ഭുതങ്ങൾ കാണിക്കണം. ചരിത്രത്തിലുടനീളം ദൈവത്തോടും ക്രിസ്തുവിനോടും ഈ വെല്ലുവിളി ആവർത്തിക്കുന്നു. "ദൈവമേ, നീ നിലനിൽക്കുന്നുണ്ടെങ്കിൽ, നീ നിന്നെ തന്നെ ലോകത്തിന് കാണിച്ചുകൊടുക്കുക. ദൈവമുണ്ടെങ്കിൽ ഇങ്ങനെ ഒക്കെ സംഭവിക്കുമോ. ദൈവത്തിന് ഈ ലോകത്തിന്റെ വിശപ്പും പട്ടിണിയും മാറ്റാൻ സാധിക്കില്ലേ?

"മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ജീവിക്കുന്നത്... കർത്താവിന്റെ വായിൽ നിന്നുവരുന്ന ഓരോ വചനങ്ങൾ കൊണ്ടുമാണ്." ഇതാണ് പ്രലോഭകന് യേശു നൽകുന്ന മറുപടി. നാസികൾ കൊന്നുകളഞ്ഞ ജർമ്മൻകാരനായ ഈശോസഭാ വൈദികൻ ആൽഫ്രഡ് ഡെൽപ് ഒരിക്കൽ ഇങ്ങനെ എഴുതി: "അപ്പം പ്രധാനപ്പെട്ടതുതന്നെ. എന്നാൽ സ്വാതന്ത്ര്യം അതിനേക്കാൾ പ്രധാനപ്പെട്ടതാണ്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ടതു മുറിയാത്ത കൂറും വിശ്വസ്തയോടുകൂടിയ ആരാധനയാണ്."

ഈ ക്രമത്തെ നാം ബഹുമാനിക്കണം. ഈ ക്രമത്തെ തകർക്കാൻ ശ്രമിച്ചാൽ നാശമാണ് സംഭവിക്കുക.

മനുഷ്യന്റെ ആഗ്രഹങ്ങളനുസരിച്ച് ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നാൽ ദൈവത്തിന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ മാത്രമേ സമയമുണ്ടാകൂ. ഒരിക്കലും മനുഷ്യന്റെ ആഗ്രഹങ്ങൾ അവസാനിക്കില്ല. ലോകത്തിന്റെ വിശപ്പുമാറ്റിയാൽ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുമോ. ഒരു പ്രശ്നം തീരുമ്പോൾ മറ്റൊന്ന് ഉദയം ചെയ്യും. ഉദാഹരണമായി വികസിത രാജ്യങ്ങൾ ദരിദ്രരാജ്യങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായം അവരുടെ പട്ടിണി മാറ്റുന്നില്ലല്ലോ മറിച്ച് പ്രശ്നങ്ങൾ നാൾക്കുനാൾ സങ്കീർണമാകുകയല്ലേ ചെയ്യുന്നത്.

മനുഷ്യഹൃദയം നല്ലതല്ലെങ്കിൽ പിന്നെ യാതൊന്നും നന്മയായി പരിണമിക്കുകയില്ല. മനുഷ്യഹൃദയത്തിന്റെ നന്മയാകട്ടെ, നന്മതന്നെയായ ദൈവത്തിൽ നിന്നേ ആത്യന്തികമായി വരാനൊക്കൂ. അവനാണ് യഥാർത്ഥ നന്മ.

ലോകത്തിന്റെ എല്ലാ 'വിശപ്പിനും' ഏക പരിഹാരം മനുഷ്യഹൃദയത്തിന്റെ നന്മയാണ്. ദൈവത്തെ മാറ്റിനിർത്തി നന്മ സാധ്യമല്ല. ദൈവവചനം അനുസരിക്കുമ്പോഴാണ് ഈ നന്മ ഉണ്ടാകുന്നത്. ആ നന്മയാണ് ലോകത്തെ പ്രശ്നങ്ങൾക്ക് പരിഹാരം. ദൈവവചനത്തോടുള്ള അനുസരണം പ്രയോഗത്തിൽ നടപ്പിലാക്കുമ്പോഴാണ് ലോകത്തുള്ള എല്ലാവർക്കും അപ്പം ലഭ്യമാക്കാനുള്ള മനോഭാവം വികസിച്ചുവരുന്നത്. ■

നോമ്പുകാലം രണ്ടാം ഞായർ (മാർച്ച് 17)

# നക്ഷത്രങ്ങളുടെ എണ്ണം

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

ഉൽ. 15: 5-12, 17-18 | ഫിലി. 3: 17-4:1 | ലൂക്ക. 9: 28b -36

രാഷ്ട്രീയത്തിന്റെ നിഷ്ക്രിയത്വം കാട്ടിത്തരും വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ട സി.പി. കവഫിയുടെ 'വെയിറ്റിങ്ങ് ഫോർ ദ ബാർബറിയൻസ്' എന്ന കവിത

" നിങ്ങൾ എന്തിനെയാണ് കാത്തിരിക്കുന്നത്,

ഈ അസംബ്ലി ഫോറത്തിൽ

ഈ സെനറ്റിലെന്താണ് നിങ്ങൾ വെറുതെയിരിക്കുന്നത്

എന്തുകൊണ്ടാണ് സെനറ്റർമാർ

നിയമനിർമാണം നടത്താതെ ഇരിക്കുന്നത്

കാരണം ബാർബേറിയന്മാർ ഇന്നുവരുന്നു

അതുകൊണ്ട് സെനറ്റർമാർ ഇപ്പോൾ
നിയമം നിർമിക്കുന്നതിൽ എന്തുകാര്യമാണുള്ളത്

ബാർബറിയൻമാർ എത്തിയാൽ, അവർ നിയമങ്ങൾ നിർമിക്കും

ഇങ്ങനെ പോകുന്നു കവിത, ചക്രവർത്തിയും നഗരകവാടത്തിൽ കാത്തിരുന്നു. രാത്രിയായി, അവർ വീട്ടിലേക്ക് പോയി. പിന്നീടറിയുന്നു ബാർബേറിയൻമാർ വരില്ല, അങ്ങനെ ആരും ഇല്ലത്രേ. മനുഷ്യൻ ഓരോ നാളിലും പലതും കാത്തിരിക്കുന്നു, പലരെയും പ്രതീക്ഷിക്കുന്നു. സമൂഹത്തോട് നീതി പുലർത്താൻ നമ്മുടെ ജനാധിപത്യത്തിനും കഴിഞ്ഞിട്ടില്ല. അബ്രഹാത്തിന്റെ കാത്തിരിപ്പ് ഒരു വിശ്വാസമാണ്. വാർദ്ധക്യത്തിന്റെ അവസാന സൂര്യോദയത്തിൽ എത്തിനില്ക്കുമ്പോഴും മകൻ പിറക്കുമെന്നുള്ള പ്രത്യാശ. ദൈവത്തിലുള്ള പ്രത്യാശകൾ നശിച്ചുപോകുമ്പോഴാണ് മനുഷ്യൻ പിന്തിരിഞ്ഞുനടക്കുന്നത്. അത് ചിലപ്പോൾ വല്ലാത്തൊരു ഭാരം തന്നെയാണ്. 'പ്രതീക്ഷകൾക്കെതിരെ പ്രത്യാശിക്കുക.. അബ്രഹാത്തിന്റെ പ്രത്യാശഭരിതമായ ഈ ജീവിതത്തെ അടിസ്ഥാനമാക്കി ക്രിസ്ത്യാനികൾക്കുള്ള തിരിച്ചറിയൽ കാർഡാണിത്.

അവന്റെ പ്രത്യാശക്കുള്ള അടിസ്ഥാനം ദൈവത്തിന്റെ ചോദ്യത്തിലുണ്ട്. നക്ഷത്രങ്ങളെ എണ്ണാനാകുമോ? അത്രമാത്രം സന്താനപരമ്പരകളാണ് ഉദയം ചെയ്യാൻ പോകുന്നത്. വാഗ്ദാനങ്ങൾ കേട്ട അബ്രാം ഗാഢനിദ്രയിലാണ്ടു. ഗാഢനിദ്രയിലാണല്ലോ ആദത്തിന്റെമേൽ ദൈവം സൃഷ്ടിയുടെ ഭാഗം മുറിച്ചെടുക്കുന്നത്.



പാപത്തിന്റെ രാത്രിയിലൂടെ പീഡാസഹനനാളിൽ പലരും കടന്നുപോകുന്നുണ്ട്. ഒറ്റിക്കൊടുക്കുന്ന യൂദാസ്, യേശുവിനെ തള്ളിപറയുന്ന പത്രോസ്, ഓടിപ്പോകുന്ന ശിഷ്യന്മാർ. പാപം ചെയ്യുന്ന അവസ്ഥയാണ് രാത്രി. പാപത്തിന്റെ രാത്രിയെ മറികടക്കാനാണ് യേശുവിന്റെ വെളിച്ചം തെളിക്കപ്പെടുന്നത്. അതാണ് താബോറിൽ കത്തിക്കപ്പെടുന്നത്. മലകയറുന്ന യേശുവിനെ തന്റെ രൂപാന്തരീകരണത്തെക്കുറിച്ച് നന്നായറിയാം.

## അനുകരിക്കേണ്ട മാതൃകകൾ

അനുകരിക്കാവുന്നവരുടെ വിവരങ്ങൾ നല്കുന്നുണ്ട് പൗലോസ്. ആ മാതൃകകൾ കണ്ടു പഠിക്കുന്നത് നല്ലതാണ്. യുവജനങ്ങൾ പരാമർശകേന്ദ്രമാകണം എന്ന് മെത്രാന്മാരുടെ സിനഡിന്റെ ഒരുക്കരേഖ പറയുന്നു. മാതാപിതാക്കൾ, അധ്യാപകർ, കൂട്ടുകാർ ഇവരെല്ലാം അവർക്ക് അനുകരിക്കേണ്ട മാതൃകകളാണ്. ക്രിസമസ്- ന്യൂഇയർ കഴിഞ്ഞ് തുമ്പമുതൽ പുത്തൻതോപ്പ് കടപ്പുറംവരെ നടന്നു. നമ്മുടെ യുവാക്കൾ കുടിച്ച് ഉപേക്ഷിച്ച കുപ്പികൾ ലക്കുകെട്ടവരെപ്പോലെ തീരത്ത് നിരന്നു കിടക്കുന്നു. അവർ ഇനി പ്രതീക്ഷയുടെ ലോകത്തേക്ക് വരുമോ? യേശു എന്ന രക്ഷകനെ സ്വീകരിക്കാൻ അവർ എങ്ങനെ തയ്യാറാകും.

2 രാജാ 2: 23 ഏലീഷ ബഥേലിലേക്ക് പോയപ്പോൾ പട്ടണത്തിൽനിന്നു വന്ന ചില ബാലന്മാർ അവനെ പരിഹസിച്ചു 'കഷണ്ടിത്തലയാ, ഓടിക്കോ. നാല്പത്തി രണ്ടു ബാലന്മാരെയും രണ്ടു പെൺകരടികൾ കടിച്ചുകീറി. മൂല്യങ്ങളെ പുച്ഛിച്ചും അജപാലകരെ പരിഹസിച്ചും നടക്കുന്നവരുണ്ട്. അവർ നാളെയുടെ ദീപങ്ങളാണ്. എണ്ണയില്ലാതെ കരിന്തിരികളായി പുകയാൻ പാടില്ല. വി. ജോൺപോൾ 2-ാമൻ പറഞ്ഞു 'യുവജനങ്ങൾ സഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ സജീവസഹകാരികളും സഭയുടെ വിവിധ അപ്പസ്തോലികസേവനങ്ങളിലുള്ള സ്നേഹഭാജനങ്ങളുമാണ്. ലോകജനസംഖ്യയിലെ പകുതിയും 30 വയസ്സിനുതാഴെയുള്ളവരാണ്. യുവജനങ്ങളിൽ ഭൂരിപക്ഷവും വികസ്വരവും അവികസിതവുമായ രാജ്യങ്ങളിൽ നിന്നുള്ളവരാണ്. ലോകത്തിലെ യുവജനങ്ങളിൽ 14% തൊഴിൽരഹിതരാണ്. കേരളത്തിലെ ലത്തീൻ യുവജനസർവേ പ്രകാരം

15-20 വയസ്സിനിടയിൽ പ്രായമുള്ള 37%യുവാക്കൾ

21-25 - 29%

26-30 - 22%

31-35 12% പേർ

യുവജനങ്ങളിൽ 61% പേർ അസംഘടിതമേഖയിൽ തൊഴിൽ ചെയ്യുന്നു.

11% മത്സ്യബന്ധനമേഖലയിൽ

പ്രൊഫഷണൽ മേഖലയിൽ 39% എഞ്ചിനിയേഴ്സ്, 5% ഡോക്ടേഴ്സ്, 1% ലോയേഴ്സ് എത്ര പരിതാപകരം

39% ഗൾഫിലാണ്

33 % പേരാണ് പിഎസ്സി രജിസ്റ്റർ ചെയ്തത്.

പിജി പഠിക്കുന്ന പത്തുപേരിൽ 7പേർ പെൺകുട്ടികൾ, 3 പേർ ആൺകുട്ടികൾ

ഗുരുതരമായ സ്ഥിതിവിശേഷം.

കുരച്ചുകൊണ്ട് വഴിയിൽ നില്ക്കുന്ന എല്ലാ പട്ടികളെയും എറിഞ്ഞോടിക്കാൻ നിന്നാൽ ഒരിക്കലും ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരില്ല. വിൻസ്റ്റന്റ് ചർച്ചിൽ പറഞ്ഞതാണ്. നമ്മുടെ സ്നേഹപൂർവമായ ഇടപെടലുകളിലൂടെ മാതൃകയിലൂടെ നമുക്ക് യുവജനങ്ങളിൽ എത്തിച്ചേരാനാകും.

രൂപാന്തരീകരണത്തിൽ മൂന്നുഘടകങ്ങൾ യേശുവിന്റെ ദൈവത്വത്തിന്റെ പ്രകാശനമായി കാണാം.

യേശുവിന്റെ രൂപത്തിലെ മാറ്റം

മോശ, ഏലിയ ഇവരുടെ സാന്നിദ്ധ്യം

സ്വർഗത്തിൽ നിന്നുള്ള സ്വരം

യേശുവിന്റെ മാനുഷികരൂപം സ്വർഗീയരൂപമായി. യേശുവിന്റെ വസ്ത്രശോഭ വർണനാതീതമാണ്. കല്ലറയുടെ മുമ്പിൽ കണ്ടയുവാവിന്റെ വസ്ത്രത്തിലും ഈ ശോഭതന്നെയാണ് കാണുന്നത്. ഇത് ഉത്ഥാനത്തിന്റെ അടയാളമാണ്. മനുഷ്യർ പലപ്പോഴും മറ്റുള്ളവരുടെ ബാഹ്യമോടികൾ തേടിപ്പോകുന്നവരാണ്. ഉള്ളിലെ നന്മയുടെ തിളക്കങ്ങൾ കണാതെ പോകുന്നു.

ജലോപതരിതലത്തിൽ നടക്കുന്ന യേശുവിന്റെ ചിത്രം ഉത്ഥാനത്തിന്റെ അടയാളമാണ്. അതുതന്നെയാണ് രൂപാന്തരീകരണത്തിലും കാണുക.

മൂന്നുശിഷ്യന്മാർ സാക്ഷികളുടെ യഹൂദപാരമ്പര്യം കാണിക്കുന്നു. പീഡാനുഭവങ്ങളിൽനിന്ന് യേശുവിനെ മാറ്റിനിർത്തുന്ന പത്രോസ് യേശുവിന്റെ സഹനത്തിന്റെ സത്യം അറിയേണ്ടതുണ്ട്. യാക്കോബ് ആദ്യത്തെ രക്തസാക്ഷിയും യോഹന്നാൻ സുവിശേഷത്തിന്റെ തൂലിക ചലിപ്പിക്കുന്നവനുമാണ്.

പത്രോസ് താബോറിനെ വിശുദ്ധമലയെന്നാണ് വിളിക്കുക (2 പത്രോ 1:18). ആ വിശുദ്ധിയുടെ ചാരുത ഒരു നിലാപെയ്ത്തുപോലെ കണ്ടു. കുളിരണിഞ്ഞി കണ്ണുകളാണല്ലോ അവന്റേത്. മോശയും ഏലിയായും ഇസ്രായേൽ ജനതക്ക് പറഞ്ഞറിയിക്കാനാവാത്തവിധം പ്രിയങ്കരരാണ്. ശിഷ്യന്മാർ മോശയെയും ഏലിയായെയും തിരിച്ചറിയുന്നതെങ്ങനെയാണ്? അത്, ദൈവികവെളിപ്പെടൽ തന്നെയാണ്. മോശയെയും ഏലിയായെയും യേശുവിനോട് തുലനം ചെയ്തുകൊണ്ട് കൂടാരം പണിയാമെന്ന് പത്രോസ് പറയുന്നതിലൂടെ വിശുദ്ധരുടെ വണക്കത്തിന് അടിസ്ഥാനം നല്കുന്നു. കൂടാരം വിശുദ്ധരുടെ സ്വർഗീയവാസത്തെ ഓർമിപ്പിക്കുന്നു. മോശയുടെ സമാഗമകൂടാരത്തെയും ഇത് സൂചിപ്പിക്കുന്നുണ്ട്. പുതിയപുറപ്പാടിന്റെ സമയം. സഖ 14:16-19ൽ ലോകത്തെ സകലരും ജറുസലേമിലെത്തി തിരുനാളാഘോഷിക്കുന്ന ദിനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. വലനിറയെ മീൻകിട്ടിയ പത്രോസ് ഈ അത്ഭുതം കണ്ടിട്ട് തന്നോടൊത്ത് കഴിയാൻ യേശുവിനോട് പറഞ്ഞില്ല. പാപിയാണെന്ന ബോധം അവനുണ്ടായിരുന്നു. ഇവിടെ കൂടാരം പണിയാം എന്നു പറയുന്ന പത്രോസിന് താൻ എന്താണ് പറയുന്നതെന്ന് ഒരു ബോധവുമില്ലായിരുന്നു.

പാപത്തിന്റെ രാത്രിയിലൂടെ പീഡാസഹനനാളിൽ പലരും കടന്നുപോകുന്നുണ്ട്. ഒറ്റിക്കൊടുക്കുന്ന യൂദാസ്, യേശുവിനെ തള്ളിപറയുന്ന പത്രോസ്, ഓടിപ്പോകുന്ന ശിഷ്യന്മാർ. പാപം ചെയ്യുന്ന അവസ്ഥയാണ് രാത്രി. പാപത്തിന്റെ രാത്രിയെ മറികടക്കാനാണ് യേശുവിന്റെ വെളിച്ചം തെളിക്കപ്പെടുന്നത്. അതാണ് താബോറിൽ കത്തിക്കപ്പെടുന്നത്. മലകയറുന്ന യേശുവിനെ തന്റെ രൂപാന്തരീകരണത്തെക്കുറിച്ച് നന്നായറിയാം.

ജ്യേഷ്ഠൻ വീട്ടുമുറ്റത്തൊരു മരത്തെ കൊണ്ടുവന്നു നട്ടു. ഞാവൽപ്പഴം ആണെന്നാണ് പറഞ്ഞത്. അല്പം വളർന്നുകഴിഞ്ഞപ്പോൾ അമ്മ പറഞ്ഞു ഇത് ഞാവൽപ്പഴമല്ല. ഇല കണ്ടിട്ട് റമ്പൂട്ടാൻ ആണെന്ന് തോന്നുന്നു. ചേച്ചി പറഞ്ഞു അത് ജാമ്പക്കയാണെന്ന്. എന്നാൽ ഞാൻ മരത്തെ അടിമുടിനോക്കി. ഒരിലയെടുത്ത് ചവച്ചുനോക്കി. വല്ലാത്തൊരു ചവർപ്പ്, ഇതൊരു പാഴ്മരമാണ്, ഇതിൽ കായ്കൾ ഒന്നും ഉണ്ടാകില്ല. ചാച്ചന്റെ അഭിപ്രായം എന്തുമരമായാലും അതവിടെ നില്ക്കട്ടെ എന്നതായിരുന്നു.

ഏതായാലും അത്രയൊക്ക പറഞ്ഞതല്ലേ, മരത്തിന് വല്ല മാറ്റവുമുണ്ടോ എന്നു ഞാൻ അടുത്തദിവസം ചെന്നുനോക്കി. അതിന് ഒരു വാട്ടവുമില്ല. മാത്രമല്ല പുതിയ ചില ചില്ലകൾ കൂടിവന്നു.

മരം വളർന്നു കഴിഞ്ഞപ്പോൾ രാത്രിയായാൽ പക്ഷികൾവന്ന് ചേക്കേറാൻ തുടങ്ങി. പകൽ നല്ലവെയിലുള്ളപ്പോൾ ഞാൻ അതിന്റെ ചുവട്ടിൽ കട്ടിൽകൊണ്ടുവന്നിട്ട് ഇളംകാറ്റേറ്റ് ഉറങ്ങുന്നതും പതിവായി.

വർഷങ്ങൾ കടന്നുപോയി. ഒരുദിവസം അമ്മ വിളിച്ചുപറഞ്ഞു. 'ദേ നമ്മുടെ മരം കായ്ച്ചു.' എന്നിട്ടും അതെന്താണെന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല. കാത്തിരിപ്പിനൊടുവിൽ കായ്കൾ പഴുത്തു. പറിച്ചെടുത്തു കഴിച്ചുനോക്കി. പനിനീർ ചാമ്പക്ക.

ആരുംകാണാതെ ഞാൻ മരത്തോട് ചോദിച്ചു. ഞങ്ങൾ ഇത്രയൊക്കെ പറഞ്ഞിട്ടും വീണുപോകാതിരുന്നതെന്തുകൊണ്ടാണ് നീ? മറുപടി എന്നെ അത്ഭുതപ്പെടുത്തി.

ഞാൻ ആരാണ് എന്ന് എനിക്കറിയാമായിരുന്നു. നിങ്ങളുടെ വാക്കുകൾ എന്റെ വളർച്ചയക്ക് തടസ്സമായതേയില്ല. എന്നാൽ നിങ്ങളറിയാതെ എന്റെ ഇലകൾ സൂര്യപ്രകാശം സ്വീകരിച്ചു. വേരുകൾ വളവും വെള്ളവും. നിങ്ങൾ എന്നെ വിമർശിച്ചപ്പോഴും വെട്ടിക്കളയാൻ പറഞ്ഞപ്പോഴും ഞാൻതണൽ തന്നതോർമയില്ലേ. ചില പക്ഷികൾക്കെങ്കിലും അഭയം നല്കാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു.

ഞാൻ ആരാണെന്ന് തെളിയിക്കാൻ അന്നെനിക്കു കഴിയില്ലായിരുന്നു. ഒടുവിൽ എന്റെ ഫലം പുറപ്പെടുന്നതുവരെ ഞാൻ കാത്തിരുന്നു.

കാൽവരിയിൽ ഉപേക്ഷിക്കപ്പെട്ടമരമായിരുന്നു ക്രിസ്തു. അത് ജീവിന്റെ വൃക്ഷമാണെന്ന് നാം തിരിച്ചറിഞ്ഞു. ആ തണൽ തന്നെയാണ് നമ്മെ വെയിലിൽ വാടാതെ കാക്കുന്നത്. ആ ഫലങ്ങളാണ് നാം ജീവഭോജ്യമാക്കി മാറ്റുന്നത്. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

നോമ്പുകാലം മൂന്നാം ഞായർ (മാർച്ച് 24)

# ബേർല്ഹായ്റോയ്

പുറ. 17 : 3-7 | റോമ. 5 : 1-2, 5-18 | യോഹ. 4:5-42

ദാഹമാണ് ഏതൊരു മനുഷ്യനും വിശപ്പിനേക്കാൾ ഏറെ തീവ്രകരമായ അനുഭവം. പഞ്ചേന്ദ്രിയങ്ങളാണ് മനുഷ്യൻ ജീവിതാന്ത്യം വരെ അനുഭവിക്കേണ്ടിവരുന്ന ശാരീരിക ദാഹങ്ങളിൽ ഏറ്റം പ്രധാനം. കണ്ണിനു കാണാനും കാതിനു കേൾക്കാനും ത്വക്കിന് സ്പർശിക്കാനും സ്പർശിക്കപ്പെടാനും മൂക്കിന് ഗന്ധമാസ്വദിക്കാനും നാവിന് രുചിക്കാനും പ്രകൃത്യാ തന്നെ ദാഹമുണ്ട്.

*'മനുഷ്യന്റെ കണ്ണുകൾ ഒരിക്കലും സംതൃപ്തമാകുന്നില്ല'* എന്ന് തിരുവചനം മുന്നറിയിപ്പു തരുന്നുണ്ട് (സുഭാ. 27:20). ഇന്ദ്രിയങ്ങളിലെ ദാഹങ്ങളുമായി ബന്ധപ്പെട്ടതാണ് മൂലപാപങ്ങളെല്ലാം തന്നെ. അസൂയ, ജഡി

കാസക്തി, ദ്രവ്യാഗ്രഹം, കൊതി തുടങ്ങിയവ മനസ്സിൽ പ്രവേശിക്കുന്നത് പഞ്ചേന്ദ്രിയങ്ങളാകുന്ന കവാടങ്ങളിലൂടെയാണ്. ഈ അഞ്ചു കവാടങ്ങളിലൂടെ ഉള്ളിൽ വരുന്നവയെ വേണ്ട വിധം നിയന്ത്രിക്കാനാകുന്നവന് സ്വയം ജയിക്കാനാകുന്നു. ഇന്ദ്രിയങ്ങളിലെ ദാഹം ശമിപ്പിക്കാൻ മാത്രമായി ജീവിതത്തെ ചുരുക്കിക്കളയുന്നവരുമുണ്ട്.

യാക്കോബിന്റെ കിണറ്റിൻ കരയിൽ വച്ച് യേശു കണ്ടുമുട്ടിയ പെൺകുട്ടി ഇന്ദ്രിയദാഹങ്ങളിൽ അഭിരമിച്ചു നടന്നവളായിരുന്നു എന്നു സൂചനയുണ്ടല്ലോ. അഞ്ചു ഭർത്താക്കന്മാർ അഞ്ച് ഇന്ദ്രിയങ്ങളെ പ്രതിനിധാനം ചെയ്യുന്നുവെന്നു കരുതുന്ന ആത്മീയാചാര്യന്മാരുണ്ട്. നട്ടുച്ചയ്ക്ക്, ആരും ഇല്ലാത്ത സമയം നോക്കി കുടവുമേന്തി കിണറ്റുകരയിലെത്തിയ അവൾ ദാഹം ശമിക്കാത്തവളാണെന്നതിൽ തർക്കമില്ല. ഇന്ദ്രിയങ്ങളെ സ്പർശിക്കാത്ത ചില ദാഹങ്ങൾ തീർക്കലാണ് യഥാർത്ഥ ജീവിത നിയോഗമെന്ന് വെളിപ്പാടു ലഭിച്ചപ്പോൾ ആ പെൺകുട്ടി ശൂന്യമായ കുടവും ഗുരുവിന്റെ പാദന്തികങ്കൽ വച്ച് പട്ടണത്തിലേക്കോടുന്നുണ്ട്. തന്നേപ്പോലെ ഇനിയും ദാഹം ശമിക്കാത്ത അനേകരെ ജീവജലത്തിന്റെ ഉറവയിലേക്കെത്തിക്കുക എന്നതാണ് ഇനി അവൾ ജീവിത നിയോഗമായി സ്വീകരിക്കുന്നത്. അന്നുവരെ കണ്ടുമുട്ടിയ പുരുഷന്മാരെല്ലാം അവളുടെ ഇന്ദ്രിയദാഹങ്ങൾ മാത്രം ശമിപ്പിക്കുന്നവരായിരുന്നു. എന്നാൽ തന്റെ ആത്മീയ ദാഹത്തെ ശമിപ്പിക്കുന്ന പുരുഷനെയാണല്ലോ അവൾ ക്രിസ്തുവിൽ കണ്ടെത്തിയത്. *'ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല'* (യോഹ.4 :14) എന്ന് ക്രിസ്തു അവളോട് വെളിപ്പെടുത്തുന്നുണ്ട്.



സത്യത്തിനുവേണ്ടി, സ്നേഹത്തിനുവേണ്ടി, അംഗീകാരത്തിനുവേണ്ടി, നീതിക്കുവേണ്ടി ഒക്കെയുള്ള ദാഹങ്ങൾ മനസ്സിനോടു ബന്ധപ്പെട്ടുനിൽക്കുന്നവയാണ്. എന്നാൽ സൃഷ്ടികളിലൊന്നിലും ഇവയുടെ പൂർണത കണ്ടെത്താനാകാത്ത മനസ്സ് പൂർണ്ണതയേയും സ്നേഹത്തെയും തിരയുന്നുണ്ട്. *'അസതോമാ സദ്ഗമയാ!'* എന്നു തുടങ്ങുന്ന പ്രാർത്ഥന ഏതൊരു സുമനസ്സിന്റെയും ഈ തീവ്രദാഹത്തെ വെളിപ്പെടുത്തുന്നു

സത്യത്തിനുവേണ്ടി, സ്നേഹത്തിനുവേണ്ടി, അംഗീകാരത്തിനുവേണ്ടി, നീതിക്കുവേണ്ടി ഒക്കെയുള്ള ദാഹങ്ങൾ മനസ്സിനോടു ബന്ധപ്പെട്ടുനിൽക്കുന്നവയാണ്. എന്നാൽ സൃഷ്ടികളിലൊന്നിലും ഇവയുടെ പൂർണത കണ്ടെത്താനാകാത്ത മനസ്സ് പൂർണ്ണതയേയും സ്നേഹത്തെയും തിരയുന്നുണ്ട്. *'അസതോമാ സദ്ഗമയാ!'* എന്നു തുടങ്ങുന്ന പ്രാർത്ഥന ഏതൊരു സുമനസ്സിന്റെയും ഈ തീവ്രദാഹത്തെ വെളിപ്പെടുത്തുന്നു. സർവ്വവും ക്ഷമിക്കുന്ന, സർവ്വം സഹിക്കുന്ന, സകലത്തേയും അതിജീവിക്കുന്ന സ്നേഹത്തിന്റെ പൂർണ്ണത (1 കോറി 13:7) ഒടുക്കം ഒരുവൻ കണ്ടെത്തുന്നത് സ്നേഹം തന്നെയായ ദൈവത്തിലാണ്.

എന്നാൽ, ജീവജലത്തിന്റെ ഉറവയായ തമ്പുരാനെ ഉപേക്ഷിക്കുകയും ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുത്തുകയും ചെയ്യുന്നു (ജറ.2:13) എന്നതാണ് മനുഷ്യജീവിതത്തിലെ വൈരുദ്ധ്യം. വ്യക്തികളിലും സമ്പത്തിലും ജോലിയിലും ലഹരികളിലും ജഡികസുഖങ്ങളിലും പൊട്ടക്കിണറുകൾ കുത്തി സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ മനസ്സു ദുർബലമാക്കി (ലൂക്കാ 21 :34 ) ജീവിക്കുന്ന അനേകരുണ്ടല്ലോ.

മരുഭൂമിയിൽ ഒരു നീരുറവയിൽ വച്ചാണ് സാറായെ ഭയന്നോടിയ ഹാഗാർ ദൈവത്തെ കണ്ടുമുട്ടുന്നത് (ഉത് 16:7) *'ഹാഗാറേ, നീ എവിടെ നിന്നു വരുന്നു? എവിടേക്കു പോകുന്നു?'* എന്നാണ് അവൾ നീരുറവയിൽ അഭിമുഖീകരിച്ച ചോദ്യം. അവളുടെ ഉറവിടത്തെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചുമുള്ള അടിസ്ഥാനപരമായ ഈ ചോദ്യത്തിന് ഉത്തരം കിട്ടിക്കഴിഞ്ഞപ്പോൾ ഈ നീരുറവയ്ക്ക് ഹാഗാർ *'ബേർല്ഹായ്റോയ്'* എന്നു പേരിടുന്നു. *'എന്നെ കാണുന്നവനായ ദൈവത്തെ ഞാനും ഇവിടെ വച്ചു കണ്ടു'* എന്നാണിതിനർത്ഥം. ജീവിത പ്രതിസന്ധികളിലേക്ക് ധൈര്യസമേതം അവൾ തിരികെപ്പോകുന്നു.

ഉറവയിൽ നിന്നു കുടിച്ചവർക്കേ ദാഹശമനമുണ്ടാകൂ. ദാഹിക്കുന്നവന് ജീവജലത്തിന്റെ ഉറവയിൽ നിന്ന് സൗജന്യമായി കൊടുക്കാൻ തയ്യാറാണു തമ്പുരാൻ (വെളി. 21:6) ഉറവയിങ്കൽ വരണമെന്നു മാത്രം.

ഒരു തിരുനാളിന്റെ മഹാദിനത്തിൽ ദൈവാലയത്തിൽ എഴുന്നേറ്റുനിന്ന് ഒരുവൻ ഉച്ചത്തിൽ വിളിച്ചു പറയുന്നതു കേൾക്കൂ: *'ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ എന്റെ അടുത്തു വന്നു കുടിക്കട്ടെ: എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വി. ലിഖിതം പ്രസ്താവിക്കുന്നതു പോലെ ജീവജലത്തിന്റെ അരുവി ഒഴുകും'* (യോഹ.7:37). മനുഷ്യന്റെ സർവ്വദാഹങ്ങൾക്കും തമ്പുരാൻ കൊടുത്ത ഉത്തരമാണ് ക്രിസ്തു. മനുഷ്യാത്മാവ് ദൈവത്തിനുവേണ്ടി ദാഹിക്കുന്നതിന്റെ നൂറുമടങ്ങ് തീവ്രതയോടെ ദൈവം മനുഷ്യനുവേണ്ടി ദാഹിക്കുന്നുണ്ടെന്ന് തെളിയിക്കാനാണ് കുരിശിൽക്കിടന്നു പുളയുമ്പോഴും അവൻ *'എനിക്കു ദാഹിക്കുന്നു'* (യോഹ.19 :28) എന്നു പറയുന്നത്. ചുണ്ടു നനച്ചാൽ മാറാത്ത ഹൃദയ ദാഹമായിരുന്നു അവന്റേത് എന്നതിനാലാണ് കയ്പുനീരു വച്ചു നീട്ടിയപ്പോൾ അവനത് കുടിക്കാതിരുന്നത്.

ഒടുക്കം, കുത്തിത്തുറക്കപ്പെട്ട അവന്റെ തിരുവിലാവിൽനിന്ന് ഏതാനും തുള്ളി നീർക്കണങ്ങൾ ഒഴുകിയിറങ്ങി. കുരിശിന്റെ ചുവടാണ് ഇനി നിത്യജീവന്റെ ഉറവിടം. കുരിശിൻ ചുവട്ടിലെത്തിനില്ക്കുന്ന ആരുടെയും സർവ്വദാഹങ്ങളും ശമിക്കും. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# സീലോഹാ

1 സാമു. 16: 1b, 6-7. 10-13a | എഫേ. 5:8-14 | യോഹ. 9: 1-41

ഏഴ് അടയാളങ്ങളിൽ ആറാമത്തേതാണ് ഇന്നത്തെ സുവിശേഷഭാഗം. കൂടാരത്തിരുന്നാളിന്റെ പശ്ചാത്തലത്തിലാണ് അന്ധനു കാഴ്ച നൽകുന്ന സംഭവം രേഖപ്പെടിത്തിയിരിക്കുന്നത്. ദൈവാലയാങ്കണത്തിൽ നാലു വലിയ തിരിക്കാലുകൾ തെളിയിച്ച് ദൈവാലയാങ്കണത്തെ പ്രകാശമാനമാക്കുന്ന പശ്ചാത്തലത്തിൽ, താൻ ലോകത്തിന്റെ പ്രകാശമാണെന്ന് യേശു പ്രഖ്യാപിച്ചത് (8,12) ഉറപ്പിക്കുകയാണ് യേശു ഇവിടെ ചെയ്യുന്നത്.

ഇന്നത്തെ വചനഭാഗം നമുക്ക് പറഞ്ഞു തരുന്നത് അന്ധന് കാഴ്ച കിട്ടിയ കാര്യമാണ്. അന്ധത എന്ന കുറവിനെ പരിപൂർണ്ണമായി മാറ്റിയ യേശുവിന്റെ നയം ഇന്ന് നമുക്ക് വചനത്തിൽ കാണാം. നാല് പ്രവർത്തികളിലൂടെയാണ് അന്ധന് സൗഖ്യം ലഭിക്കുന്നത്. നാലും പ്രധാനപ്പെട്ട കാര്യങ്ങളാണ്. നാലിനും നമ്മുടെ ജീവിതവുമായി ബന്ധവുമുണ്ട്.

## 1. ഈശോ നിലത്ത് തുപ്പി:

*'സൂപ്പിനകത്ത് തുപ്പുക'* എന്ന തന്ത്രം മനശാസ്ത്രത്തിലുണ്ട്. രോഗിക്ക് ഇഷ്ടപ്പെട്ടതും അപകടകാരിയുമായ ഒന്നിനോടുള്ള ആസക്തി മാറ്റുന്നതിനുള്ള തന്ത്രമാണിത്. നാം ആസ്വദിച്ച് ഭക്ഷിച്ച് കൊണ്ടിരിക്കുന്നവയിൽ ആരെങ്കിലും കാർക്കിച്ച് തുപ്പിയാൽ നമുക്ക് ആ പ്രിയപ്പെട്ട ആഹാരത്തോട് അറപ്പു തോന്നും.

ദൈവം നമ്മുടെ ജീവിതമാകുന്ന സൂപ്പിനകത്ത് തുപ്പുന്ന പലയവസരങ്ങൾ ഉണ്ട്. പല വ്യക്തികളിലൂടെയും സാഹചര്യങ്ങളിലൂടെയും അത് സംഭവിക്കാം. ഈയവസരങ്ങളിൽ പരിഭവിക്കാതെ നമ്മുടെ ജീവിതങ്ങളെ പുനഃപരിശോധിക്കണം.

ഈമണ്ണിനോടും ലോകത്തോടും അനുരൂപരാകാതെ ജീവിക്കാനും ഈ മണ്ണിന്റെ മോഹങ്ങളുടെ ചെളിക്കുഴിയിൽ പന്നികളെപ്പോലെ തലതാഴ്ത്തി നില്ക്കാതെ ഉന്നതങ്ങളിലുള്ളവയെ ലക്ഷ്യമാക്കി യാത്ര ചെയ്യാനും ഓർമ്മപ്പെടുത്തുകയാണ്.

## 2. ഈശോ ചെളിയുണ്ടാക്കി

ദൈവം മനുഷ്യജീവിതത്തിലിടപെടുന്നത് സാധാരണരീതിയിലാണ്. നിലത്ത് തുപ്പി ചെളിയുണ്ടാക്കുന്ന ദൈവം, അസാധാരണ രീതിയിൽ ദൈവീക ഇടപെടൽ പ്രതീക്ഷിക്കുന്നവർക്കുള്ള മറുപടിയാണ്.

നമ്മുടെ ദൈവം *'ഇമ്മാനുവേലാണ്'* - കൂടെ വസിക്കുന്നവൻ. അവൻ പലപ്പോഴും സൂപ്പർമാനെപ്പോലെ ഇടപെടാറില്ല. ഒരു കന്യകയിൽ വന്ന് നിറഞ്ഞ് ഏറ്റവും എളിയ പുൽക്കൂട്ടിൽ പിറന്ന്, സാധാരണ ജീവിതസാഹചര്യങ്ങളിലൂടെ അസാധാരണ ദൈവീകത വെളിപ്പെടുത്തുന്നവനാണവിടുന്ന്.

## 3. കണ്ണിൽ ചെളിപുരട്ടി

അന്ധനായവന്റെ കണ്ണിൽ ചെളിയുടെ ആവരണം അവനെ കൂടുതൽ ഇരുട്ടിലാക്കുന്നു.

പ്രകാശം കയറുവാനുള്ള എല്ലാ പഴുതുകളും അടയ്ക്കുന്ന ദൈവം, ലോകവുമായുള്ള എല്ലാ ബന്ധങ്ങളിൽ നിന്നും ഈ മനുഷ്യനെ വിഛേദിപ്പിക്കുന്നു. 'പറുദീസായുടെ കവാടം കണ്ടെത്തുന്നതിന് നാം നമ്മുടെ ഹൃദയത്തിന്റെ ഉള്ളറയിലേക്ക് തുളച്ച് കയറണം'. എന്ന് വി. ഐസക് ദി സിറിയൻ പറയുന്നു. ആന്തരിക പ്രകാശം കണ്ടെത്താൻ ഹൃദയാന്തരങ്ങളിലേക്ക് നാം ഇറങ്ങണം; ബാഹ്യനയനങ്ങളടയുമ്പോൾ ആന്തരിക പ്രാകശങ്ങൾക്ക് തിളക്കം കൂടും. ബാഹ്യമായ തടസ്സങ്ങൾക്കിടയിലും ആന്തരീകസ്വാതന്ത്ര്യം അനുഭവിച്ചവരാണ് വിശുദ്ധർ. ആത്മാവിന്റെ കനത്ത ഇരുണ്ട രാത്രികളിലൂടെ കടന്ന് പോയ കൽക്കട്ടയിലെ വി.മദർ തെരേസയും, വി. കൊച്ചു ത്രേസ്യയും,ആശ്രമത്തിന്റെ ഇരുണ്ട മുറികളിലകപ്പെട്ടപ്പോൾ, ആധ്യാത്മിക ഗാനങ്ങൾ രചിച്ച കുരിശിന്റെ വി. യോഹന്നാനും, വഴിയിൽ അന്ധനാക്കപ്പെട്ട പൗലോസും നമുക്ക് മാതൃകയാണ്.

ഇത്തരത്തിലുള്ള പ്രതിസന്ധികളിൽ തളരാതെ വിശുദ്ധരെപ്പോലെ കരുത്തരാകാൻ വി.തെർത്തുല്യന്റെ വാക്കുകൾ നമ്മെ ശക്തിപ്പെടുത്തട്ടെ, 'ഞങ്ങളെ പീഢിപ്പിക്കുക, ഞെരുക്കുക. എത്രയധികമായി ഞങ്ങളെ അമർത്തുന്നുവോ അത്രയധികം ഞങ്ങൾ വളരും, രക്തസാക്ഷികളുടെ നിണമാണ് പുതിയ ക്രിസ്ത്യാനികളെ ജനിപ്പിക്കുന്ന വിത്ത്.'

## 4. സീലോഹായിൽ കഴുകുന്നു

- *'സീലോഹാ'* എന്നാൽ *'അയക്കപ്പെട്ടവൻ'* എന്നർത്ഥം. ദൈവത്തിൽ നിന്ന് അയയ്ക്കപ്പെട്ടവനായ ഈശോയിൽ നമ്മുടെ അടയ്ക്കപ്പെട്ട കണ്ണുകളെ, പ്രതിസന്ധിയിലിരിക്കുന്ന ജീവിതങ്ങളെ കഴുകി വിശുദ്ധീകരിക്കുമ്പോൾ, സാന്ത്വനത്തിന്റെ, സൗഖ്യത്തിന്റെ കുളിർമ ലഭിക്കും. ഹൃദയം ഉരുകി വരുന്ന അനുതാപത്തിന്റെ ജലത്തിൽ നമ്മെ കഴുകുമ്പോൾ പരിശുദ്ധത്മാവിന്റെ കൃപകൾ നമുക്ക് ലഭിക്കും. നമ്മുടെ ജീവിതത്തിലെ സാധാരണ സംഭവങ്ങളിലൂടെ കടന്നുവന്ന് നമ്മെ അനുഗ്രഹിച്ച് കടന്ന് പോകുന്ന അവിടുത്തെ മനസിലാക്കാനാവാത്ത നാം കാഴ്ചയുള്ള 'അന്ധരായി' മാറിയിരിക്കുകയാണ്.

ഇന്ന് ഒരു വശത്ത് വിശ്വാസം വളരുമ്പോൾ, മറുവശത്ത് വിശ്വാസികളും അന്ധതയിലേക്ക് കൂപ്പു കുത്തുന്നു. ഈ അന്ധന് ഭൗതീകമായ കാഴ്ചയോയോടൊപ്പം ഉൾക്കാഴ്ചയും ലഭിക്കുന്നു. അതുപോലെ നമുക്കും കാഴ്ചയോടൊപ്പം ഉൾക്കാഴ്ചകളും സ്വീകരിക്കാം. ■



# വചനജ്വാല



2019 ഏപ്രിൽ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# ത്യാഗപൂർണമായ കുരിശിന്റെ വഴിയിലൂടെ പ്രത്യാശയാർന്ന ഉത്ഥാന പുലരിയിലേക്ക്

## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/ നാഥ

## 3. ആമുഖം

മാർച്ച് മാസം 6-ാം തീയതി വിഭൂതി ബുധനാഴ്ച നെറ്റിയിൽ ചാരം പൂശിക്കൊണ്ട് കാർമ്മികൻ ഉരുവിട്ട "മനുഷ്യാ നീ പൊടിയാകുന്നു, പൊടിയിലേക്ക് പിന്തിരിയും" എന്ന ജീവിത യാഥാർത്ഥ്യം അനുസ്മരിച്ചുകൊണ്ട് നാം തപസുകാലത്തിന് തുടക്കം കുറിച്ചു. ഏപ്രിൽ മാസത്തിൽ തപസുകാലത്തിന്റെ സുപ്രധാന ദിനങ്ങളിലേക്ക് നാം പ്രവേശിക്കുകയും ക്രിസ്തുവിന്റെ ഉത്ഥാന മഹോത്സവത്തിന് ഏറ്റവും അടുത്ത് ഒരുങ്ങുകയുമാണല്ലോ. തപസുകാലം നമ്മെ സംബന്ധിച്ചിടത്തോളം വൈകാരികമായി ഏറ്റവും അടുപ്പവും പ്രാധാന്യവുമുള്ള നാളുകളാണ്. നോമ്പുകാലത്തിന്റെ യഥാർത്ഥ ചൈതന്യവും അവയുടെ ഉദ്ദേശലക്ഷ്യങ്ങളും ഉൾക്കൊള്ളുമ്പോഴാണ് യോഗ്യതയോടെ ഈ നാളുകൾ അനുഷ്ഠിക്കുവാനും അവ ഫലദായകമാക്കുവാനും നമുക്കു സാധിക്കുക.

തപസ് കാലം അനുഷ്ഠിക്കുന്നതിന്റെ ലക്ഷ്യം ആരാധാന സംവത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷമായ യേശുവിന്റെ ഉത്ഥാന മഹോത്സവത്തിന് നമ്മെ ഒരുക്കുക എന്നതാണ്. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നീ പുണ്യ അഭ്യാസങ്ങളിലൂടെ യേശുവിന്റെ പീഡാനുഭവങ്ങളെ പ്രത്യേകമായി ധ്യാനിച്ചുകൊണ്ട് ജീവിതത്തിൽ അവശ്യം വേണ്ടുന്ന പരിവർത്തനത്തിന്, മാനസാന്തരത്തിന് സ്വയം വിധേയമായിക്കൊണ്ട് പ്രതീക്ഷയുടെ, സമാധാനത്തിന്റെ, ഉത്തരവാദിത്ത നിർവ്വഹണത്തിന്റെ ഉത്സവമായ ഉയിർപ്പ് തിരുനാളിനായി നാം ഒരുങ്ങണം. അതിനാൽ ഈ മാസത്തെ കുടുംബകൂട്ടായ്മയോഗത്തിൽ നാളിതേവരെയുള്ള നമ്മുടെ തപസ് അനുഷ്ഠാനം, ഉത്ഥാന മഹോത്സവത്തിനായുള്ള ഒരുക്കം എങ്ങനെ ആയിരുന്നുവെന്നും, ശേഷിക്കുന്ന നാളുകളിലെ ഒരുക്കത്തിന് ഏതൊക്കെ മേഖലകളിൽ പ്രത്യേക ശ്രദ്ധ നൽകണമെന്നും, ഉയിർപ്പ് തിരുനാളിന് അനുദിന ജീവിതത്തിലുള്ള പ്രായോഗിക സന്ദേശമെന്താണെന്നും നമുക്ക് ചിന്തിക്കാം.

## 4. യേശുവിനെ ക്ഷണിക്കൽ

ജീവിത പ്രതിസന്ധികളിൽ തളരാതെ, നിരാശരായി പിൻതിരിയാതെ, പ്രത്യാശയോടെ സധൈര്യം അഭിമുഖീകരിക്കുവാനുള്ള പ്രചോദനമേകി, പീഡാസഹനത്തിലൂടെയും കുരിശ് മരണത്തിലൂടെയും ഉത്ഥിതനായ യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**മർക്കോസ് 8:31-37.**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

സമാന്തര സുവിശേകന്മാർ, അതായത് മത്തായി, മർക്കോസ്, ലൂക്കാ എന്നിവർ യേശുവിന്റെ മരണത്തിനുമുമ്പായി തന്റെ ശിഷ്യഗണത്തോട് യേശു തന്റെ മരണത്തേയും ഉത്ഥാനത്തേയും കുറിച്ച് മൂന്നു പ്രാവശ്യം പ്രവചിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അതിലെ ഒന്നാമത്തെ പ്രവചനമാണ് നാം ഇപ്പോൾ ശ്രവിച്ചത്. ഈ പ്രവചനത്തിന്റെ പ്രാധാന്യവും സന്ദേശവും മനസിലാക്കുവാൻ ഇതിന്റെ ഏറ്റവും അടുത്ത പശ്ചാത്തലം മനസിലാക്കേണ്ടത് അത്യാവശ്യമാണ്. കേസറിയ-ഫിലിപ്പി പ്രദേശത്ത് വച്ചുള്ള പത്രോസിന്റെ വിശ്വാസ പ്രഖ്യാപനമാണത്. ചുറ്റും ക്ഷേത്രങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്ന, ജീവനില്ലാത്ത പ്രതിമകളെ ആരാധിക്കുകയും ബലിയർപ്പണം നടത്തുകയും ചെയ്യുന്ന കേസറിയ-ഫിലിപ്പി പ്രദേശത്ത് വച്ച് ഞാൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത് എന്ന യേശുവിന്റെ ചോദ്യത്തിന് ജനങ്ങളിൽ നിന്നും യേശുവിനെക്കുറിച്ച് കേട്ടറിഞ്ഞ അഭിപ്രായങ്ങളും അറിവുകളും ശിഷ്യന്മാർ പങ്കുവയ്ക്കുന്നു. തുടർന്ന് "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?" എന്ന യേശുവിന്റെ തീർത്തും വ്യക്തിപരമായ ചോദ്യത്തിന് "നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്'' എന്ന പത്രോസിന്റെ വിശ്വാസപ്രഖ്യാപ

നത്തെ തുടർന്നാണ് യേശുതന്റെ ഒന്നാമത്തെ പ്രവചനം നടത്തുന്നത്.

മത്തായിയുടെ ഭാഷ്യമനുസരിച്ച് യേശു ആരാണെന്നുള്ള പത്രോസിന്റെ വെളിപ്പെടുത്തലിനെ തുടർന്ന് യേശു പത്രോസിനെ പ്രശംസിക്കുമ്പോഴും സഭയുടെ പരമാധികാരം ഏല്പിക്കുമ്പോഴും ആ വെളിപാടിന്റെ ഉറവിടം പത്രോസിന്റെ ബുദ്ധിശക്തിയല്ല, പ്രത്യുത, ദൈവത്തിന്റെ കൃപയാണ് എന്ന് ഓർമ്മിപ്പിക്കുന്നു. സ്വയം അഹങ്കരിക്കാതെ ദൈവത്തിൽ കൂടുതൽ ആശ്രയിക്കുമ്പോൾ സ്വന്തം രക്ഷയ്ക്കും സമൂഹനന്മയ്ക്കും വളർച്ചയ്ക്കും ഉതകുന്ന കൂടുതൽ കാര്യങ്ങൾ ദൈവം വെളിപ്പെടുത്തിതരും എന്നു സാരം.

ഇവിടെ അഭികാമ്യമായൊരു ചോദ്യം, പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിൽ, വെളിപ്പെടുത്തലിൽ സന്തോഷം തളം കെട്ടിനിൽക്കുന്ന അന്തരീക്ഷത്തിൽ യേശു തന്റെ പീഡാനുഭവത്തെയും ഉത്ഥാനത്തെയും കുറിച്ച് പ്രവചിക്കുന്നതിന്റെ പ്രസക്തിയെന്ത് എന്നതാണ്. നാം ഇപ്പോൾ ശ്രവിച്ച വചനം ധ്യാനിക്കുമ്പോൾ നമുക്ക് മനസിലാകുന്ന കാരണങ്ങൾ ഇവയാണ്: 1) അമിതമായി സന്തോഷിച്ച് ആത്മപ്രശംസ നടത്തി അഹങ്കരിക്കാതിരിക്കാൻ; 2) ക്രിസ്തുശിഷ്യന്റെ വിളിയേയും ദൗത്യത്തേയും കുറിച്ച് അനുസ്മരിപ്പിക്കാൻ; 3) ക്ഷണികവും ആകസ്മികവുമായ പ്രലോഭനങ്ങളിൽപ്പെട്ട് കർമ്മത്തിൽ നിന്നും വ്യതിചരിക്കാതിരിക്കാൻ, ലക്ഷ്യത്തിൽ നിന്നും അകന്നു പോകാതിരിക്കാൻ; 4) പ്രതിസന്ധികളുടെ വേളയിൽ തളരാതെ, നിരാശരാകാതെ പ്രത്യാശയോടെ മരണത്തെ അതിജീവിച്ച് ഉത്ഥാനം ചെയ്ത യേശുവിൽ ശരണം പ്രാപിക്കാൻ.

യേശുവിന്റെ പീഡാനുഭവ-ഉത്ഥാന പ്രവചനങ്ങളോടുള്ള അപ്പസ്തോല പ്രമുഖനായ പത്രോസിന്റെ പ്രതികരണം പച്ചയായ മനുഷ്യന്റെ നേർചിത്രമാണ് വെളിപ്പെടുത്തുന്നത്. താൻ രക്ഷകനെന്ന്, മിശിഹായെന്നു ഏറ്റു പറഞ്ഞ ദൈവപുത്രനായ യേശുവിന്റെ പീഡാനുഭവവും മരണവും പത്രോസിന് ചിന്തിക്കാൻ പോലും കഴിയാത്തൊരു കാര്യമാണ്. തന്റെ കണക്കുക്കൂട്ടലുകൾ പാടെ തെറ്റുമെന്നു മാത്രമല്ല, വിശ്വാസ പ്രഖ്യാപനത്തെ തുടർന്ന് തന്നെ ഭരമേല്പിച്ച സഭയുടെ പരമാധികാരം പോലും അപ്രസക്തമാകുമെന്ന ഭയമാണ് യേശുവിന്റെ പീഡാനുഭവപ്രവചനങ്ങളോട് തടസ്സം പറയാൻ പത്രോസിനെ പ്രേരിപ്പിക്കുന്നത്. കൂടാതെ തെല്ലൊരു സ്വാർത്ഥതയും അതിൽ പ്രതിധ്വനിക്കുന്നുണ്ട്.

എന്നാൽ ഉത്തരവാദിത്തബോധവും കർമ്മധീരതയുമുള്ള ഒരു നേതാവിന്റെ ഹൃദയവികാരതയാണ് പത്രോസിന്റെ തടസ്സം പറച്ചിലിനോടുള്ള യേശുവിന്റെ മറുപടിയിൽ മുഴങ്ങിക്കേൾക്കുന്നത്: "സാത്താനേ, നീ എന്റെ മുമ്പിൽ നിന്നു പോകൂ. നിന്റെ ചിന്ത ദൈവീകമല്ല; മാനുഷികമാണ്". തുടർന്ന് യേശുനാഥൻ ഉത്ഥാനത്തിലേക്കുള്ള ക്രിസ്തു ശിഷ്യന്റെ ജീവിത വിജയത്തിന്റെ, കർമ്മസാക്ഷാത്ക്കാരത്തിന്റെ വഴിയെക്കുറിച്ച് പങ്കുവയ്ക്കുന്നു: "സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് തന്നെ അനുഗമിക്കുവാൻ'' ഉത്ഥാന വിജയത്തിന്റെ രഹസ്യം കുരിശിന്റെ വഴിയാണെന്ന് അവിടുന്ന് അസന്നിഗ്ദ്ധമായി തന്റെ ശിഷ്യന്മാരെയും ഒപ്പം നമ്മെയും പഠിപ്പിക്കുന്നു. നഷ്ടപ്പെടുത്തലിന്റെയും നേട്ടത്തിന്റെയും രഹസ്യം അവിടുന്നു പങ്കുവക്കുന്നു. തപസുകാലാചരണത്തിന്റെ പൊരുളും അതിന്റെ ലക്ഷ്യവും അവിടുന്ന് വിവരിക്കുന്നു.

പത്രോസിനെപ്പോലെ ത്യാഗമനുഷ്ഠിക്കാതെ, കുരിശിനെ ഒഴിവാക്കിക്കൊണ്ട് മഹത്വം അനുഭവിക്കുവാനുള്ള പ്രലോഭനം നമുക്കിടയിലും കൂടിവരുന്നു എന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ തപസ് അനുഷ്ഠാനം കുരിശിന്റെ ആദ്ധ്യാത്മികതയെ ധ്യാനിക്കുവാനുള്ള ക്ഷണമായി കാണാം. അപരന് ഭാരമായി തീരുന്നതോ, അവന്റെ സൽപ്പേര് നഷ്ടപ്പെടുത്തുന്നതോ, ദുർബലരെ ചൂഷണം ചെയ്യുന്നതോ, സ്വന്തം സുഖവും സൗകര്യവും വർദ്ധിപ്പിക്കുന്നതോ അല്ല കുരിശിന്റെ ആത്മീയത. കൂടെയുള്ളവരുടെയും ചുറ്റുമുള്ളവരുടെയും ഭാരം കുറക്കാൻ, എന്റെ സുഖവും സൗകര്യവും ത്യജിച്ചുകൊണ്ട് സന്തോഷത്തോടുകൂടിയുള്ള പരിത്യാഗമാണ് കുരിശിന്റെ രഹസ്യം. ഈ മാർഗ്ഗം സ്വീകരിക്കുമ്പോഴുണ്ടാകുന്ന ആത്മീയ നിർവൃതിയാണ് ഉത്ഥാനത്തിന്റെ സന്തോഷം. പ്രതിസന്ധികളുടെ മധ്യേയും പ്രതീക്ഷയുടെ പുലരി കാണുവാനുള്ള ഉൾവെളിച്ചമാണ് ഉത്ഥാനത്തിന്റെ സന്ദേശം. കുരിശിന്റെയും ഉയിർപ്പിന്റെയും അഭേദ്യമായ ബന്ധം കുടിക്കൊള്ളുന്നതും ഇവിടെയാണ്.

## 8. ചർച്ച

a. ഈ വർഷത്തെ നോമ്പാചരണം അർത്ഥവത്താക്കാൻ, ഫലപ്രദമാക്കാൻ നമ്മുടെ കുടുംബകൂട്ടായ്മയിലും ഇടവകയിലും ചെയ്യാവുന്ന പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ തീരുമാനിച്ച് നടപ്പിലാക്കുക.

b. മുൻ കാലങ്ങളെ അപേക്ഷിച്ച് തപസനുഷ്ഠാനത്തിൽ ഇപ്പോൾ വന്നിരിക്കുന്ന മാറ്റങ്ങൾ, പ്രധാനപ്പെട്ട തടസ്സങ്ങൾ ഏവ? അവ എങ്ങനെ തരണം ചെയ്യാം?

c. കുരിശിന്റെ വഴിയിൽ ഭക്തിപൂർവ്വം പങ്കെടുക്കുകയും യൂണിറ്റ് അടിസ്ഥാനത്തിൽ പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷ ഒരുക്കത്തോടും പ്രാർത്ഥനയോടും കൂടി ചെയ്യുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലേക്ക് പ്രവേശിച്ചുകൊണ്ട് പ്രതീക്ഷയുടെ സന്ദേശം നൽകുന്ന യേശുനാഥനോട് ജീവിതത്തിലെ നൊമ്പരങ്ങളും പ്രയാസങ്ങളും വിശ്വാസത്തിന്റെ ഉൾവെളിച്ചത്താൽ നേടിരുവാൻ വേണ്ട കൃപക്കായി നമുക്കു പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**

# ഏയ്ഞ്ചൽസ് ഹൈസ്കൂൾ, പൂവാർ



ഇളം തൂവൽ

## ഇവർ ചിറകുള്ള മാലാഖമാർ .....

**അ**ജ്ഞതയുടെ കൂട് തുറന്ന് വിദ്യാർത്ഥികൾ അറിവ് സ്വന്തമാക്കുന്നതും, തളിർത്ത ഹൃദയപുഷ്പങ്ങൾക്ക് ക്ലാസ്സ് മുറികൾ വിരുന്നൊരുക്കുന്നതും , ബാല്യത്തിന് തീക്ഷ്ണ സുഗന്ധമുണ്ടാകുന്നതും കലാലയങ്ങളാണ്. ഏയ്ഞ്ചൽസ് ഹൈസ്കൂൾ നാടിന് 'വിളക്ക് മരമായി' തീർന്നിട്ട് 30 വർഷങ്ങൾ പിന്നിടുകയാണ്. അവഗണിച്ചവരെ പരിഗണിച്ചുകൊണ്ട്, ഉയർന്ന വിദ്യാഭ്യാസത്തിലൂടെ പാവപ്പെട്ട പെൺകുട്ടികളെയും സാധാരണക്കാരെയും സമൂഹത്തിൽ മുൻനിരയിൽ എത്തിക്കുകയെന്ന വിശുദ്ധ ജോൺ ആണി ഫെറീനയുടെ സ്വപ്നങ്ങൾക്ക് ചിറകേകികൊണ്ട് ഡോറോത്യൻ സഭ ഏയ്ഞ്ചൽസ് ഹൈസ്കൂളിൽ അമരത്തുണ്ട്. 1989 ൽ പൂവാർ പ്രദേശത്തിന്റെ മുഴുവൻ പ്രതീക്ഷകൾക്ക് വിത്തുപാകിയ സുകൃതങ്ങൾ!!! അവ മുളച്ച് പൊങ്ങി ഇന്ന് ഒരു വടവൃക്ഷമായി ശോഭിക്കുമ്പോൾ നമുക്ക് അഭിമാനിക്കാം. ശാന്തതയോടെ ......ധീരതയോടെ .....യെന്ന മുദ്രാവാക്യവുമായി ഏയ്ഞ്ചൽസ് ഫാമിലി ചിറകടിച്ചുയരുകയാണ്.

കാലത്തിന് മുൻപേ സഞ്ചരിക്കാനുള്ള സാഹസികതയ്ക്ക്  ശ്രമിക്കുന്ന തലമുറ തളിരിടുമ്പോൾ മുന്തിയയിനം ചിന്തയും ഊർജ്ജവും അനിവാര്യമാണ്. ഈ എനർജി ഉത്തമപഠനാനുഭവത്തിലൂടെ നേടാൻ ഏയ്ഞ്ചൽസിൽ  ചുവട് വച്ച വിദ്യാർത്ഥികൾക്ക് കഴിയുന്നുയെന്നതിൽ തർക്കമില്ല .അറേബിയൻ സമുദ്രത്തിന്റെ മടിത്തട്ടിൽ പവിത്രമായ ദേവാലയസാമീപ്യത്തിൽ സകല മാലാഖാമാരുടെയും സംരക്ഷണത്തിൽ പാദങ്ങൾ ഊന്നി ആദ്യാക്ഷരം കുറിച്ച് അറിവിന്റെ വിസ്മയ ലോകത്ത് കുതിച്ചുയരുന്ന ഒരു കൂട്ടം വിദ്യാർത്ഥികൾ തന്നെയാണ് ഈ സ്കൂളിന്റെ സമ്പത്ത് . ദേശകാലങ്ങളെ അതിജീവിച്ച് എക്കാലവും പ്രകാശം പരത്തുന്ന ഐതിഹാസിക ജീവിതങ്ങളുടെ പരമ്പരയിൽ ഒരാളായി തീരാൻ ഏയ്ഞ്ചൽസിലെ വിദ്യാർത്ഥികൾക്ക് പ്രചോദനമേകുന്ന സന്ന്യാസ സമൂഹമാണ് ഡോറോത്യൻ സിസ്റ്റേഴ്സ്.



## നിറപകിട്ടേകുന്ന ദിനങ്ങൾ

വിദ്യാർഥികളിൽ രാജ്യത്തോടുള്ള കൂറും മമതയും വളർത്താൻ ഉതകുന്ന തരത്തിൽ സ്വാതന്ത്ര്യ ദിനാഘോഷവും ,ആവേശജനകമായ ശിശുദിനത്തിലെ വർണാഭമായ ഘോഷയാത്രയും പൂവാർ ഗ്രാമത്തിന്റെ ഭംഗി ഇരട്ടിപ്പിക്കുന്നു. ഓരോ ദിനവും നിറചാരുത കൂട്ടാൻ വിദ്യാർഥികളും അധ്യാപകരും കൈകോർക്കുമ്പോൾ ഏയ്ഞ്ചൽസ് പലപ്പോഴും ആഘോഷമധുരിമയിൽ അലയടിക്കുകയായി...

പുസ്തകങ്ങളുടെ വിപുലശേഖരണവുമായി ലൈബ്രറി, സജ്ജീകൃത സയൻസ് ,സോഷ്യൽ സയൻസ് ,മാത്സ്ബ ലാബുകൾ, അത്യാധുനിക സൗകര്യങ്ങളോടെ സ്മാർട്ട് ക്ലാസ്സ് മുറികൾ, കമ്പ്യൂട്ടർലാബ് ഇവയൊക്കെ പഠനത്തിന്റെ ആക്കം കൂട്ടുന്നു. നൃത്തം, സംഗീതം ,റോളർ സ്കേറ്റിങ്, റോബോട്ടിക്, കുങ്ഫ്യൂ, ബാൻഡ്, അബാക്കസ് തുടങ്ങിയ ക്ലാസ്സുകളിലൂടെ വിദ്യാർത്ഥികളിലെ വ്യത്യസ്ഥ നൈപുണികളെ വളർത്താൻ സാധിക്കുന്നു. സെമിനാറുകൾ, അവധികാല ക്യാമ്പുകൾ, പ്രോജെക്റ്റുകൾ, അസൈൻമെന്റുകൾ, പഠനയാത്രകൾ ഇവ പഠനത്തെ കാര്യക്ഷമമാകാൻ ഉതകുന്നു.

## നന്മമരം പൂത്തുലയുമ്പോൾ

വിശുദ്ധ ജോൺ ആണി ഫെറീനയുടെ നാമധേയത്തിൽ പ്രവർത്തിക്കുന്ന 'ഫ്രണ്ട്സ് ഓഫ് ഫെറീന' യുടെ പ്രവർത്തനങ്ങളിലൂടെ നിർദ്ദരരോടും ,പാവപ്പെട്ടവരോടും സഹാനുഭൂതിയും കാരുണ്യവും വിദ്യാർത്ഥികളിൽ മുളപ്പൊട്ടുന്നു . ഓഖിയും, പ്രളയവും കാരണം മഹാദുരിതത്തിലായവർക്ക് കൊച്ചു കരങ്ങളിലൂടെ വലിയ സഹായങ്ങൾ നൽകാൻ കഴിഞ്ഞു. പ്രത്യേകിച്ച് വെള്ളപ്പൊക്കത്തിൽ ,എല്ലാം നഷ്ടപ്പെട്ടവർക്ക് കൈതാങ്ങായി നല്ലൊരു തുക ശേഖരിച്ച് നൽകാൻ സാധിച്ചതിൽ ഞങ്ങൾക്ക് ചാരുതാർത്ഥ്യമുണ്ട്. മധുരം വാങ്ങി സ്വയം ആസ്വദിക്കാവുന്ന കുട്ടികൾ, അവർ ആ തുക ക്ലാസ്സിലെ നിധി കുടുക്കയിൽ ശേഖരിച്ച് പാവപെട്ടവർക്ക് നൽകുന്നു . ഇത്തരം പ്രവർത്തനങ്ങൾ കുട്ടികൾ വളരെ ഉത്സാഹത്തോടെ ചെയ്യുന്നുയെന്നത് എടുത്തു പറയേണ്ട ഒന്നാണ്. ധ്യാനം , കൗൺസിലിംഗ് തുടങ്ങിയവയിലൂടെ വിദ്യാർത്ഥികളിലെ കൊച്ചു കൊച്ചു പ്രശ്നങ്ങൾക്ക് പെട്ടെന്ന് ഉത്തരം കൊടുക്കാൻ കഴിയുന്നു. ഒക്ടോബർ മാസത്തെ ജപമാലയും, ആദ്യവെള്ളിയാഴ്ചയിലെ കുർബാനയർപ്പണവും ഒക്കെ ആത്മീയതയുടെ വെള്ളിവെളിച്ചത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നു. പഠനത്തോടൊപ്പം ആത്മീയ പരിപോഷണത്തിനും പ്രാധാന്യം നൽകുന്ന വിദ്യാലയമാണ് ഏയ്ഞ്ചൽസ്.



## വിടരുന്ന പൂമൊട്ടുകൾ

സ്കൂൾ ദിനങ്ങളെ അർത്ഥപൂർണമാക്കുന്ന ക്ലബ്ബുകൾ സ്കൂളിന്റെ നട്ടെല്ലാണ്. ഫലപ്രദമായ പ്രവർത്തനങ്ങളിലൂടെ പരിസരവും പരിസ്ഥിതിയം പഠനവിധേയമാക്കാനും പഠനം ജീവിതഗന്ധിയാക്കാനും കർമ്മശേഷിയോടെ പ്രവർത്തിക്കുന്ന മാത്സ് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ആർട്സ് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, ന്നിവയ്ക്കൊപ്പം വിദ്യാർഥികളിലെ സർഗ്ഗശേഷിവളർത്താൻ സഹായിക്കുന്ന വിദ്യാരംഗം കലാസാഹിത്യ വേദിയും പ്രവർത്തിക്കുന്നു. ഒപ്പം ഗാന്ധി ദർശൻ, റെഡ് ക്രോസ്സ്, സ്വച്ഛാ ഗ്രഹ, ശുചിത്വ സേന, ട്രാഫിക് ക്ലബ് എന്നിവയുടെ പ്രവർത്തനവും വിദ്യാർത്ഥികളിൽ ഉണർവും ഉന്മേഷവും ജനിപ്പിക്കുന്നു. ■



നേർക്കാഴ്ച

ജെ.സി



# നവോത്ഥാനമൂല്യങ്ങളും കേരളത്തിന്റെ ഭാവിയും

നമ്മൾ സത്യമെന്നും യാഥാർത്ഥ്യമെന്നും മൂല്യങ്ങളുമെന്നൊക്കെ പറയുന്നവ ജഡീഭവിച്ച് അന്ധകാരത്തിലേക്ക് വഴുതി പോകുന്ന ഘട്ടങ്ങളിലുണ്ടാകുന്ന പുതിയ ഉണർവാണ് നവോത്ഥാനമായി പ്രത്യക്ഷപ്പെടുന്നത്. ജീവിതത്തിന്റെയും അറിവിന്റെയും എല്ലാ മേഖലകളിലും പുതിയ ഉണർവുണ്ടാവുകയുമാണെങ്കിൽ അതാണ് നവോത്ഥാനം. നിലവിലുള്ളതിനെ നിഷേധിച്ചു കൊണ്ട് പുതിയതിലേക്ക് വരുന്നതാവാം. നവോത്ഥാനം എന്നത് ചരിത്രത്തിൽ ഒരിക്കൽ സംഭവിച്ച് ഇല്ലാതായ ഒരു പ്രവണതയോ പ്രസ്ഥാനമോ അല്ല. അത് യൂറോപ്പിൽ ഒരിക്കൽ സംഭവിച്ചതിൽ ഒന്നിന് നമ്മൾ കൊടുത്ത പേരാണ്. ഈ തരത്തിലുള്ള ഉണർവ്വുകൾ പലഘട്ടങ്ങളിൽ ലോകത്തിലുണ്ടായിട്ടുണ്ട്. ഇന്ത്യയിലുണ്ടായിട്ടുണ്ട് നമ്മുടെ കേരളത്തിലും.

ലോകത്തിന്റെ എല്ലാഭാഗങ്ങളിലും, ജനാധിപത്യസമൂഹം അതിന്റേതായ മുന്നേറ്റം നടത്തുന്നുണ്ട്. അതും ഒരു നവോത്ഥാന പ്രക്രിയയാണ്. നവോത്ഥാനം ഒരു മുന്നേറ്റമാണ്. അതിനെതിരായി പ്രതിരോധങ്ങളും കടന്നാക്രമണങ്ങളും രാഷ്ട്രീയതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. മെക്സിക്കോവിനും അമേരിക്കയ്ക്കും ഇടയിൽ മതിൽകെട്ടണം എന്ന ആവശ്യം കുടിയേറ്റക്കാർ അമേരിക്കയിലേക്ക് വരുന്നത് തടയുന്നതിനുള്ള മുദ്രാവാക്യമായിരുന്നു അത്. അന്ന് ഫ്രാൻസിസ് പാപ്പ പറഞ്ഞത് മനുഷ്യർക്കിടയിൽ മതിൽ കെട്ടുന്നത് ക്രിസ്തീയ ദർശനമല്ലയെന്നാണ്. മനുഷ്യരാശിയുടെ ചരിത്രം എടുത്ത് പരിശോധിച്ചാൽ പുതിയ സാഹചര്യത്തിനൊത്ത് മനുഷ്യന്റെ നന്മയെ വീണ്ടെടുക്കുന്നതിനും മനുഷ്യന്റേതായ ഒരു സമത്വാവസ്ഥയിലുള്ള പുതിയ ലോകം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പുതിയ പ്രസ്ഥാനങ്ങൾ ആഗോളതലത്തിൽ രൂപപ്പെടുന്നുണ്ട്.

കേരളം കഴിഞ്ഞ മൂന്നുമാസമായി ഏറ്റവും കൂടുതൽ ഉപയോഗിച്ചിട്ടുള്ള വാക്ക് നവോത്ഥാനം ആയിരിക്കും. പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിക്കുകയും ഇരുപതാം നൂറ്റാണ്ടിന്റെ പകുതികൊണ്ട് തീരുകയും ചെയ്തു എന്നുപറയുന്ന സാമൂഹിക പ്രതിഭാസത്തെ ഒറ്റയളവിൽ വിവക്ഷിക്കാൻ വേണ്ടിയാണ് നമ്മൾ നവോത്ഥാനം എന്ന വാക്ക് ഉപയോഗിക്കുന്നത്. നവോത്ഥാനത്തിന്റെ ഫലം ഓരോ സമുദായവും അനുഭവിച്ചത് ഒരുപോലെയല്ല. ചാന്നാർ ലഹള മാറുമറയ്ക്കാനുള്ള കലാപമായിട്ടാണ് ആരംഭിക്കുന്നത്. താഴ്ന്ന ജാതിക്കാരായ സ്ത്രീകൾക്ക് ഉയർന്ന ജാതിയിലെ സ്ത്രീകളെ പോലെ മാറുമറയ്ക്കുവാനുള്ള അവകാശത്തിനുവേണ്ടി നടത്തിയ സമരത്തിന് മിഷണറിമാരുടെ ശക്തമായ നേതൃത്വം ഉണ്ടായിരുന്നു. പള്ളിക്കൊപ്പം പള്ളിക്കൂടം ആരംഭിക്കുവാനുള്ള മിഷനറിമാരുടെ ശ്രമവും വിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിയ പുരോഗതിയും പലപ്പോഴും നവോത്ഥാനത്തിന്റെ ഭാഗമായി രേഖപ്പെടുത്താറില്ല. എല്ലാ വികസനവും വിദ്യാഭ്യാസത്തിൽ നിന്നാരംഭിക്കുന്നു എന്നൊരു നിരീക്ഷണമുണ്ട്. കേരള വികസനം അഥവാ നവോത്ഥാനം ആരംഭിക്കുന്നതും വിദ്യാഭ്യാസ പശ്ചാത്തലത്തിൽ നിന്നാണ്. കേരള നവോത്ഥാനത്തിന്റെ ചരിത്രവീഥിയിൽ ഒട്ടനവധി മഹാരഥന്മാരെ കാണാം. കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസ- ആത്മീയ മേഖലകളിൽ നവോത്ഥാനത്തിന്റെ കാഹളധ്വനി ഉണർത്തിയവരാണിവർ. അയ്യങ്കാളി, ശ്രീനാരായണഗുരു, വക്കം അബ്ദുൾഖാദർ മൗലവി, വി.ടി.ഭട്ടതിരിപ്പാട് തുടങ്ങിയവരുടെ സംഭാവനകൾ മറക്കാനാവില്ല. എങ്കിലും നവോത്ഥാന ശ്രമങ്ങളെ കേരള പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നവർ ഹൈന്ദവ-മത-ജാതി പരാമ്പര്യങ്ങളിൽ വന്ന മാറ്റത്തെ ഊന്നുകയും ഇതരമതിവിഭാഗങ്ങളുടെ സംഭാവനകളെ വിലകുറച്ചു കാണുകയും ചെയ്യുന്ന പ്രവണത പ്രബലമാണ്. പ്രത്യേകിച്ച് കേരള നവോത്ഥാനത്തിൽ മിഷണറിമാർ നൽകിയ സംഭാവന ഏറ്റവും വിലപ്പെട്ടതാണെന്ന കാര്യം വിസ്മരിക്കരുത്. നവോത്ഥാനമൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിന്റെ ഇന്നത്തെ അവസ്ഥ ഗൗരവപൂർവമായ പഠനവിഷയമാവണം. ■

# തപസ്സ് കാലം

**ക്രിസ്തുവിനോടൊപ്പം ആയിരിക്കാം...**

## പ്രാർത്ഥന



പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർഥിക്കുവിൻ. മത്തായി 26 : 41

പ്രാർത്ഥന ഒരിക്കലും വ്യഥാവിലാകില്ല - ഫ്രാൻസീസ് പാപ്പാ

**കുടുംബങ്ങളിൽ ഡിജിറ്റൽ ഫ്രീ ഫാമിലി ഔവർ പാലിക്കുക**

ദിവസം ഒരു മണിക്കൂർ മാധ്യമങ്ങളെല്ലാം ഒഴിവാക്കി **കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നു - പ്രാർത്ഥിക്കുന്നു... ഒരുമിച്ചിരുന്നു ഭക്ഷിക്കുന്നു... ഒരുമിച്ചിരുന്നു വിശേഷങ്ങൾ പങ്കുവയ്ക്കുന്നു...**

**ക്രിസ്തുവിനോടൊപ്പം ഒത്ത്ചേരാം... നമുക്ക് കുടുംബങ്ങളെ വീണ്ടെടുക്കാം...**

## പരിത്യാഗം



ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്. മത്തായി 25 : 40

ഓരോരുത്തരും വളരെ തിരക്കിലായതിനാൽ എല്ലാവരും സ്നേഹത്തിനായി ദാഹിച്ചിരിക്കുന്നു. മദർ തെരേസ

**കരുണാമയൻ, സാന്ത്വനം മംഗല്യം പദ്ധതികളിൽ പ്രാർത്ഥന കൊണ്ടും, സേവനം കൊണ്ടും, ധനം കൊണ്ടും പങ്കാളികളാവുക...**

**കരുണാമയൻ :** ഏവരാലും തിരസ്കരിക്കപ്പെട്ട് ഏകാന്തതയിലും അവശതയിലും കഴിയുന്നവർക്കുള്ള കാരുണ്യപദ്ധതി.

**സാന്ത്വനം മംഗല്യം :** നിർദ്ധന യുവതികൾക്കുള്ള വിവാഹ ധനസഹായം.

**നമുക്ക് ദൈവത്തിന്റെ കരങ്ങളായി മാറാം...**

## ഉപവാസം



നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. മത്തായി 23 : 11

അയൽക്കാരനെ ശുശ്രൂഷിക്കുന്നതാണ് യഥാർത്ഥ ഉപവാസം - ഫ്രാൻസീസ് പാപ്പാ

സമയം വിലയ്ക്ക് വാങ്ങാം... **കുടുംബപ്രേഷിത ശുശ്രൂഷയിൽ വോളന്റിയർ ആവുകവഴി മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യാനുള്ള അവസരം കൈവരിക്കാം...**

**വരുവിൻ അണിചേരാം കുടുംബങ്ങളെ പ്രാർത്ഥനയിൽ വീണ്ടെടുത്ത്, അവശരെ ശുശ്രൂഷിച്ച് ദൈവരാജ്യം സ്ഥാപിക്കാം...**


**MINISTRY OF FAMILY APOSTOLATE** LATIN ARCHDIOCESE OF TRIVANDRUM

ARCHBISHOP'S HOUSE COMPOUND, VELLEYAMBALAM, TRIVANDRUM

PH: 04712724001 , 9387296213 Email. familyministrytvm@gmail.com

Total Page 44
Pub. Date : 01.03.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto